# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

2018 നവംബർ | വാല്യം 45 ലക്കം 7 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 16 വില 5.00 രൂപ


## റഫേൽ വിമാന ഇടപാട്

# കേന്ദ്ര സർക്കാരിന്റെ അഴിമതിയുടെ ആഴം വ്യക്തമാക്കുന്നു

**റഫേൽ വിമാന ഇടപാടിലൂടെ രാജ്യത്തെ ഞെട്ടിച്ച മറ്റൊരു അഴിമതികൂടി പുറത്തുവന്നിരിക്കുന്നു. കോടികൾ മറിയുന്ന പ്രതിരോധ രംഗത്തെ ഇടപാടുകൾ ഗവൺമെന്റുകൾ മാറുമ്പോഴും അനുസ്യൂതം തുടരുകയാണ്. 2015-ൽ ഫ്രാൻസിൽ വച്ച്, ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിയും ഫ്രഞ്ച് പ്രസിഡന്റ് ഒളാന്ദേയും തമ്മിൽ അടച്ചിട്ട മുറിയിൽ നടത്തിയ കൂടിക്കാഴ്ച്ചക്കു ശേഷമാണ് ഇടപാട് രൂപപ്പെട്ടത് എന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. അന്ന് ഫ്രാൻസിലേക്കുള്ള പ്രധാനമന്ത്രിയുടെ യാത്രയിൽ പ്രതിരോധമന്ത്രിയോ വിദേശകാര്യമന്ത്രിയോ അദ്ദേഹത്തെ അനുഗമിക്കുകയുണ്ടായില്ല. അനിൽ അംബാനി മാത്രമാണ് കൂടെയുണ്ടായിരുന്നത്.**



കാലപ്പഴക്കമേറുന്ന റഷ്യൻനിർമിത യുദ്ധവിമാനങ്ങളെ മാറ്റി പുതിയവ വാങ്ങണം എന്ന ആവശ്യത്തെ മുൻനിർത്തി, വ്യാപകമായ ആഗോള തിരച്ചിലുകൾക്കും പരിശോധനകൾക്കും ശേഷം, 2012-ൽ ഇന്ത്യൻ വായുസേന ഫ്രാൻസിലെ ദസ്സോൾട്ടിന്റെ ഇരട്ട എഞ്ചിൻ റഫേൽ വിമാനവും യൂറോഫൈറ്റർ ടൈഫൂണും ഉൾപ്പെടുന്ന അന്തിമ പട്ടികക്കു രൂപം നൽകി. തുടർന്ന് അന്നത്തെ കോൺഗ്രസ് നേതൃത്വത്തിലുള്ള യുപിഎ സർക്കാർ, 126 യുദ്ധവിമാനങ്ങൾക്കുള്ള ടെൻഡർ പുറപ്പെടുവിക്കുന്നു. ഏറ്റവും കുറഞ്ഞ വില മുന്നോട്ടുവെച്ചതിനാൽ ഫ്രാൻസിലെ ദസ്സോൾട്ട് ഏവിയേഷനിൽ നിന്ന്, പറക്കാൻ തയ്യാറായ അവസ്ഥയിലുള്ള പുതിയ 18 വിമാനങ്ങൾ നേരിട്ടു വാങ്ങാനും, ശേഷിക്കുന്ന 108 വിമാനങ്ങൾ ഇന്ത്യയിൽ, ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ് (എച്ച് എ എൽ) എന്ന പൊതുമേഖലാ സ്ഥാപനത്തിൽ നിർമിക്കുവാനും ധാരണയായി. എന്നാൽ ഈ ധാരണ, ബിജെപി സർക്കാർ അധികാരത്തിലെത്തിയതോടെ ഉപേക്ഷിക്കപ്പെട്ടു. 2015-ൽ, തന്റെ ഫ്രാൻസ് സന്ദർശനവേളയിൽ, 36 റഫേൽ യുദ്ധവിമാനങ്ങൾ ഇന്ത്യക്കുലഭിക്കുന്ന തീർത്തും പുതിയൊരു ഇടപാട് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിക്കുന്നു. 2016 സെപ്റ്റംബറിൽ, ഇന്ത്യ-ഫ്രെഞ്ച് സർക്കാരുകൾ, ഇന്ന് റഫേൽ ഇടപാട് എന്ന് അറിയപ്പെടുന്ന, ഒരു സർക്കാർതല ഉടമ്പടിയിൽ ഒപ്പു വെക്കുന്നു. ഈ ഉടമ്പടി പ്രകാരം, ഉദ്ദേശം 7.8 ശതകോടി ഡോളർ, അഥവാ 59000 കോടി രൂപയ്ക്ക് 36 ദസ്സോൾട്ട് റഫേൽ ഇരട്ട എഞ്ചിൻ യുദ്ധവിമാനങ്ങൾ ഇന്ത്യ വാങ്ങും. ഉടമ്പടിയുടെ ഓഫ്സെറ്റ് ധാരണപ്രകാരം, ആകെ വിൽപ്പനമൂല്യത്തിന്റെ 50 ശതമാനം തുക, അതായത് ഏകദേശം 30000 കോടി രൂപ, ദസ്സോൾട്ട് പ്രാദേശിക കരാറുകൾ വഴി ഇന്ത്യയിൽ നിക്ഷേപിക്കണം. വാങ്ങുന്നവരുടെ രാജ്യത്തിൽ ഏതെങ്കിലും രൂപത്തിൽ, കരാർ തുകയുടെ ഒരു ഭാഗം നിക്ഷേപിക്കാൻ വിൽപ്പ

*(ശേഷം 5-ാം പേജിൽ)*



### മഹത്തായ നവംബർ വിപ്ലവത്തിന്റെ 101-ാം വാർഷികം സമുചിതം ആചരിക്കുക

1917ൽ സോവിയറ്റ് യൂണിയനിൽ അധികാരത്തിലേറിയ തൊഴിലാളിവർഗ്ഗം അദ്ധ്വാനിക്കുന്ന മറ്റ് ജനവിഭാഗങ്ങളുമായിച്ചേർന്ന് പുതിയൊരു സംസ്കൃതി പടുത്തുയർത്തി. മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന എല്ലാത്തരം ചൂഷണവും അവർ അവസാനിപ്പിച്ചു. ഭൗതികമായ ഉല്പാദനത്തെ മാത്രമല്ല, വിജ്ഞാനത്തെയും ശാസ്ത്രത്തെയും കലയെയുമെല്ലാം മുതലാളിത്ത ചൂഷണത്തിന്റെ നീരാളിപ്പിടുത്തത്തിൽനിന്ന് മോചിപ്പിച്ചുകൊണ്ട് മനുഷ്യന്റെ സർഗ്ഗശേഷിയെ കെട്ടഴിച്ചുവിട്ടു.

# വിപ്ലവ കർത്തവ്യബോധമുണർത്തിയ സംസ്ഥാന സമ്മേളനം

ജാർഖണ്ഡിൽ നടക്കുന്ന പാർട്ടിയുടെ മൂന്നാം കോൺഗ്രസ്സിന് മുന്നോടിയായി മൂന്നാം സംസ്ഥാന സമ്മേളനം ഒക്ടോബർ 12,13,14 തീയതികളിൽ തൃശൂരിൽ നടക്കുകയുണ്ടായി. 11 ജില്ലകളിൽ സമ്മേളനവും 2 ജില്ലകളിൽ കൺവൻഷനും വിജയകരമായി പൂർത്തിയാക്കിയതിനുശേഷമാണ് പാർട്ടിയൊന്നാകെ സംസ്ഥാന സമ്മേളനത്തിലേയ്ക്ക് നീങ്ങിയത്. പാർട്ടിയുടെ വർത്തമാനകാലത്തെ സംഘടനാപരമായ ആവശ്യകതകൾ നിറവേറ്റുക എന്ന മുഖ്യമായ ലക്ഷ്യം മുൻനിർത്തിയാണ് കേന്ദ്രക്കമ്മിറ്റി പാർട്ടി കോൺഗ്രസ്സും അതിനുമുന്നോടിയായുള്ള സമ്മേളനങ്ങളും വിളിച്ചുചേർത്തത്. ഒപ്പം, ദേശീയ-സാർവ്വദേശീയ സാഹചര്യത്തെ സംബന്ധിച്ചുള്ള പാർട്ടിയുടെ തീസിസുകൾ ഏറ്റവും കാലികമാക്കിക്കൊണ്ട് സമ്പന്നമാക്കുക എന്ന ലക്ഷ്യവും സമ്മേളനങ്ങൾക്കുണ്ട്. ഈ രണ്ട് ലക്ഷ്യങ്ങളും ഏറ്റവും വിജയകരമായി നിർവ്വഹിക്കാൻ എല്ലാ സമ്മേളനങ്ങൾക്കും വിശിഷ്യ, സംസ്ഥാന സമ്മേളനത്തിന് കഴിഞ്ഞു. സമ്മേളനം വിജയിപ്പിക്കാൻ വിശ്രമരഹിതമായി പ്രയത്നിച്ച നമ്മുടെ പാർട്ടി സഖാക്കളുടെ അച്ചടക്കവും സമർപ്പണവും തൃശൂർ നഗരത്തിലെയും ജില്ലയിലെ വ്യത്യസ്ത മേഖലകളിലെയും പാർട്ടിയുടെ അനുഭാവികളിലും അഭ്യുദയകാംക്ഷികളിലും വലിയ ആദരവ് ഉണർത്തുകയുണ്ടായി. വിപ്ലവകരമായ അച്ചടക്കവും കെട്ടുറപ്പും പ്രതിഫലിപ്പിച്ചുകൊണ്ട് ഒക്ടോബർ 12ന് തൃശൂർ നഗരത്തിൽ നടന്ന, നൂറുകണക്കിന് സഖാക്കൾ അണിനിരന്ന പ്രകടനം തൃശൂർ നഗരവാസികളിൽ പ്രതീക്ഷ ഉണർത്തി.




പൊതുസമ്മേളനത്തിന് മുന്നോടിയായി തൃശൂർ നഗരത്തിൽ നടന്ന പ്രകടനം

തൃശൂരിൽവച്ച് സംസ്ഥാന സമ്മേളനം നടത്താമെന്ന നിർദ്ദേശം എല്ലാ സഖാക്കളും ആവേശപൂർവ്വമാണ് ഏറ്റെടുത്തത്.

*(ശേഷം 2-ാം പേജിൽ)*


പേജ് 3 — ശബരിമല: കേരളത്തെ സംഘപരിവാർ കലാപഭൂമിയാക്കുന്നു.

പേജ് 8 — ആധാർ പദ്ധതി: മുതലാളിത്ത നിരീക്ഷണ സംവിധാനം

പേജ് 13 — നിർമ്മിത ബുദ്ധിയും റോബോട്ടിക്സും

പേജ് 16 — ദേശീയ ശാസ്ത്ര സമ്മേളനം

## മൂന്നാം സംസ്ഥാന സമ്മേളനം

# ഇടത് – ജനാധിപത്യ സമരനിര പടുത്തുയർത്തണം

(1-ാം പേജിൽ നിന്ന്)

തയ്യാറെടുപ്പുകൾക്ക് മതിയായ സമയം ലഭിക്കാനായി തൃശ്ശൂർ ജില്ലാ സമ്മേളനം ഏറ്റവും ആദ്യം നടത്തി. അതിന് മുൻപായി ദേശീയ സാർവ്വദേശീയ സാഹചര്യങ്ങളെക്കുറിച്ചുള്ള രണ്ട് രേഖകളുടെ പഠനത്തിൽ സഖാക്കളേവരും വ്യാപൃതരായി. കൂട്ടായ വായനയും ചർച്ചകളും നടത്തിക്കൊണ്ട്, തീസിസുകളുടെ ഉള്ളടക്കത്തെക്കുറിച്ച് വിശദമായ ധാരണ രൂപീകരിക്കുവാനും ഭേദഗതി നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുവാനും നിരവധി സഖാക്കൾക്കായി. ലോക്കൽ സമ്മേളനങ്ങൾ സഖാക്കളുടെ ഐക്യത്തിന്റെയും ചർച്ചകളിലൂടെ സജീവമായ പ്രത്യയശാസ്ത്ര സമരത്തിന്റെയും പ്രകാശനമായി മാറി. ആഗസ്റ്റ് 8ന് നടന്ന ജില്ലാ സമ്മേളനത്തിന് ശേഷം സംസ്ഥാന സമ്മേളനത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങാനിരിക്കെയാണ് സംസ്ഥാനത്തെ ജനജീവിതം താളംതെറ്റിച്ച പ്രളയമുണ്ടായത്. രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസ പ്രവർത്തനത്തിലും മെഡിക്കൽ ക്യാമ്പുകളിലും പൂർണ്ണമായി മുഴുകിയ പാർട്ടി സംഘടന ഒരു മാസം കഴിഞ്ഞാണ്, സമ്മേളന പ്രവർത്തനത്തിലേയ്ക്ക് തിരിച്ചുവന്നത്. പ്രളയാനന്തര സാഹചര്യത്തിന്റെ പ്രത്യേകതകളും ബുദ്ധിമുട്ടുകളും പരിഗണിച്ച്, കഴിയുന്നത്ര ചെലവുചുരുക്കി, പ്രകടനവും പൊതുസമ്മേളനവും പ്രതിനിധി സമ്മേളനവും മാത്രമായി നടത്താൻ തീരുമാനിച്ചു. വിപുലമായ നിലയിൽ സംഘടിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്ന കാൾ മാർക്സ് ജന്മശതാബ്ദി എക്സിബിഷനും സെമിനാറുകളും ഒഴിവാക്കാനും തീരുമാനിച്ചു.




പൊതുസമ്മേളനം എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗം സഖാവ് കെ.രാധാകൃഷ്ണ ഉദ്ഘാടനം ചെയ്യുന്നു. സഖാക്കൾ ആർ.കുമാർ, വി.വേണുഗോപാൽ, ജയ്സൺ ജോസഫ്, അമിതാവ ചാറ്റർജി, സുഭാഷ്ദാസ് ഗുപ്ത, ടി.കെ.സുധീർകുമാർ എന്നിവർ മുൻനിരയിൽ




പ്രതിനിധി സമ്മേളനം കേന്ദ്രസ്റ്റാഫ് അംഗം സഖാവ് അമിതാവ ചാറ്റർജി ഉദ്ഘാടനം ചെയ്യുന്നു

പ്രളയം ജനങ്ങളെ അമ്പരപ്പിക്കുകയും സാമ്പത്തികമായി തകർക്കുകയും ചെയ്തിരുന്നു. പക്ഷേ, നമ്മുടെ സമ്മേളനത്തെ രാഷ്ട്രീയ താൽപര്യത്തോടെതന്നെ സ്വീകരിക്കുവാനും പ്രോൽസാഹനങ്ങളും സംഭാവനയും തരാനും ജനങ്ങൾ തയ്യാറായി. നമ്മുടെ പ്രചാരണത്തിൽ, ജനകീയ സമരരാഷ്ട്രീയം ഉയർന്നുവരേണ്ടതിന്റെ അടിയന്തര ആവശ്യകത മുന്നോട്ടുവയ്ക്കപ്പെട്ടു. പ്രളയ സാഹചര്യത്തിൽ, ജാതി-മത-കക്ഷി-രാഷ്ട്രീയ ഭേദമെന്യേ തൊഴിലാളികളും സാധാരണക്കാരും ഒന്നിച്ചുനിന്നതിന്റെ രാഷ്ട്രീയ പാഠം വിശദീകരിക്കപ്പെട്ടു. കേരളത്തിൽ നവോത്ഥാനം സൃഷ്ടിച്ച മാനവ ഐക്യത്തിന്റെ അടിത്തറ എന്തെന്നും അതിന്റെ തുടർച്ച ജനകീയ സമരങ്ങളിലൂടെ എങ്ങിനെ സാധിക്കണമെന്നും നമ്മൾ ചൂണ്ടിക്കാട്ടി. ഇടത്-ജനാധിപത്യ വിശ്വാസികളിലും പ്രളയകാലത്ത് പ്രവൃത്തിയിലൂടെ മനുഷ്യസ്നേഹം തെളിയിച്ച ചെറുപ്പക്കാരടക്കം വലിയൊരു വിഭാഗം ജനങ്ങളിലും നമ്മുടെ പ്രചരണം ചലനമുണ്ടാക്കി. ഒക്ടോബർ 3 മുതൽ 6 വരെ ജില്ലയെമ്പാടുമായി നടന്ന വാഹന പ്രചരണ ജാഥയിൽ സഖാക്കൾ ടി.കെ.സുധീർകുമാർ, എസ്.രാജീവൻ, ജ്യോതികൃഷ്ണൻ, പി.എസ്.ബാബു എന്നിവർ പ്രസംഗിച്ചു.

പൊതുസമ്മേളന ദിവസം ഒക്ടോബർ 12ന് വൈകിട്ട് 3 മണിയോടെ പൊതുസമ്മേളനത്തിന് മുന്നോടിയായുള്ള പ്രകടനത്തിൽ സ്ത്രീകളും കുട്ടികളും വിദ്യാർത്ഥികളും തൊഴിലാളികളുമടക്കം നൂറുകണക്കിനാളുകൾ അണിനിരന്നു. പ്രകടനത്തിന്റെ ഏറ്റവും മുൻപിൽ മാർക്സ്, ഏംഗൽസ്, ലെനിൻ, സ്റ്റാലിൻ, മാവോ, ശിബ്ദാസ്ഘോഷ് എന്നീ ആചാര്യൻമാരുടെ കൂറ്റൻ ചിത്രങ്ങൾ പിടിച്ചിരുന്നു. തേക്കിൻകാട് മൈതാനത്തുനിന്ന് ആരംഭിച്ച് ആവേശകരമായ മുദ്രാവാക്യങ്ങൾ ഉയർത്തി നഗരം ചുറ്റിയ പ്രകടനം, അതിന്റെ അച്ചടക്കംകൊണ്ടും സമരോത്സുകതകൊണ്ടും ശ്രദ്ധേയമായി. അഞ്ച് മണിയോടെ പ്രകടനം പൊതുസമ്മേളനവേദിയായ സാഹിത്യ അക്കാദമി ഹാളിലെത്തി. അക്കാദമി ഗേറ്റിൽ സഖാവ് ശിബ്ദാസ്ഘോഷിന്റെ അർദ്ധകായ പ്രതിമ സ്ഥാപിച്ചിരുന്നു. പാർട്ടി സംഘാടകനും പ്രമുഖ ശിൽപ്പിയുമായ സഖാവ് ഹണി നിർമ്മിച്ച ശിൽപ്പമായിരുന്നു അത്.

പ്രതിമയ്ക്ക് താഴെ സഖാവ് ശിബ്ദാസ്ഘോഷിന്റെ വിഖ്യാതമായ വാക്കുകൾ ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു:"ഏതൊരു മഹത്തായ ആദർശത്തിന്റെയും ദർശനത്തിന്റെയും വിലപ്പെട്ട പ്രത്യയശാസ്ത്രത്തിന്റെയും കാതലും പ്രാണനും അതിന്റെ സാംസ്കാരിക, നൈതിക, സൗന്ദര്യാവബോധ ധാരണകളിൽ നിഹിതമായിരിക്കുന്നു. മാർക്സിസം മഹനീയമായ ഒരു വിപ്ലവ ദർശനമാണ്. ആ മഹദ് ദർശനത്തിന്റെയും കാതലും പ്രാണനും അതിന്റെ സാംസ്കാരിക ധാർമ്മിക മൂല്യങ്ങളിലാണ് കുടികൊള്ളുന്നത്." പൊതുസമ്മേളന വേദിക്കരികെ പ്രവർത്തിച്ച ബൂക്ക്സ്റ്റാളിൽ സഖാവ് ശിബ്ദാസ്ഘോഷിന്റെ തിരഞ്ഞെടുത്ത കൃതികൾ ഉൾപ്പെടെ വിവിധ വിഷയങ്ങളിലുള്ള പാർട്ടിയുടെ പഠനങ്ങളും വിശകലനങ്ങളും അടങ്ങുന്ന പുസ്തകങ്ങൾ സജ്ജീകരിച്ചിരുന്നു. മൂന്ന് ദിവസത്തെ സമ്മേളനത്തിനിടയിൽ പുസ്തകങ്ങൾ മുഴുവനായിത്തന്നെ വിറ്റുതീർന്നു. സമ്മേളന നടപടികൾ വീക്ഷിക്കുവാനും പ്രസംഗങ്ങൾ കേൾക്കാനും എത്തിച്ചേർന്ന പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർ സാഹിത്യ അക്കാദമി ഹാൾ വരാന്ത, മുറ്റം, അക്കാദമി കോമ്പൗണ്ട് എന്നിവിടങ്ങളിലായി നിറഞ്ഞുനിന്നു. സമ്മേളനം ആരംഭിക്കുന്നതിന് മുൻപ്തന്നെ സാഹിത്യ അക്കാദമി ഹാളിൽ വിപ്ലവഗാനങ്ങളുടെ അവതരണം നടന്നു. മുൻകാല സമരങ്ങളുടെ ഗൃഹാതുരത്വം ഉണർത്തുകയും പുതിയ കാലത്തെ വിപ്ലവസ്വപ്നങ്ങൾ ഉദ്ഘോഷിക്കുകയും ചെയ്ത ഗാനസദസ്സിന് നേതൃത്വം നൽകിയത് ബ്ലാങ്ങാട് ജനകീയ സംഗീത സഭയാണ്.




സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട സഖാവ് വി.വേണുഗോപാൽ സമ്മേളനത്തെ അഭിസംബോധന ചെയ്യുന്നു

പൊതുസമ്മേളനത്തിൽ പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് വി.വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ചു. പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറി സഖാവ് ശിബ്ദാസ്ഘോഷിനെക്കുറിച്ചുള്ള ഗാനത്തോടെ പൊതുസമ്മേളന നടപടികൾ ആരംഭിച്ചു. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് ആമുഖപ്രസംഗം നടത്തി. പാർട്ടി കേന്ദ്രകമ്മിറ്റിയംഗം സഖാവ് കെ. രാധാകൃഷ്ണ മുഖ്യപ്രസംഗം നടത്തി. ഒന്നിനു പിറകെ മറ്റൊന്നായി വന്നുകൊണ്ടിരിക്കുന്ന ഫാസിസ്റ്റ് നീക്കങ്ങൾക്കെതിരെ ഇടത്-ജനാധിപത്യ പ്രസ്ഥാനങ്ങൾ ഒറ്റക്കെട്ടായി സമരവേദിയിൽ അണിനിരക്കണമെന്ന് സഖാവ് കെ.രാധാകൃഷ്ണ ആഹ്വാനം ചെയ്തു. തൃശൂർ ജില്ലാ സെക്രട്ടറി സഖാവ് പി.എസ്.ബാബു പ്രസംഗം പരിഭാഷപ്പെടുത്തി. തുടർന്ന് പാർട്ടി സംസ്ഥാനക്കമ്മിറ്റിയംഗവും കൊല്ലം ജില്ലാ സെക്രട്ടറിയുമായ സഖാവ് ഷൈല കെ. ജോൺ പ്രസംഗിച്ചു. സാർവ്വദേശീയ ഗാനത്തോടെ പൊതുസമ്മേളനം സമാപിച്ചു.

ഒക്ടോബർ 13, 14 തീയതികളിലായി സാഹിത്യ അക്കാദമി ഹാളിൽ പ്രതിനിധി സമ്മേളനം നടന്നു. സമ്മേളനത്തിന് തുടക്കം കുറിച്ചുകൊണ്ട് കേന്ദ്രക്കമ്മിറ്റിയംഗം സഖാവ് കെ.രാധാകൃഷ്ണ പതാക ഉയർത്തി. രക്തസാക്ഷികളുടെയും വിടപറഞ്ഞ സഖാക്കളുടെയും വിപ്ലവസ്മരണകൾക്കു മുമ്പിൽ ആദരവ് അർപ്പിച്ചുകൊണ്ട് സഖാക്കൾ കെ.രാധാകൃഷ്ണ, വി.വേണുഗോപാൽ എന്നിവർ രക്തസാക്ഷിമണ്ഡപത്തിൽ പൂക്കൾ അർപ്പിച്ചു. സമ്മേളനത്തിന്റെ കേന്ദ്രനിരീക്ഷകരെന്ന നിലയിൽ കേന്ദ്രക്കമ്മിറ്റിയംഗം സഖാവ് കെ.രാധാകൃഷ്ണ, കേന്ദ്ര സ്റ്റാഫും പശ്ചിമ ബംഗാൾ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളുമായ സഖാക്കൾ അമിതാവ ചാറ്റർജി, ഡോ.സുഭാഷ് ദാസ് ഗുപ്ത എന്നിവരുടെ സാന്നിദ്ധ്യം പ്രതിനിധി സമ്മേളന വേദിയിൽ ഉണ്ടായിരുന്നു. പ്രതിനിധി സമ്മേളനം സഖാവ് അമിതാവ ചാറ്റർജി ഉദ്ഘാടനം ചെയ്തു. കേന്ദ്രക്കമ്മിറ്റിയംഗവും സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസിന് അനാരോഗ്യം നിമിത്തം സമ്മേളനത്തിൽ പങ്കെടുക്കാനാവില്ല എന്നത്, പാർട്ടി സംസ്ഥാന കമ്മിറ്റി രൂപപ്പെടുത്തിയിട്ടുള്ള മെഡിക്കൽ സബ് കമ്മിറ്റി തയ്യാറാക്കിയ മെഡിക്കൽ ബുള്ളറ്റിൻ വായിച്ചുകൊണ്ട് ഔദ്യോഗികമായി സഖാവ് വേണുഗോപാൽ പ്രതിനിധി സദസ്സിനെ അറിയിച്ചു. തുടർന്ന് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ആർ.കുമാർ, സംസ്ഥാനക്കമ്മിറ്റിയംഗങ്ങളായ സഖാക്കൾ എ.ശേഖർ, ഷൈലാ കെ. ജോൺ എന്നിവരുൾപ്പെടുന്ന പ്രസീഡിയം സമ്മേളനനടപടികളുടെ നിയന്ത്രണച്ചുമതല ഏറ്റെടുത്തു. തുടർന്ന് ഇക്കഴിഞ്ഞ സമ്മേളന കാലയളവിൽ ന

(ശേഷം 3-ാം പേജിൽ)

# ശബരിമല: സങ്കുചിത രാഷ്ട്രീയ നേട്ടങ്ങൾക്കായി സംഘപരിവാർ കേരളത്തെ കലാപഭൂമിയാക്കുന്നു.

**ശബരിമലയിൽ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്കും പ്രവേശനം അനുവദിച്ചുകൊണ്ട് സുപ്രീം കോടതി സെപ്റ്റംബർ 28ന് പുറപ്പെടുവിച്ച വിധി കേരളത്തിൽ വലിയ സാമൂഹ്യ അസ്വസ്ഥത സൃഷ്ടിച്ചിരിക്കുന്നു. വോട്ടിനെ മാത്രം ലക്ഷ്യം വയ്ക്കുന്ന രാഷ്ട്രീയ ശക്തികൾ വിശ്വാസത്തെ വളരെ വൈകാരികമായി സമീപിക്കാൻ പ്രേരിപ്പിക്കുകയും മതവിശ്വാസികളായ സാധാരണക്കാരെ വൻതോതിൽ തെറ്റിദ്ധരിപ്പിക്കുകയുമാണ്.**



ശബരിമലയിൽ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്കും പ്രവേശനം നൽകിക്കൊണ്ട് സുപ്രീം കോടതി സെപ്റ്റംബർ 28ന് പുറപ്പെടുവിച്ച വിധി കേരളത്തിൽ വലിയ സാമൂഹ്യ അസ്വസ്ഥത സൃഷ്ടിച്ചിരിക്കുന്നു. വോട്ടിനെ മാത്രം ലക്ഷ്യം വയ്ക്കുന്ന രാഷ്ട്രീയ ശക്തികൾ വിശ്വാസത്തെ വളരെ വൈകാരികമായി സമീപിക്കാൻ പ്രേരിപ്പിക്കുകയും മതവിശ്വാസികളായ സാധാരണക്കാരെ വൻതോതിൽ തെറ്റിദ്ധരിപ്പിക്കുകയുമാണ്.

കഴിഞ്ഞ 12 വർഷം ഈ കേസ്സിന്റെ നടത്തിപ്പിന്റെ ഒരു ഘട്ടത്തിൽപ്പോലും സ്വന്തം വാദങ്ങൾ അവതരിപ്പിക്കാൻ ശ്രമിക്കാതിരുന്ന ആർഎസ്എസ്-ബിജെപി സംഘപരിവാർ ശക്തികൾ പൊടുന്നനെ യുവതീ പ്രവേശനത്തെ ജീവൻ നൽകിയും എതിർക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. യുവതികളുടെ പ്രവേശനം ആവശ്യപ്പെട്ടുകൊണ്ട് 2006ൽ സുപ്രീം കോടതിയിൽ കേസ്സ് നൽകിയത് സംഘപരിവാറുമായി വളരെ അടുപ്പമുള്ള 5 വനിതാ അഭിഭാഷകരാണെന്ന വസ്തുതയും ഇതിനോടകം പുറത്തുവന്നിട്ടുണ്ട്. അപ്പോൾ ഒരു വശത്ത് യുവതികളുടെ പ്രവേശനത്തിനുവേണ്ടി വാദിക്കുകയും അതിൻപ്രകാരം ഒരു വിധി സമ്പാദിക്കാൻ പണിപ്പെടുകയും ചെയ്തിട്ട് വിധി വന്നപ്പോൾ അതിനെ നഖശിഖാന്തം എതിർത്ത് അയ്യപ്പവിശ്വാസികളുടെ നേതൃത്വമാകാൻ ശ്രമിക്കുന്ന ഏറ്റവും നിന്ദ്യമായ ഇരട്ടത്താപ്പാണ് നാമിപ്പോൾ സംഘപരിവാറിൽനിന്നും കാണുന്നത്.

സുപ്രീം കോടതി വിധി വന്ന ദിവസം അത് സ്വാഗതം ചെയ്ത് ആർഎസ്എസ് പ്രസ്താവന പുറപ്പെടുവിച്ചിരുന്നു. ഭാരതീയ വിചാര കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടറായ ആർ.സഞ്ജയൻ ജന്മഭൂമി പത്രത്തിൽ ഒക്ടോബർ 4ന് എഴുതിയ ലേഖനത്തിൽ സ്ത്രീതീർത്ഥാടകർ വൻതോതിൽ എത്തുന്നത് ഈ ക്ഷേത്രത്തിന്റെ മഹത്വവും പ്രശസ്തിയും വർദ്ധിപ്പിക്കാനേ ഇടയാക്കൂ എന്ന് അഭിപ്രായപ്പെടുകയുണ്ടായി.

അങ്ങിനെ വിധി വന്നതിന്റെ അടുത്ത ദിവസങ്ങളിൽ വിധിക്കനുകൂലമായി നിലപാട് എടുക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നവർ പെട്ടെന്ന് കരണം മറിഞ്ഞ് തെരുവിൽ വിധിക്കെതിരെയുള്ള നാമജപഘോഷയാത്ര നയിക്കുന്നതായി നാം കണ്ടു. ആർഎസ്എസും ബിജെപിയും സ്വീകരിക്കുന്ന ഇത്രമേൽ കാപട്യം നിറഞ്ഞ നിലപാട്, വോട്ട് മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള മ്ലേഛവും നീചവുമായ ഗൂഢനീക്കമാണെന്ന് സാധാരണജനങ്ങൾ മനസ്സിലാക്കണം. ഈ സംസ്ഥാനത്തെ സാധാരണക്കാരായ മതവിശ്വാസികളെ കൗശലപൂർവ്വം കരുക്കളാക്കി രാഷ്ട്രീയനേട്ടം കൊയ്യാൻ ഒരു കൂട്ടർ ഇറങ്ങിത്തിരിച്ചിരിക്കുകയാണെങ്കിൽ അതിന് അരുനിൽക്കാൻ ആത്മാഭിമാനമുള്ളവർ തയ്യാറാകരുത്. യഥാർത്ഥത്തിൽ സംഘപരിവാർ യുവതീപ്രവേശനത്തിന് എതിരായിരുന്നെങ്കിൽ 2006-ലെ ഹർജിയെ എതിർക്കാൻ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നില്ലേ? ഇപ്പോൾ പറയുന്ന തന്ത്രവിധികളും ആചാരപാരമ്പര്യങ്ങളും അക്കമിട്ട് നിരത്തി വാദിക്കാമായിരുന്നില്ലേ? ഈ ചോദ്യങ്ങൾ പ്രതിഷേധങ്ങളിൽ അണിനിരന്നിട്ടുള്ള സാധാരണക്കാരായ മതവിശ്വാസികൾ ബിജെപി നേതൃത്വത്തോട് ഉന്നയിക്കണം.

ബിജെപി സംസ്ഥാന അദ്ധ്യക്ഷനാകട്ടെ കലാപത്തിന് ആഹ്വാനം ചെയ്യുന്ന പ്രസ്താവനയാണ് പുറപ്പെടുവിച്ചിട്ടുള്ളത്. എൻഡിഎ പന്തളത്തുനിന്ന് തിരുവനന്തപുരത്തേയ്ക്ക് നടത്തിയ ജാഥയിൽ കൊല്ലം തുളസി എന്ന നടൻ പ്രസംഗിച്ചത് ശബരിമലയിലേയ്ക്ക് വരുന്ന സ്ത്രീകളെ വലിച്ചുകീറുമെന്നും അതിൽ ഒരു കഷണം സെക്രട്ടേറിയറ്റിലേക്കും മറ്റൊന്ന് ദില്ലിയിലേക്കും വലിച്ചെറിയുമെന്നുമാണ്. ഈ പ്രസ്താവനകളും വെല്ലുവിളികളും മതങ്ങൾ ഘോഷിക്കുന്ന ധാർമ്മികതയ്ക്കും മൂല്യങ്ങൾക്കും നിരക്കുന്നതാണോന്ന് തെരുവിൽ പ്രതിഷേധിക്കുന്ന സാധാരണ മതവിശ്വാസികൾ പോലും കരുതുകയില്ല.

സംഘപരിവാർ ശക്തികൾ കേരളത്തിൽ ഉയർത്തുന്ന എതിർപ്പ് വോട്ടിനെ ലാക്കാക്കി മാത്രം ഉള്ളതാണെന്നത് തികച്ചും വ്യക്തമാണ്. ലിംഗ-ജാതി ഭേദമെന്യേ എല്ലാവരെയും ഉൾക്കൊള്ളുന്ന ഹിന്ദുസമൂഹമെന്ന അവരുടെ 'ഹൈന്ദവ മതപരിഷ്കരണ'ത്തിന്റെ ദേശീയ അജണ്ടക്ക് നിരക്കുന്നതല്ല ഈ എതിർപ്പെന്ന് പ്രാഥമിക പരിശോധനയിൽത്തന്നെ ബോധ്യപ്പെടും. മഹാരാഷ്ട്രയിൽ നൂറ്റാണ്ടുകളുടെ പഴക്കമുള്ള ശനി ക്ഷേത്രത്തിലെ സ്ത്രീപ്രവേശനവിലക്ക് കോടതി എടുത്തുകളഞ്ഞപ്പോൾ അതിനെ പിന്തുണയ്ക്കുകയും പ്രസ്തുത കോടതി വിധി നടപ്പാക്കാൻ അധികാരം ഉപയോഗിക്കുകയും ചെയ്തവരാണിവർ. അപ്പോൾ യുവതീപ്രവേശനം വേണമെന്നുതന്നെയാണ് ആർഎസ്എസിന്റെ

(ശേഷം 4-ാം പേജിൽ)

## സംസ്ഥാന സമ്മേളനം...

(2-ാം പേജിൽ നിന്ന്)

മ്മോട് വിടപറഞ്ഞ സഖാക്കൾ ജി.എസ്. പത്മകുമാർ, എ.ജലാലുദ്ദീൻ എന്നിവരുൾപ്പടെയുള്ള നിരവധി പ്രിയ സഖാക്കൾക്ക് ആദരാഞ്ജലി അർപ്പിച്ചുകൊണ്ടുള്ള പ്രമേയം പാർട്ടി സംസ്ഥാനക്കമ്മിറ്റിയംഗം സഖാവ് മിനി കെ.ഫിലിപ്പ് അവതരിപ്പിച്ചു. ആദരസൂചകമായി ഒരു മിനറ്റ് മൗനം ആചരിച്ചു.

ആദ്യമായി പ്രതിനിധി സമ്മേളനം ചർച്ചയ്ക്കായി പരിഗണിച്ചത് സാർവ്വദേശീയ സാഹചര്യത്തെ സംബന്ധിച്ച തീസിസായിരുന്നു. സംസ്ഥാനക്കമ്മിറ്റിയംഗം സഖാവ് വി.കെ.സദാനന്ദൻ സാർവ്വദേശീയ സാഹചര്യത്തെ സംബന്ധിച്ച രേഖ അവതരിപ്പിച്ചു. പ്രസ്തുത രേഖയിന്മേൽ സജീവമായ ചർച്ച ഏതാണ്ട് 3 മണിക്കൂറോളം നടന്നു. ഉച്ചയ്ക്കുശേഷം ദേശീയ സാഹചര്യത്തെ സംബന്ധിച്ച തീസിസ് സംസ്ഥാനക്കമ്മിറ്റിയംഗം സഖാവ് എസ്.രാജീവൻ അവതരിപ്പിച്ചു. അടുത്ത ദിവസം രാവിലെ 10.30 വരെ ഈ രേഖയിന്മേൽ തുടർന്ന ചർച്ചയ്ക്കൊടുവിൽ ഭേദഗതികൾ അന്തിമമാക്കി. തുടർന്ന് സംസ്ഥാനക്കമ്മിറ്റി തയ്യാറാക്കിയ സംഘടനാ-രാഷ്ട്രീയ പ്രമേയം സംസ്ഥാനസെക്രട്ടറിയ്ക്കുവേണ്ടി സഖാവ് ജയ്സൺ ജോസഫ് അവതരിപ്പിച്ചു. സംസ്ഥാനത്തെ രാഷ്ട്രീയ സാഹചര്യത്തെ സംബന്ധിച്ച സൂക്ഷ്മമായ പരിശോധനയാണ് തുടർന്ന് നടന്ന ചർച്ചയിൽ ഉണ്ടായത്. നമ്മുടെ പാർട്ടി സംഘടന ശക്തിപ്പെടുത്താനുള്ള സൃഷ്ടിപരമായ നിരവധി നിർദ്ദേശങ്ങളും പ്രതിനിധി സഖാക്കൾ മുന്നോട്ടുവച്ചു. സമ്മേളനത്തിൽ ഉന്നയിക്കപ്പെട്ട ഭേദഗതികളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് മേൽഘടകത്തിന് സമർപ്പിക്കാമെന്നു തീരുമാനിച്ചുകൊണ്ട് റിപ്പോർട്ട് സമ്മേളനം അംഗീകരിച്ചു.

ഉച്ചയ്ക്കുശേഷം തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങളാണ് നടന്നത്. പാർട്ടി കോൺഗ്രസ്സിലേക്കുള്ള 79 പ്രതിനിധികളുടെ പാനൽ സംസ്ഥാനസെക്രട്ടേറിയറ്റ് അംഗം സഖാവ് റ്റി.കെ.സുധീർകുമാർ അവതരിപ്പിച്ചു. കോട്ടയം ജില്ലാ കമ്മിറ്റിയംഗം സഖാവ് എൻ.കെ.ബിജു പിന്തുണച്ചു. പ്രതിനിധികളുടെ ലിസ്റ്റ് സമ്മേളനം ഏകകണ്ഠമായി അംഗീകരിച്ചു. സംസ്ഥാനക്കമ്മിറ്റി തെരഞ്ഞെടുത്ത 20 നിരീക്ഷകരുടെ ലിസ്റ്റ് സമ്മേളനത്തെ അറിയിച്ചു. തുടർന്ന് കേന്ദ്രക്കമ്മിറ്റി അംഗീകരിച്ച പുതിയ 20 അംഗ സംസ്ഥാനക്കമ്മിറ്റിയുടെ ലിസ്റ്റും സംസ്ഥാന സെക്രട്ടറിയുടെ പേരും സംസ്ഥാനസെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് അവതരിപ്പിച്ചു. കണ്ണൂർ ജില്ലാക്കമ്മിറ്റിയംഗം സഖാവ് കെ.പി.സജീന്ദ്രനാഥ് പിന്തുണച്ചുകൊണ്ട് പ്രസംഗിച്ചു. പുതിയ സംസ്ഥാനക്കമ്മിറ്റിയെ സമ്മേളനം ഏകകണ്ഠമായി തെരഞ്ഞെടുത്തു. സമ്മേളനം തെരഞ്ഞെടുത്ത പുതിയ സംസ്ഥാന കമ്മിറ്റി: സഖാവ് വി. വേണുഗോപാൽ (സെക്രട്ടറി), സഖാക്കൾ ജയ്സൺ ജോസഫ്, റ്റി.കെ.സുധീർകുമാർ, ആർ. കുമാർ, കെ.കെ.സുരേന്ദ്രൻ, എ. ശേഖർ, വി.കെ.സദാനന്ദൻ, ഡോ. പി.എസ്.ബാബു, അബ്ദുൾ അസീസ്, എൻ.ആർ.മോഹൻകുമാർ, മിനി കെ.ഫലിപ്പ്, എസ്.രാജീവൻ, എസ്.സീതിലാൽ, വർഗ്ഗീസ് എം.ജേക്കബ്, ഡോ.കെ.പി.ഗോദകുമാർ, ജ്യോതികൃഷ്ണൻ, ഷൈല കെ. ജോൺ, പി.പി.ആനന്ദ്, പി. എൻ.തങ്കച്ചൻ, എൻ.വിനോദ്കുമാർ.

സംസ്ഥാനത്തിന്റെ മണ്ണിൽ കൂടുതൽ ഉയർന്ന വിപ്ലവഗുണങ്ങളോടുകൂടിയ ഒരു പാർട്ടി സംഘടനയും അതിന്റെ നേതൃത്വത്തിൽ ശക്തമായ ജനപിന്തുണയും പടുത്തുയർത്താനുള്ള വിപ്ലവ സമരങ്ങൾക്കായി തങ്ങളെ ഓരോരുത്തരെയും സമർപ്പിക്കുമെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ടാണ് പ്രതിനിധി സഖാക്കൾ പിരിഞ്ഞത്. ■



സഖാവ് കെ.രാധാകൃഷ്ണ രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പങ്ങളർപ്പിക്കുന്നു




പ്രകടനത്തിന് മുൻപിലെ കോംസമോൾ മാർച്ച്

**ശബരിമല**

# വിഷയം വിവേകപൂർവ്വം കൈകാര്യം ചെയ്യുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടു

*(3-ാം പേജിൽ നിന്ന്)*

താത്വിക നിലപാട്.

**സുപ്രീം കോടതി വിധി പുരോഗമനപരമാണോ?**

ലിംഗനീതി ഉറപ്പാക്കി എന്നതിനാൽ ഇത് പുരോഗമനപരമായ വിധിയാണെന്ന വാദം നിലവിലുണ്ട്. വിവേചനം അംഗീകരിക്കാനാവില്ല എന്നതിനാൽ കോടതിക്ക് ഇതല്ലാതെ മറ്റൊരു മാർഗ്ഗമുണ്ടായിരുന്നില്ല എന്ന വാദവും പരിശോധിക്കപ്പെടേണ്ടതാണ്. ഇന്ന് നിലനിൽക്കുന്ന സാമൂഹ്യയാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെടുത്തി ഈ വിധിയെയും വിധിയുടെ സ്വാധീനത്തെയും വിലയിരുത്തണം. സമൂഹത്തിൽ ഒരു പൊതുഇടവും അധസ്ഥിതർക്ക് പ്രാപ്യമല്ലാതിരുന്ന ഒരു നാളിൽ ക്ഷേത്രപ്രവേശനത്തിന് ഒരു പങ്ക് നിർവ്വഹിക്കാനുണ്ടായിരുന്നു. ബ്രാഹ്മണ്യത്തിന്റെ അധികാരകേന്ദ്രമായ ക്ഷേത്രം തുറന്നുകിട്ടിയതോടെ ക്രമേണ മറ്റ് പൊതു ഇടങ്ങളിലേയ്ക്കും പ്രവേശനം എളുപ്പമായി. അതിനാൽ ഏറിയ പ്രാധാന്യവും പുരോഗമന ഉള്ളടക്കവും ക്ഷേത്രപ്രവേശനത്തിന് ലഭിച്ചു. എന്നാൽ ക്ഷേത്രത്തിൽ പ്രവേശനം ലഭിച്ചവർ പിന്നീട് ക്ഷേത്രത്തിൽ മയങ്ങുന്ന സ്ഥിതി ഉണ്ടായി. സി.കേശവനെപ്പോലുള്ള നേതാക്കൾ അത് ചൂണ്ടിക്കാട്ടുകയുമുണ്ടായി. ശാസ്ത്രീയമായ ജീവിത വീക്ഷണം സ്വീകരിക്കാനുള്ള പരിശീലനമല്ലല്ലോ ക്ഷേത്രപ്രവേശനത്തിലൂടെ ലഭിച്ചത്. ശബരിമലയിലേയ്ക്കുള്ള യുവതീപ്രവേശനത്തിന്റെ കാര്യം പരിശോധിച്ചാൽ ഇത്രത്തോളംപോലും പുരോഗമനം കാണാനാവില്ല. കേരളത്തിലെവിടെയാണ് ആർത്തവ അശുദ്ധിയുടെ പേരിൽ സ്ത്രീകൾക്ക് പ്രവേശനം നിഷേധിക്കപ്പെട്ടിട്ടുള്ളത്. വിദ്യാലയങ്ങളിൽ, ഓഫീസുകളിൽ, യാത്രാമാർഗ്ഗങ്ങളിൽ, ഭക്ഷണശാലകളിൽ തുടങ്ങി ആധുനികമനുഷ്യൻ ഇടപെടുന്ന ഒരു പൊതു ഇടവും പേരിനുപോലും നമ്മുടെ സംസ്ഥാനത്ത് സ്ത്രീകൾക്ക് അപ്രാപ്യമായി ഇല്ല. നമ്മുടെ വീടുകളിൽപ്പോലും മുമ്പ് ഇക്കാര്യത്തിലുണ്ടായിരുന്ന അശുദ്ധി മനോഭാവം ഏതാണ്ട് പൂർണ്ണമായി അപ്രത്യക്ഷമായി. എന്തെങ്കിലും അവശേഷിക്കുന്നത് വിശ്വാസത്തിന്റെ രംഗത്തു മാത്രമാണ്. കോടതി വിധി ഏറിപ്പോയാൽ ഈ അവശേഷിക്കുന്ന പ്രവേശന വിലക്ക് ഇല്ലാതാക്കും. അത്ര പരിമിതമായ പുരോഗമനമേ ഈ വിധിയിലുള്ളൂ.

വർത്തമാനകാലത്ത് കേരളത്തിൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന യഥാർത്ഥ പ്രശ്നങ്ങളിൽ എന്തുമാറ്റമാണ് ശബരിമലപ്രവേശനം വഴി നേടുക. അന്ധതയും യുക്തിരാഹിത്യവും അടക്കിഭരിക്കുന്ന ഒരു രംഗത്തേയ്ക്ക് പ്രവേശനം ലഭിക്കുന്നത് വിപ്ലവകരമാണെന്ന രീതിയിൽ ചിത്രീകരിക്കുന്നത് ശരിയല്ല. ഏറ്റവും കുറഞ്ഞ പക്ഷം യാഥാർത്ഥ്യബോധത്തോടെ ജീവിതപ്രശ്നങ്ങളെ കാണാനും പരിശോധിക്കാനും യുക്തിപരമായി അതിന്റെ പരിഹാരങ്ങൾ കണ്ടെത്താനും പഠിപ്പിക്കുകയല്ലേ ഈ കാലഘട്ടത്തിൽ അടിയന്തരമായി ചെയ്യേണ്ടത്. വർദ്ധിച്ച തോതിൽ സ്ത്രീ തീർത്ഥാടകർ എത്തുന്നത് ശബരിമലയുടെ മഹത്വവും കീർത്തിയും വർദ്ധിപ്പിക്കാനിടവരുത്തുമെന്ന് ആർഎസ്എസ് വിലയിരുത്തിയതാണ് അനന്തരഫലമെങ്കിൽ എന്തുസാമൂഹ്യപുരോഗതിയാണ് അത് സൃഷ്ടിക്കുക. ശാസ്ത്രീയ ജീവിത മനോഭാവത്തിനും ചിന്താഗതികൾക്കും ഇന്നോളം ഉണ്ടായിട്ടുള്ളതിൽവച്ചേറ്റവും വലിയ തിരിച്ചടി നേരിടുന്ന ഈ വേളയിൽ അന്ധതയിലേയ്ക്കുള്ള കൂപ്പുകുത്തിന് ആക്കം വർദ്ധിപ്പിക്കില്ലേ ഈ നടപടി. ഈ പറയപ്പെടുന്ന അളവിലുള്ള ഒരുപുരോഗതിയും അത് സൃഷ്ടിക്കില്ല. വിശ്വാസത്തിന്റെ രംഗത്ത് അവശേഷിക്കുന്ന ആർത്തവ അശുദ്ധിയുടെ മനോഭാവത്തെ ഇല്ലാതാക്കുന്നതിൽ ഈ വിധി വിജയിച്ചുവെന്നുതന്നെ കരുതുക. എന്നാൽ വിശ്വാസം സൃഷ്ടിക്കുന്ന അന്ധതയും യാഥാർത്ഥ്യബോധമില്ലായ്മയും കൂടുതൽ ആളുകളിലേക്ക് പകരാനാണ് അത് ഇട വരുത്തുന്നതെങ്കിൽ അശുദ്ധിയുടെ മനോഭാവത്തേക്കാൾ അത് കൂടുതൽ അപകടം ചെയ്യും.

ആചാര-വിശ്വാസ-മത പരിഷ്കരണങ്ങൾ കോടതി വിധികളിലൂടെ മാത്രം സാദ്ധ്യമാകുന്ന ഒന്നല്ല. മഹാഭൂരിപക്ഷം ജനങ്ങളെയും പരിഷ്കരണത്തിനനുകൂലമായി ചിന്തിപ്പിക്കുവാൻ നവോത്ഥാന നായകർക്ക് കഴിഞ്ഞപ്പോഴാണ് കേരളത്തിന്റെ മണ്ണിലെ നിരവധി അനാചാരങ്ങൾ അവസാനിച്ചതും പരിഷ്കരണങ്ങൾ ഉണ്ടായതും. രാജവാഴ്ചക്കെതിരെയും ദേശീയതയ്ക്കുവേണ്ടിയുമുള്ള പ്രക്ഷോഭങ്ങൾ സമൂഹത്തിൽ മേൽക്കൈ നേടിയിരുന്നത് ഇത്തരം സമുദായപരിഷ്കരണപ്രവർത്തനങ്ങളെ ചലനാത്മകമാക്കിയിരുന്നു. ഇത്തരം നവീകരണ പ്രവർത്തനങ്ങൾ മതങ്ങൾക്കും സമുദായങ്ങൾക്കും ഉള്ളിൽനിന്നുതന്നെ ഉയർന്നുവന്നതായിട്ടാണ് നമ്മൾ ചരിത്രത്തിൽനിന്നും പഠിക്കുന്നത്. ശബരിമലയുടെ പ്രശ്നത്തിൽ ലിംഗനീതിയുടെ പ്രശ്നമാണ് ഉയർത്തപ്പെടുന്നത് എന്നതിനാൽ അതിനായി വാദിക്കുന്നവർ അത്തരമൊരു അഭിപ്രായ രൂപീകരണത്തിനായി കൂട്ടായപ്രവർത്തനം നടത്തണം. വിശ്വാസികളായ സത്രീകളെയും പ്രസ്തുത പ്രവർത്തനത്തിൽ കണ്ണിചേർക്കണം. ക്ഷമാപൂർവ്വമുള്ള ആശയപ്രചാരണത്തിലൂടെ ഏകാഭിപ്രായം രൂപപ്പെടുത്താനും അതിന് ശക്തിവർദ്ധിപ്പിക്കാനും ശ്രമിക്കണം. എന്നാൽ ജനാധിപത്യാന്തരീക്ഷം പ്രയോജനപ്പെടുത്തിക്കൊണ്ട് ഇത്തരത്തിലുള്ള ഒരു പ്രവർത്തനം നടത്താൻ തയ്യാറാകാതെ കോടതിയിലൂടെ കാര്യം നേടുക എന്ന എളുപ്പമാർഗ്ഗം തേടുന്നത് ലക്ഷ്യം നേടാൻ സഹായിക്കില്ല എന്നു മാത്രമല്ല, സമൂഹത്തിൽ അസ്വസ്ഥത സൃഷ്ടിക്കുകയും ചെയ്യും

**പ്രശ്നം വിവേകപൂർവ്വം കൈകാര്യം ചെയ്യുന്നതിൽ കേരള സർക്കാർ പരാജയപ്പെട്ടു**

നിലവിലുള്ള ഈ സാഹചര്യത്തെ പരിഗണിക്കാതെ, ഒരു വിധിയുടെ സാമൂഹ്യമായ പ്രത്യാഘാതങ്ങളെന്ത് എന്നുപോലും ഉത്തരവാദപൂർവ്വം ചിന്തിക്കാതെ, നിലപാടെടുക്കുന്നതിനുമുമ്പ് പുലർത്തേണ്ട ജാഗ്രതയും അവധാനതയും പുലർത്താതെയാണ് സുപ്രീം കോടതി ഈ വിധി പുറപ്പെടുവിച്ചിരിക്കുന്നത്. അതോടൊപ്പം സാധാരണക്കാരായ വിശ്വാസികളെ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതിന് വളരെ ബുദ്ധിമുട്ടാണെന്നിരിക്കെ, അവർക്കിടയിൽ നടക്കേണ്ടിയിരുന്ന സംവാദങ്ങളും ചർച്ചകളും നടത്തുന്നതിനും അഭിപ്രായ സമന്വയമുണ്ടാക്കുന്നതിനും കേരളസർക്കാരും തയ്യാറായില്ല. സുപ്രീംകോടതി വിധി വന്നപ്പോൾത്തന്നെ ശബരിമലയിൽ സ്ത്രീപ്രവേശനത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പുകൾ സംബന്ധിച്ചുള്ള തീരുമാനങ്ങൾ പ്രഖ്യാപിച്ചു. റിവ്യു ഹർജി നൽകുന്നത് സംബന്ധിച്ച് ദേവസ്വം ബോർഡും മന്ത്രിയും പരസ്പരവിരുദ്ധമായാണ് ആദ്യം പ്രതികരിച്ചത്. സാഹചര്യത്തെ നേരിടുന്നത് സംബന്ധിച്ചും ആശയക്കുഴപ്പം നിലനിന്നിരുന്നുവെന്ന് തുടർന്നുണ്ടായ സംഭവവികാസങ്ങൾ തെളിയിച്ചു. സാഹചര്യത്തെ വഷളാക്കാൻ കാത്തിരിക്കുന്ന ശക്തികൾക്ക് അതിന് അവസരം നൽകാതെ, കഴിയുന്നത്ര ആളുകളുടെ പിന്തുണ സമാഹരിച്ചുകൊണ്ട്, ജാഗ്രതയോടെ വിഷയത്തെ കൈകാര്യം ചെയ്യേണ്ടതിനുപകരം ധാർഷ്ട്യത്തിന്റെയും ഏകാധിപത്യത്തിന്റെയും പതിവുശൈലിയിൽ സർക്കാരിന്റെ പ്രതിനിധികൾ പ്രതികരിച്ചു. ഏറ്റവുമൊടുവിൽ തങ്ങളുടെ പ്രവൃത്തി സമൂഹത്തിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് ആലോചിക്കാതെ ചില സ്ത്രീകൾ നട ചവിട്ടാൻ ഒരുമ്പെട്ടപ്പോൾ പോലീസ് കാട്ടിക്കൂട്ടിയ ചെയ്തികൾ സംഘപരിവാർ ശക്തികൾക്ക് ബലം പകരുക മാത്രമാണ് ചെയ്തത്. ശബരിമലയെ തകർക്കാൻ സർക്കാർ ആസൂത്രിതമായി നീങ്ങുകയാണെന്ന അർഎസ്എസ് വ്യാജപ്രചാരണത്തിന് സാധൂകരണം ഉണ്ടാക്കുന്ന നടപടികളാണ് പോലീസ് ശബരിമലയിൽ ചെയ്തത്. ശബരിമല പ്രശ്നത്തിൽ അമ്പലവിശ്വാസികളുടെ വികാരങ്ങൾ ആളിക്കത്തിക്കാൻ സംഘപരിവാറിന് അവസരമൊരുക്കുന്ന സാഹചര്യം സംസ്ഥാന സർക്കാർ സൃഷ്ടിക്കാൻ പാടില്ലായിയിരുന്നു. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തെ മുൻനിർത്തി കോൺഗ്രസ്സും തങ്ങളുടെ ഇരട്ടത്താപ്പ് പ്രകടമാക്കിയിരിക്കുന്നു. മതവിശ്വാസത്തിന്റെ പേരിലുള്ള മുതലെടുപ്പിന്റെ ഈ മത്സരത്തിൽ ബിജെപിയെ പിറകിലാക്കാൻ കോൺഗ്രസ്സ് ഏറ്റവും വഷളായ നിലപാട് കൈക്കൊണ്ടു. ഭക്തജനങ്ങളുടെ മനോവികാരത്തെ വെല്ലുവിളിച്ചെത്തുന്നവർ ഒരു കാരണവശാലും ദേവസ്ഥാനത്ത് എത്തില്ല എന്നാണ് കോൺഗ്രസ്സ് നേതാവ് കെ. സുധാകരൻ ആക്രോശിച്ചത്. ഈ ആക്രോശങ്ങളും കലാപാഹ്വാനങ്ങളും നമ്മുടെ നാടിന്റെ ജനാധിപത്യ-മതേതര ഘടനയ്ക്ക് ഏൽപ്പിക്കുന്ന ആഘാതം എത്രയോ വലുതാണ്.

ജീവിതത്തെ തകർക്കുന്ന ഒട്ടനവധി വിഷയങ്ങൾ സമൂഹത്തെ മഥിച്ചുകൊണ്ടിരിക്കുകയാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ് അക്ഷരാർത്ഥത്തിൽ ജനങ്ങളുടെ നട്ടെല്ല് തകർത്തിരിക്കുകയാണ്. പണിയില്ലായ്മയും വരുമാനത്തകർച്ചയും സാധാരണക്കാരനെ അസ്തപ്രജ്ഞനാക്കിയിരിക്കുന്നു. അഴിമതിയുടെ വാർത്തകൾ ജനങ്ങളെ ഞെട്ടിക്കുകയാണ്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ അന്തമില്ലാതെ തുടരുകയാണ്. സ്ത്രീയായി ജീവിക്കാൻ അനുവദിക്കാത്ത ഒരു സാമൂഹ്യസാഹചര്യത്തിൽ, അമ്പലപ്രവേശനമോ പ്രവേശനവിലക്കോ എങ്ങനെ ഒരു പരിഹാരമാകുമെന്ന് നമ്മുടെ ലക്ഷക്കണക്കായ അമ്മമാരും സഹോദരിമാരും ചിന്തിക്കണം. ഒരു നൂറ്റാണ്ടിനുമുമ്പ് സ്ത്രീകളുടെ അന്തസ്സായ ജീവിതത്തിനുവേണ്ടി, വിദ്യാഭ്യാസത്തിനായി, മാന്യമായ വസ്ത്രധാരണത്തിന്റെ അവകാശത്തിനായി ഈ കൊച്ചുകേരളമാകെ പൊരുതിയത് സ്മരിക്കുവാൻ സംസ്ഥാനത്തെ സ്ത്രീസമൂഹത്തോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഇന്ന് തെരുവിൽ കാണുന്ന കോലാഹലങ്ങൾ ഈ കേരളത്തെ ഒരു നൂറ്റാണ്ട് പിറകോട്ടുകൊണ്ടുപോകാനിടയാക്കുമെന്ന് ഞങ്ങൾ വിനയപൂർവ്വം ഓർമ്മിപ്പിക്കുന്നു.

യാതൊരു അടിയന്തര പ്രാധാന്യവും ഇല്ലാത്ത ഇത്തരം വിധികൾ സാമൂഹിക അസ്വസ്ഥതയും സംഘർഷവും വിതയ്ക്കുവാൻ വർഗ്ഗീയ പ്രതിലോമ ശക്തികൾക്ക് അവസരം ഒരുക്കുക മാത്രമാണ് ചെയ്യുന്നത്. ആരാധനാലയങ്ങളിൽ ആരൊക്കെ പോകണം, പോകണ്ട എന്നത് സമൂഹത്തിന്റെ പൊതു പ്രശ്നമല്ലല്ലോ. ജനങ്ങളുടെ ജീവിതത്തിന്റെ യഥാർത്ഥ പ്രശ്നങ്ങൾ മറയ്ക്കുന്നതിനും കൃത്രിമ പ്രശ്നങ്ങളിലേയ്ക്ക് ശ്രദ്ധ തിരിച്ചുവിടുന്നതിനുംവേണ്ടി ബന്ധപ്പെട്ട കക്ഷികളെല്ലാം ആസൂത്രിതമായി സുപ്രീംകോടതി വിധിയെ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. പ്രളയ ദുരന്തത്തെ നേരിടുന്നതിൽ കേരള സമൂഹം പ്രദർശിപ്പിച്ച ഒത്തൊരുമ പല തൽപരകക്ഷികൾക്കും രുചിച്ചിട്ടില്ല. ഈ ഉദാത്തമായ മനുഷ്യസാഹോദര്യം അവസാനിച്ചുകാണാൻ ആഗ്രഹിക്കുന്ന ശക്തികളാണ് അമ്പലപ്രവേശനം ഒരു വിഷയമാക്കി കൊണ്ടുവരുന്നത്. ജീവൽപ്രശ്നങ്ങളെ ആധാരമാക്കിയുള്ള സാധാരണക്കാരന്റെ പ്രക്ഷോഭങ്ങൾ വളർത്തിയെടുക്കാൻ ജനങ്ങളുടെ ഐക്യത്തെ പ്രാണനെപ്പോലെ ഗണിക്കണമെന്നും മുതലെടുപ്പിന്റെ ശക്തികൾക്ക് ഇരകളാകരുതെന്നും എസ്‌യുസിഐ (സി) ഏവരോടും അഭ്യർത്ഥിക്കുന്നു. ■

> **പ്രളയ ദുരന്തത്തെ നേരിടുന്നതിൽ കേരള സമൂഹം പ്രദർശിപ്പിച്ച ഒത്തൊരുമ പല തൽപരകക്ഷികൾക്കും രുചിച്ചിട്ടില്ല. ഈ ഉദാത്തമായ മനുഷ്യസാഹോദര്യം അവസാനിച്ചുകാണാൻ ആഗ്രഹിക്കുന്ന ശക്തികളാണ് അമ്പലപ്രവേശനം ഒരു വിഷയമാക്കിയത്. ജീവൽപ്രശ്നങ്ങളെ ആധാരമാക്കിയുള്ള സാധാരണക്കാരന്റെ പ്രക്ഷോഭങ്ങൾ വളർത്തിയെടുക്കാൻ ജനങ്ങളുടെ ഐക്യം പ്രാണനെപ്പോലെ ഗണിക്കണമെന്നും മുതലെടുപ്പിന്റെ ശക്തികൾക്ക് ഇരകളാകരുതെന്നും എസ്‌യുസിഐ(സി) ഏവരോടും അഭ്യർത്ഥിക്കുന്നു**




# അഴിമതി പിന്തിരിപ്പൻ മുതലാളിത്ത സംവിധാനത്തിന്റെ മുഖമുദ്ര

(1-ാം പേജിൽ നിന്ന്)

നക്കാരെ നിർബന്ധിതരാക്കുന്ന നിബന്ധനകളെയാണ് ഓഫ്സെറ്റ് ധാരണകൾ എന്നു വിളിക്കുന്നത്. ഇവിടെ, 59000 കോടി രൂപയുടെ 50%, അഥവാ ഏകദേശം 30000 കോടി രൂപ, യുദ്ധവിമാനങ്ങളുമായി ബന്ധപ്പെട്ട ഗവേഷണപ്രവർത്തനങ്ങൾ, റഫേൽ വിമാനഭാഗങ്ങളുടെ പ്രാദേശികമായ ഉത്പാദനം, തുടങ്ങിയ മേഖലകളിലൂടെ ഇന്ത്യൻ പ്രതിരോധസംവിധാനത്തിൽ നിക്ഷേപിക്കുന്നുവെന്ന് ദസ്സോൾട്ട് ഉറപ്പാക്കേണ്ടതുണ്ട്.

**ഇടപാടിൽ വിവാദമാകുന്ന വാദമുഖങ്ങൾ**

ഈ ഇടപാടിന്റെ രണ്ടു വശങ്ങളാണ് ആദ്യം സംശയം ജനിപ്പിക്കുകയും, തുടർന്ന് അടക്കം പറച്ചിലുകളായി, അവസാനം പൊട്ടിത്തെറിയിൽ എത്തിനിൽക്കുകയും ചെയ്യുന്നത്. ഒന്നാമതായി, വിമാനങ്ങൾ വാങ്ങാനായി ബിജെപി സർക്കാർ വളരെ ഉയർന്ന വിലയാണ് നൽകുന്നത്. (126 വിമാനങ്ങൾക്കായി കഴിഞ്ഞ യുപിഎ സർക്കാർ 2012-ൽ നിശ്ചയിച്ച വില കൊണ്ട് ഇന്ന് വെറും 36 വിമാനങ്ങൾ മാത്രമാണ് വാങ്ങുന്നത്. അതായത്, 300% വില കൂടുതൽ) രണ്ടാമതായി, യുദ്ധവിമാനങ്ങളടക്കം വിമാനനിർമാണത്തിൽ 60 വർഷത്തെ പരിചയമുള്ള എച്ച്എഎല്ലിനെ ഒഴിവാക്കിയെന്നതാണ്. പകരം, ഇന്ത്യയുടെ പ്രതിരോധസംവിധാനത്തിൽ നിക്ഷേപിക്കപ്പെടേണ്ട ആ 30000 കോടി രൂപയുടെ ഭൂരിഭാഗവും ദസ്സോൾട്ട്-റിലയൻസ് എയറോസ്പേസ് എന്ന കമ്പനി വഴിയാകും വരിക. ഇത്, ദസ്സോൾട്ടും വ്യവസായപ്രമുഖൻ അനിൽ അംബാനിയുടെ റിലയൻസ് എയറോസ്ട്രക്ച്ചർ എന്ന, വിമാനമോ പ്രതിരോധ സാമഗ്രികളോ നിർമ്മിച്ച് യാതൊരു മുൻപരിചയവുമില്ലാത്ത സ്ഥാപനവും തമ്മിൽ രൂപപ്പെടുത്തുന്ന 49:51 അനുപാതത്തിലുള്ള കൂട്ടുസംരംഭമായിരിക്കും. തന്നെയുമല്ല, ഈ കരാർ ഒപ്പിടുന്ന കാലയളവിൽ അനിൽ അംബാനിയുടെ ഏതാണ്ടെല്ലാ കമ്പനികളും കടുത്ത കടബാധ്യതയിലായിരുന്നു. മൂത്തസഹോദരൻ കൂടിയായ മുകേഷ് അംബാനിക്ക് തന്റെ ടെലികോം സംരംഭങ്ങൾ, നവി മുംബൈയിൽ 125 ഏക്കർ ഭൂമിയുൾപ്പടെയുള്ള ആസ്ഥികളടക്കം, 35000 കോടി രൂപക്ക് അനിൽ കൈമാറുകയായിരുന്നു. മറ്റൊരു ഭീമൻ കുത്തകയായ അദാനി ഗ്രൂപ്പിനാണ് അനിൽ അംബാനി ഗ്രൂപ്പിന്റെ അടിസ്ഥാനസൗകര്യങ്ങൾ 18000 കോടി രൂപക്ക് വിറ്റൊഴിഞ്ഞത്. ഉൽപ്പാദനം തുടങ്ങുന്നതിനു മുമ്പുതന്നെ അനിൽ അംബാനിയുടെ വമ്പൻ സ്ഥാപനമായ റിലയൻസ് പവർ തകർന്നടിഞ്ഞു. രാജ്യത്തെ ഏറ്റവും കടബാധ്യതയുള്ള സ്ഥാപനമായി റിപ്പോർട്ട് ചെയ്യപ്പെടുന്നത് അനിൽ അംബാനി ഗ്രൂപ്പാണ്. ഇതിനോടകം വെളിപ്പെട്ട വിജയ് മല്ല്യ, നീരവ് മോദി, മെഹുൽ ചോക്സി എന്നിവരുടെയൊക്കെ മൊത്തം ബാധ്യതയേക്കാളും കൂടുതൽ. ഉദ്ദേശം ഒരു ലക്ഷം കോടിയിലധികം രൂപയുടെ കടബാധ്യത അനിൽ അംബാനി ഗ്രൂപ്പിനുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. അപ്പോൾ, ലാഭം ലക്ഷ്യം വെക്കുന്ന ഒരു വാണിജ്യസ്ഥാപനത്തിനും ഇങ്ങനെയൊരു തീരുമാനം ഒട്ടും സാധ്യമായതല്ല.

പിന്നെ എങ്ങനെയാണ് ഇത്രയും കടബാധ്യതയുള്ള, യാതൊരു മുൻപരിചയവുമില്ലാത്ത ഒരു ഇന്ത്യൻ കമ്പനിയെ പ്രതിരോധരംഗത്തെ തങ്ങളുടെ ആദ്യകൂട്ടുസംരംഭത്തിനായി ദസ്സോൾട്ട് തെരഞ്ഞെടുക്കുക? ഇന്ത്യൻ സർക്കാരിന്റെ ഭാഗത്തുനിന്നും നയതന്ത്രസമ്മർദമടക്കം നിരന്തരനിർബന്ധം ഇതിനായി ഉണ്ടായിരുന്നു എന്ന് സംശയിക്കുവാനുള്ള എല്ലാ കാരണങ്ങളുമുണ്ട്. കൂടാതെ, ഈ കൂട്ടുസംരംഭത്തിലൂടെ 100 ദശലക്ഷം യൂറോയിലധികംവരുന്ന തുക നിക്ഷേപിക്കാനാണ് ദസ്സോൾട്ട് ഏവിയേഷന്റെ പദ്ധതി. ഇന്ത്യയിൽ പ്രതിരോധമേഖലയിൽ ഒരു പ്രദേശത്ത് മാത്രമായി നടത്തുന്നതിൽ ഏറ്റവും വലിയ നേരിട്ടുള്ള വിദേശനിക്ഷേപമാണിത്. ഈ പദ്ധതിയിൽ അനിൽ അംബാനി തന്റെ ഭാഗം എങ്ങനെ നിക്ഷേപിക്കും? ചോദ്യങ്ങളും സംശയങ്ങളും നിറയുകയാണ്. റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്, 30000 കോടി രൂപയുടെ ഓഫ്സെറ്റ് നിക്ഷേപത്തിൽ 21000 കോടിയും ഏതെങ്കിലുമൊക്കെ തരത്തിൽ റിലയൻസിൽ തന്നെ എത്തിച്ചേരുമെന്നാണ്. പക്ഷേ, അതു മാത്രമല്ല. ഒരു പ്രത്യേക സാമ്പത്തികമേഖലയിൽ ഈ നിർദിഷ്ട കൂട്ടുസംരംഭം പ്രതിഷ്ഠിക്കുന്നതോടെ, നികുതിയിളവ്, തുച്ഛമായ നിരക്കിൽ വെള്ളവും വൈദ്യുതിയും, കസ്റ്റംസ് അടക്കമുള്ള പരിശോധനകളിൽ നിന്നുള്ള ഇളവ്, ഉൽപാദന ലൈസൻസുകളിൽ നിന്നുള്ള ഇളവ്, സർവ്വോപരി തൊഴിൽ നിയമങ്ങൾ പാലിക്കേണ്ട ബാധ്യതയിൽ നിന്നുള്ള വിടുതൽ തുടങ്ങിയവയൊക്കെ ഉറപ്പാക്കപ്പെടുന്നു. ഇത്തരം നേട്ടങ്ങൾ കണക്കിലെടുത്താൽ മൊത്തം നേട്ടം 45000കോടി രൂപയോളം വരുമെന്നാണ് ചില കേന്ദ്രങ്ങൾ അവകാശപ്പെടുന്നത്. അധ്വാനിക്കുന്ന ജനവിഭാഗങ്ങൾ, അടുത്തിടെ കുതിച്ചുയരുന്ന പെട്രോൾ ഡീസൽ വിലകളടക്കം, വർധിക്കുന്ന നികുതികളാൽ നടുവൊടിഞ്ഞ് കിടക്കുമ്പോൾ, വമ്പൻ കുത്തകകൾ സന്തോഷത്തോടെ ബാങ്ക് വായ്പകളിൽ കുടിശ്ശിഖ വരുത്തുന്നു, പൊതുജനങ്ങളിൽനിന്നും പിരിച്ച തുക ദുരുപയോഗം ചെയ്ത് വ്യവസായസംരംഭങ്ങളിൽ നിക്ഷേപിച്ച് ലാഭം കൊയ്യുന്നു. (നടപ്പിലാവാതെ പോയ നിർദിഷ്ട റിലയൻസ് പവറിനായ് ഓഹരിക്കമ്പോളത്തിൽ നിന്നും ഐപിഒ മുഖേന 190 ദശലക്ഷം ഡോളർ അഥവാ, 1330 കോടി രൂപയാണ് പിരിച്ചെടുത്തത്.) അവരെ, വിവിധ ഇളവുകൾ നൽകിയും, എല്ലാ ചട്ടങ്ങളും മറികടന്നുകൊണ്ട് പുതിയ ലോണുകൾ നൽകിയും, പ്രതിരോധമേഖലയിലടക്കം സംശയാസ്പദമായ വിദേശസഹകരണങ്ങൾ നേടിയെടുക്കുവാൻ ഒത്താശ ചെയ്തും സഹായിക്കുന്നു. ഒരു ബൂർഷ്വാരാജ്യത്തിലെ വ്യവസായ പ്രമുഖർ, ഭരണക്കാർ, സൈനിക മേധാവികൾ എന്നിവർ തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടിന്റെ പ്രത്യക്ഷ ഉദാഹരണമാണിത്. ഇവരാണ് രാജ്യത്തിന്റെ നയങ്ങൾ രൂപീകരിക്കുന്നത്; സ്ഥാപിത താല്പര്യാർത്ഥം സൈനികവൽക്കരണത്തനും ഭ്രാന്തമായ ആയുധവൽക്കരണത്തിനുമൊക്കെയായി പൊതുഖജനാവിൽ നിന്ന് പണം ഒഴുക്കുന്നത്.

> **ആയുധ ഇടപാടുകളുടെ മേഖലയിലെ അഴിമതി, കൈക്കൂലി, കമ്മീഷൻ എന്നിവയുടെ സാധ്യതകളെ പ്രതിരോധമേഖലയിലെ വിദേശനിക്ഷേപം സംശയലേശമെന്യേ വർധിപ്പിച്ചിട്ടുണ്ട്. അങ്ങേയറ്റം അഴിമതി പുരണ്ട ഒരു രാഷ്ട്രീയ-വ്യവസായ-സൈനികസങ്കരമാണ് പ്രതിരോധമേഖലയെ ഭരിക്കുന്നത്.**

**പരസ്പരവിരുദ്ധമായ വാദങ്ങൾ നിരത്തി സത്യം മറച്ചുവെക്കുന്നു**

പക്ഷേ, ഗതികെട്ട ന്യായവാദങ്ങളുമായി ഇറങ്ങിയ ബിജെപി സർക്കാരിന്റെ ഭാഗത്തുനിന്നും വ്യാജവാദങ്ങൾക്ക് ഒരു കുറവുമുണ്ടാകുന്നില്ല. ഒന്നാമതായി, കഴിഞ്ഞ നവംബറിൽ അവർ അവകാശപ്പെട്ടത് കഴിഞ്ഞ കോൺഗ്രസ്-യുപിഎ സർക്കാർ ധാരണയുണ്ടാക്കിയതിലും എത്രയോ കുറവാണ് തങ്ങൾ ധാരണയാക്കിയ വില എന്നതാണ്. കൃത്യമായ വില വിവരം കുറച്ചു കഴിഞ്ഞ് പുറത്തുവിടുമത്രേ. എന്നാൽ കഴിഞ്ഞ മാർച്ചിൽ കേന്ദ്രപ്രതിരോധമന്ത്രി രാജ്യസഭയെ അറിയിച്ചത്, സർക്കാരുകൾ തമ്മിലുള്ള കരാറിന്റെ അനുഛേദം 10 പ്രകാരം, വിലയും മറ്റ് രഹസ്യസ്വഭാവമുള്ള വിവരങ്ങളും പുറത്തുവിടുന്നത് വിലക്കിയിരിക്കുന്നു എന്നാണ്. വിമാനവുമായി ബന്ധപ്പെട്ട സാങ്കേതികകാര്യങ്ങൾ രാജ്യസുരക്ഷയെ മുൻനിർത്തി രഹസ്യമാക്കിവെക്കുന്നത് യുക്തിസഹമാണ്. എന്നാൽ, പാർലമെന്റിൽ കരാറുമായി ബന്ധപ്പെട്ട വ്യാപാരവശങ്ങൾ അവതരിപ്പിക്കുന്നതിൽ ഒരു തടസ്സവുമില്ല. സത്യത്തിൽ, രണ്ട് മുൻ എൻഡിഎ മന്ത്രിമാർ പുറത്തുവിട്ട ഒരു രേഖയിൽ, അനിൽ അംബാനിയുടെ റിലയൻസ് ഗ്രൂപ്പ് പുറത്തുവിട്ട പ്രസ്താവന ഉദ്ധരിക്കുന്നുണ്ട്. അതുപ്രകാരം, ഒരു വിമാനത്തിന് 1660 കോടി രൂപയാണ് പുതുതായി നിശ്ചയിച്ച വില. രണ്ടാമതായി, അന്ന് കോൺട്രാക്ട് സംബന്ധമായി വിലപേശൽ നടത്തുന്ന കമ്മിറ്റിയുടെ ഭാഗമായിരുന്ന, പ്രതിരോധവകുപ്പിലെ അക്വിസിഷൻ മാനേജർ കൂടിയായ ജോയിന്റ് സെക്രട്ടറി, ഈ ഇടപാടിലെ അടിസ്ഥാനവിലയെക്കുറിച്ച് ചോദ്യം ഉയർത്തുകയും തന്റെ എതിർപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം ഉയർത്തിയ ഒരു പ്രധാന എതിർപ്പ്, പുതിയ 36-വിമാന റഫേൽ ഇടപാടിൽ ഫ്രഞ്ച് വിമാനത്തിനു നിശ്ചയിച്ച അടിസ്ഥാനവിലയെ കുറിച്ചാണെന്നാണ് പറയപ്പെടുന്നത്. ഇത്, പഴയ 126 വിമാന റഫേൽ ധാരണയിലെ അടിസ്ഥാനവിലയേക്കാൾ വളരെ കൂടുതൽ ആണത്രെ. ഇടപാട് അംഗീകരിക്കുവാനുള്ള ക്യാബിനറ്റ് നോട്ടും കരാർ ഒപ്പിടുന്നതും വൈകിപ്പിച്ചതും ഇദ്ദേഹത്തിന്റെ എതിർപ്പാണത്രേ. പിന്നീട്, അക്വിസിഷൻ ഡയറക്ടർ ജനറൽ എന്ന മറ്റൊരു ഉയർന്ന പ്രതിരോധവകുപ്പ് ഉദ്യോഗസ്ഥൻ ഈ എതിർപ്പുകളെ അസാധുവാക്കിയതിനു ശേഷമേ മേൽനടപടികൾ മുന്നോട്ടു പോയുള്ളൂ. ആ നോട്ട്, റഫേൽ ഇടപാടിന്റെ ഫയലിന്റെ ഭാഗമായി ഇപ്പോൾ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ (സിഎജി) ഓഫീസിലാണ്. സിഎജി പഠന-പരിശോധനകൾക്കുശേഷം, ഡിസംബറിൽ പാർലമെന്റിന്റെ ശൈത്യകാലസമ്മേളനത്തിൽ റിപ്പോർട്ട് സമർപ്പിച്ചേക്കാം. മാധ്യമറിപ്പോർട്ടുകൾ പ്രകാരം, സിഎജി റിപ്പോർട്ടിൽ ഈ നോട്ടും അതിലെ എതിർപ്പുകളെ എങ്ങനെ തിരസ്കരിച്ചു എന്നതും പരാമർശിച്ചേക്കാം. ഈ നോട്ടിനെക്കുറിച്ച് ബിജെപി സർക്കാർ ഒന്നും മിണ്ടുന്നില്ല. ബിജെപി സർക്കാരിന്റെ അടുത്ത വാദം, കൂട്ടുസംരംഭത്തിലെ പങ്കാളിയെ തെരഞ്ഞെടുക്കാനുള്ള പൂർണ്ണ അവകാശം ദസ്സോൾട്ടിനു മാത്രമാണ് എന്നതാണ്. എന്നാൽ ഏത് ഓഫ്സെറ്റ് പങ്കാളിയെയും തെരഞ്ഞെടുക്കാൻ സർക്കാർ അനുമതി വേണമെന്നതാണ് ഓഫ്സെറ്റ് നിബന്ധനയുടെ മാർഗനിർദേശമെന്ന് ചൂണ്ടിക്കാട്ടി വിമർശകർ ഇതിനെ ചോദ്യംചെയ്യുന്നു. മൂന്നാമതായി, കേന്ദ്രപ്രതിരോധമന്ത്രി അവകാശപ്പെട്ടത് ഓഫ്സെറ്റ് കരാറുകളൊന്നും ഒപ്പിട്ടിട്ടില്ല എന്നാണ്. പക്ഷേ, റിലയൻസിന്റെയും ദസ്സോൾട്ടിന്റെയും കൂട്ടുസംരംഭം നിരന്തരം പത്രപ്രസ്താവനകളിലൂടെ വ്യക്തമാക്കുന്നത്, അവരായിരിക്കും ഫ്രഞ്ച് കമ്പനിയുടെ ഓഫ്സെറ്റ് ഉത്തരവാദിത്തങ്ങൾ നിറവേറ്റുക എന്നതാണ്. വാസ്തവത്തിൽ, നാഗ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തോട് ചേർന്നുള്ള മിഹാൻ പ്രത്യേക സാമ്പത്തികമേഖലയിലെ ധീരുഭായ് അംബാനി എയറോസ്പേസ് പാർക്കിൽ ദസ്സോൾട്ട് റിലയൻസ് ഏവിയേഷൻ ലിമിറ്റഡിന്റെ ശിലാസ്ഥാപനം, കഴിഞ്ഞ ഒക്ടോബർ അവസാനം കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി, മഹാരാഷ്ട്രയിലെ ബിജെപി മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ്, ഫ്രഞ്ച് പ്രതിരോധമന്ത്രി ഫ്ളോറൻസ് പാർലി എന്നിവരുടെ സാന്നിദ്ധ്യത്തിലാണ് നടന്നത്. ഇടപാടിനെ പ്രതിരോധിക്കാനായി സർക്കാർ പിന്നീട് പറയുന്നത്, യുദ്ധവിമാന നിർമാണത്തിൽ പരിചയമില്ലാത്തതുമൂലം എച്ച്എഎല്ലിന് ഇടപാടിന് യോഗ്യതയില്ല എന്നാണ്. 2018 ആഗസ്ത് 31 വരെ എച്ച്എഎൽ തലവൻ ആയിരുന്ന ടി.സുവർണ്ണരാജു പരസ്യമായിത്തന്നെ ഈ വാദത്തെ ചോദ്യം ചെയ്തു. എന്തുകൊണ്ട് സത്യം വെളിപ്പെടുത്താനായി ഇതുമായി ബന്ധപ്പെട്ട ഫയലുകൾ സർക്കാർ പരസ്യമാക്കുന്നില്ല എന്നും അദ്ദേഹം ചോദിക്കുന്നു. ഇന്ത്യൻ വ്യോമസേനയുടെ കുന്തമുനയായ 25-ടൺ സുഖോയ്-30 എന്ന നാലാം തലമുറ യുദ്ധവിമാനം, അസംസ്കൃതവസ്തുക്കൾ ഉൾപ്പെടെ നിർമ്മിച്ചെടുക്കുന്ന എച്ച് എ എല്ലിന്റെ കാര്യശേഷിയെ എങ്ങനെ ഒരാൾക്ക് സംശയിക്കാനാകുന്നു എന്നും അദ്ദേഹം ചോദിക്കുന്നു. കഴിഞ്ഞ സെപ്റ്റംബർ 18 ന് കേ

(ശേഷം 6-ാം പേജിൽ)

# ആഗോളീകരണ നയങ്ങളുടെ വരവോടെ നിർണ്ണായകമായ പ്രതിരോധരംഗവും കുത്തകകൾക്ക് തുറന്നുകൊടുത്തു

(5-ാം പേജിൽ നിന്ന്)

ന്ദ്രപ്രതിരോധമന്ത്രി പറഞ്ഞത്, യുപിഎ സർക്കാരിന്റെ കാലത്തുതന്നെ ഇടപാടിൽനിന്നും എച്ച്എഎല്ലിനെ ഒഴിവാക്കിയിരുന്നു എന്നാണ്. എന്നാൽ ബിജെപി അധികാരത്തിൽ വന്നതിനു ശേഷം 2015 ഏപ്രിലിലാണ് ഇന്ത്യയും ഫ്രാൻസും തമ്മിൽ അന്തർ-സർക്കാർ കരാർ ഒപ്പുവെക്കുന്നത് എന്നതാണ് വസ്തുത. കൂട്ടുസംരംഭത്തിൽ പങ്കാളിയെ നിശ്ചയിക്കുന്നതിൽ ദസ്സോൾട്ട് തീരുമാനം കൈക്കൊണ്ടതിൽ സർക്കാരിന് യാതൊരു പങ്കുമില്ലെന്നതാണ് ബിജെപി സർക്കാർ ഒഴിഞ്ഞുമാറാൻ ഉപയോഗിക്കുന്ന മറ്റൊരു വാദം. പക്ഷേ, ഇടപാടിന് അന്ത്യരൂപം നൽകിയപ്പോൾ ദസ്സോൾട്ടിന്റെ പങ്കാളിയായി അനിൽ അംബാനിയുടെ പേര് നിർദേശിച്ചുകൊണ്ട് ഫ്രഞ്ച് സർക്കാരിന് മറ്റ് നിർവാഹമില്ലാതാക്കിയത് ഇന്ത്യൻ സർക്കാരാണ് എന്ന്, അന്ന് ഫ്രഞ്ച് പ്രസിഡന്റായിരുന്ന ഓലാന്ദേ പരസ്യമായി തന്നെ വ്യക്തമാക്കി. ഫ്രഞ്ച് കമ്പനികളുടെ ഇന്ത്യയിലെ വ്യവസായ പങ്കാളികളെ നിശ്ചയിക്കുന്നതിൽ തങ്ങൾ യാതൊരു തരത്തിലും ഇടപെട്ടിട്ടില്ല എന്ന് ഫ്രഞ്ച് സർക്കാരും ആവർത്തിക്കുന്നു. 2015-ൽ ഫ്രാൻസിൽ വച്ച്, ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിയും ഫ്രഞ്ച് പ്രസിഡന്റ് ഓലാന്ദേയും തമ്മിൽ അടച്ചിട്ട മുറിയിൽ നടത്തിയ കൂടിക്കാഴ്ച്ചക്കു ശേഷമാണ് ഇടപാട് രൂപപ്പെട്ടത് എന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. അന്ന് ഫ്രാൻസിലേക്കുള്ള പ്രധാനമന്ത്രിയുടെ യാത്രയിൽ പ്രതിരോധമന്ത്രിയോ വിദേശകാര്യമന്ത്രിയോ അദ്ദേഹത്തെ അനുഗമിക്കുകയുണ്ടായില്ല. അനിൽ അംബാനി മാത്രമാണ് കൂടെയുണ്ടായിരുന്നത്. കഴിഞ്ഞ സെപ്റ്റംബർ 24 ന് ഡൽഹിയിലെ ബിജെപി ആസ്ഥാനത്തുവെച്ച് റഫേൽ പ്രശ്നത്തെ സംബന്ധിക്കുന്ന ഒരു അനൗദ്യോഗിക വാർത്താ സമ്മേളനത്തിനിടെ പ്രതിരോധമന്ത്രി രണ്ട് ഫ്രഞ്ച് പത്രപ്രവർത്തകരോട് പുറത്തുപോകാൻ ആവശ്യപ്പെട്ടതായും റിപ്പോർട്ടുകളുണ്ടായിരുന്നു. പ്രത്യക്ഷത്തിൽ തന്നെ അങ്കലാപ്പിലായ ബിജെപി നേതാക്കളും മന്ത്രിമാരും ഇപ്പോൾ കാടും പടപ്പും തല്ലുകയും, ബന്ധമില്ലാത്ത മറ്റു വിഷയങ്ങളിലേയ്ക്ക് ശ്രദ്ധ തിരിക്കാൻ നോക്കുകയും, റഫേൽ സംബന്ധിക്കുന്ന പ്രധാനചോദ്യങ്ങളിൽ നിന്നും ഒഞ്ഞുമാറാനായി പാർലമെന്റിലെ പ്രധാനപ്രതിപക്ഷമായ കോൺഗ്രസുമായി മല്ലയുദ്ധം നടത്തുകയുമാണ്.

**കോൺഗ്രസും ബിജെപിയും തമ്മിലുള്ള കപടയുദ്ധം**

ഇരുണ്ട ഇടപാടുകളുടെയും വമ്പൻ അഴിമതികളുടെയും കുത്തൊഴുക്ക് കോൺഗ്രസ് ഭരണകാലത്തും ഉണ്ടായിരുന്നു എന്നത് പരസ്യമായ രഹസ്യമാണ്. ഭരണമുതലാളിവർഗത്തിന്റെ വിശ്വസ്ത സേവകരാണ് കോൺഗ്രസും ബിജെപിയും. അവർ തമ്മിൽ അധികാരത്തിനായി മാത്രമേ പോരാട്ടമുള്ളൂ. ദുഷിച്ച, മരണാസന്നനിലയിലുള്ള മുതലാളിത്തം അങ്ങേയറ്റം അഴിമതിഗ്രസ്തവും, സമ്പൂർണമായും ജനവിരുദ്ധവും, ഉൾക്കാമ്പിൽ വരെ പ്രതിലോമകരവും ആണ്. കോൺഗ്രസ് ആകട്ടെ, ബിജെപി ആകട്ടെ, മുതലാളി വർഗതാൽപ്പര്യങ്ങളുടെ സംരക്ഷകരായ മറ്റേതൊരു പാർട്ടിയുമാകട്ടെ, അഴിമതിയിലും അന്യായപ്രവൃത്തികളിലും അതിക്രമങ്ങളിലുംനിന്ന് മാറിനിൽക്കുക സാധ്യമല്ല. കോൺഗ്രസ് സർക്കാരിന്റെ തെറ്റുകളിലേക്ക് വിരൽ ചൂണ്ടുന്നത് ബിജെപി സർക്കാരിന്റെ ഭാഗത്തു നിന്നുള്ള ഗുരുതരക്രമക്കേടുകൾക്കുള്ള ന്യായീകരണമല്ല. അതുപോലെ തന്നെ, ഇപ്പോൾ ആയുധ ഇടപാടുകളിലെ ക്രമക്കേടുകൾക്കെതിരെയും കുത്തകമുതലാളിമാർക്ക് ലഭിക്കുന്ന അനർഹമായ നേട്ടങ്ങൾക്കെതിരെയും കോൺഗ്രസ് ശബ്ദമുയർത്തുന്നത് യാതൊരു രാഷ്ട്രീയ ധാർമികതയുടെയും പേരിലല്ല, തെരഞ്ഞെടുപ്പുരംഗത്തെ നേട്ടങ്ങൾക്കായി ജനശ്രദ്ധ പിടിച്ചു പറ്റാൻ വേണ്ടി മാത്രമാണ്. റഫേൽ ഇടപാടിനെച്ചൊല്ലി ഇപ്പോൾ കോൺഗ്രസും ബിജെപിയും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന ഈ ചെളിവാരിയെറിയൽ പൊതുജനത്തെ തൃപ്തിപ്പെടുത്താനുള്ള ഒരു കപടയുദ്ധം മാത്രമാണ്.

**പിന്തിരിപ്പൻ മുതലാളിത്ത സംവിധാനത്തിന്റെ മുഖമുദ്രയാണ് സർവവ്യാപിയായ അഴിമതി**

ഇവിടെ പ്രസക്തമായ കാര്യം, ഒരു ലോകവ്യവസ്ഥ എന്ന നിലയിൽ മുതലാളിത്തം പഴഞ്ചനും പിന്തിരിപ്പനുമാകുമ്പോൾ വ്യാപകമായ അഴിമതി അതിന്റെ മുഖമുദ്രയാകുന്നു. ബോഫോഴ്സ് പീരങ്കി, കാർഗിൽ ശവപ്പെട്ടി ഇടപാട്, ആഗസ്റ്റാ വെസ്റ്റ്ലന്റ്, ആദർശ് ഭവനപദ്ധതി, ഇപ്പോൾ റഫേൽ എന്നിങ്ങനെ പുറത്തുവന്നുകൊണ്ടിരിക്കുന്ന ഓരോ വമ്പൻ അഴിമതിയും, മുതലാളിത്ത ഇന്ത്യയുടെ പ്രതിരോധമേഖല അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുന്നു എന്നതാണ് തെളിയിക്കുന്നത്. കേന്ദ്രബജറ്റിന്റെ




12% ആയുധങ്ങൾ വാങ്ങുന്നതിനും നിർമിക്കുന്നതിനും മാറ്റിവെച്ചുകൊണ്ട്, ലക്ഷക്കണക്കിനു കോടി രൂപയാണ് പ്രതിരോധ മേഖലയിൽ ഇന്ത്യാ ഗവൺമെന്റ് ചെലവിടുന്നത്. നേരത്തേ, ആയുധങ്ങളുടെ ഉത്പാദനം സർക്കാർ മേഖലയുടെ കീഴിലായിരുന്നു. എന്നാൽ വിനാശകാരിയായ ആഗോളവൽക്കരണ-ഉദാരവൽക്കരണ-സ്വകാര്യവൽക്കരണ നയങ്ങൾ നടപ്പാക്കിയതിനു ശേഷം, പ്രതിരോധം പോലെയൊരു നിർണായക മേഖല ഭീമൻ കുത്തക മുതലാളിമാരടങ്ങുന്ന സ്വകാര്യമേഖലക്കായി തുറന്നുകൊടുക്കുകയുണ്ടായി. ഈ ദിശയിൽ ഒരു ചുവടുകൂടി വെച്ചുകൊണ്ട്, ഇന്ത്യയിൽ സ്വകാര്യ മേഖലയിൽ പ്രതിരോധ ഉത്പാദനസമ്പ്രദായം സൃഷ്ടിക്കുവാനും വളർത്തുവാനും ലക്ഷ്യം വെച്ചുകൊണ്ട്, പ്രതിരോധ ഉത്പാദനത്തിൽ തന്ത്രപ്രധാന പങ്കാളിത്തമെന്ന നയത്തിന് ബിജെപി സർക്കാർ തുടക്കം കുറിച്ചു. ഏറെ കൊട്ടിഘോഷിക്കപ്പെട്ട മേക്ക് ഇൻ ഇന്ത്യ മുദ്രാവാക്യത്തിന്റെ മുഖ്യ ഊന്നലും പ്രതിരോധവ്യവസായത്തിലായിരിക്കും എന്നാണ് കേന്ദ്രസർക്കാർ വ്യക്തമാക്കിയത്. തെരഞ്ഞെടുത്ത ഇന്ത്യൻ കമ്പനികളുടെ തന്ത്രപരമായ പങ്കാളിത്തം ഈ രംഗത്ത് അത്യന്താപേക്ഷിതമാണെന്ന് അവർ വാദിച്ചു. അതുമാത്രമല്ല. നേരിട്ടുള്ള വിദേശനിക്ഷേപത്തിന്റെ കാര്യത്തിൽ സമൂലമായ ഉദാരവൽക്കരണവും 2016-ൽ ബിജെപി സർക്കാർ പ്രഖ്യാപിച്ചു. അതിന്റെ മറവിൽ, പ്രതിരോധമടക്കമുള്ള പ്രധാന മേഖലകളിൽ 100% വിദേശനിക്ഷേപം അനുവദിച്ചുകൊണ്ട് സമ്പൂർണവിദേശ ഉടമസ്ഥതക്കും വാതിൽ തുറന്നിട്ടു കൊടുക്കുകയുണ്ടായി. വിദേശനിക്ഷേപം ഇല്ലാതിരുന്നിട്ടുതന്നെ, രാജ്യത്തിന്റെ സംരക്ഷകരാകുമെന്നു പ്രതീക്ഷിക്കുന്ന ഉന്നത സൈനികമേധാവികളും, മന്ത്രിമാരും മറ്റ് ഉദ്യോഗസ്ഥപ്രമാണിമാരും ഉൾപ്പെട്ട എത്രയോ കള്ളക്കളികൾ രാജ്യം ഇതിനോടകം കണ്ടുകഴിഞ്ഞു. അത്തരം വിൽപ്പന ഇടപാടുകളിൽ നിന്നും വ്യക്തിപരമായ നേട്ടമുണ്ടാക്കിയെന്നതിന് മന്ത്രിമാരുടെ നേരേ പോലും വിരൽ ചൂണ്ടപ്പെട്ടിട്ടുണ്ട്. ആയുധ ഇടപാടുകളുടെ മേഖലയിലെ അഴിമതി, കൈക്കൂലി, കമ്മീഷൻ എന്നിവയുടെ സാധ്യതകളെ പ്രതിരോധമേഖലയിലെ വിദേശനിക്ഷേപം സംശയലേശമെന്യേ വർധിപ്പിച്ചിട്ടുണ്ട്. അങ്ങേയറ്റം അഴിമതി പുരണ്ട ഒരു രാഷ്ട്രീയ-വ്യവസായ-സൈനികസങ്കരമാണ് പ്രതിരോധമേഖലയെ ഭരിക്കുന്നത്. കുത്തകകൾക്ക് പണമുണ്ടാക്കുവാനും ലാഭം കുന്നുകൂട്ടുവാനുമായി സർക്കാർ സന്തോഷത്തോടെ നിയമങ്ങൾ ഉണ്ടാക്കുന്നു, മാറ്റുന്നു, വളച്ചൊടിക്കുന്നു. ഇതിനു പകരമായി ബിജെപിയും കോൺഗ്രസും പോലെയുള്ള ഭരണമുതലാളിത്ത പാർട്ടികളെ അധികാരത്തിലെത്തിക്കാനും, അല്ലെങ്കിൽ അധികാരത്തിന്റെ ഇടനാഴികളിൽ നിറഞ്ഞുനിൽക്കാനും രാഷ്ട്രീയമായും സാമ്പത്തികമായും ഈ കുത്തകകൾ അവരെ സഹായിക്കുന്നു. ഇതൊരു കൊടുക്കൽ-വാങ്ങൽ ബന്ധമാണ്. അതുവഴി, ദുരിതങ്ങളിലാണ്ട ജനത്തിന്റെ അവസാനത്തെ തുള്ളി രക്തവും ഊറ്റിയെടുത്ത് നിറച്ചിരിക്കുന്ന പൊതുഖജനാവിനെ നിർദാക്ഷിണ്യം കൊള്ളയടിക്കുന്നു. റഫേൽ ഇതിന്റെ പ്രത്യക്ഷ ഉദാഹരണമാണ്. മഹാനായ മാർക്സ് പണ്ടേ പറഞ്ഞിട്ടുണ്ട്, "സ്വകാര്യതാൽപ്പര്യങ്ങളുടെ പ്രതിനിധാനം..., സ്വാഭാവികവും ആത്മീയവുമായ എല്ലാ വ്യത്യസ്തതകളെയും ഇല്ലാതാക്കി, പകരം ഒരു പ്രത്യേക ഭൗതിക വസ്തുവിന്റെയും, അതിനു അടിമത്തത്തോടെ കീഴ്പ്പെട്ടിരിക്കുന്ന ഒരു പ്രത്യേക അന്തർബോധത്തിന്റെയും അധാർമികവും യുക്തിരഹിതവും ഹൃദയശൂന്യവുമായ സംഗ്രഹത്തെ പകരം വെക്കുന്നു.."(ഓൺ ദ് തെഫ്റ്റ് ഓഫ് വുഡ് ഇൻ റെയ്നിഷ് സെതുങ്) ഈ പ്രവചനം ഇന്നെത്ര കൃത്യമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

**പ്രതിരോധച്ചെലവിനുള്ള അമിതപ്രാധാന്യം**

അർധപ്രാണരും, യാചകരും, രോഗികളും, ആത്മഹത്യാമുനമ്പിൽ നിൽക്കുന്നവരുമായ ജനങ്ങളെക്കൊണ്ടു നിറഞ്ഞ ഈ രാജ്യത്ത്, സർക്കാർ മൂന്നു ലക്ഷം കോടി രൂപ, അഥവാ, ബജറ്റിന്റെ 12.5% തുക രാജ്യത്തിന്റെ സൈനികമേദസ്സ് വർധിപ്പിക്കാനായി വിനിയോഗിക്കുന്നു എന്നത് പ്രത്യേകം പരിഗണിക്കേണ്ട കാര്യമാണ്. സാമ്പത്തികത്തകർച്ചയുടെ വർധിക്കുന്ന ദുരിതം, അവശ്യസാധനങ്ങളുടെ ഭീകരമായ വിലവർധന, പെരുകുന്ന തൊഴിലില്ലായ്മ, തൊഴിൽനഷ്ടത്തിലുള്ള വർധന, കൂലി വെട്ടിക്കുറയ്ക്കൽ, മറ്റ് ഭീകരമായ സാമ്പത്തിക ആക്രമണങ്ങൾ തുടങ്ങിയവയിൽ പെട്ട് രക്തം വാർന്നു ദുരിതക്കയത്തിൽ മുങ്ങുന്ന ദശലക്ഷങ്ങൾക്ക് പരമാവധി സഹായമെത്തിക്കുക എന്ന അടിയന്തരാവശ്യം നിലനിൽക്കുമ്പോൾ, യുദ്ധത്തെയും രാജ്യസുരക്ഷക്കുള്ള ഭീഷണിയെയും കുറിച്ചുള്ള ഭയം വളർത്തി, രാജ്യപ്രതിരോധത്തിന്റെ ആവശ്യത്തിനെന്ന പേരിൽ വിഭവങ്ങളുടെ ഭൂരിഭാഗവും വകമാറ്റുന്നതിനാണ് സർക്കാരിന്റെ മുൻഗണനയെന്നത് സത്യമല്ലേ? രാജ്യത്തെ ജനങ്ങളുടെ ഏറ്റവും കുറഞ്ഞ അടിസ്ഥാന ആവശ്യങ്ങൾ പോലും നിഷേധിക്കുന്നതിനായി ഏതെങ്കിലും പരിഷ്കൃതസർക്കാർ കൃത്രിമമായി പ്രചോദിപ്പിച്ച യുദ്ധഭീതിയെ ഉപകരണമാക്കാൻ പാടുണ്ടോ? വാസ്തവത്തിൽ ഈ യുദ്ധഭ്രാന്തിന് തിരികൊളുത്തുന്നതുതന്നെ രാജ്യത്തിനകത്ത് ശാന്തിയും സമാധാനവും പുലരുന്നതിന് വിഘാതമാണ്. രാജ്യം പുറത്തു നിന്നൊരു ശത്രുവിന്റെ ആക്രമണത്തെ നേരിട്ടാൽത്തന്നെ, അഴിമതി നിറഞ്ഞ ചാവേർപട്ടാളമല്ല, മറിച്ച്, പൗരന്മാരുടെ ഉജ്വലമായ രാജ്യസ്നേഹമാണ് സ്വാതന്ത്ര്യവും പരമാധികാരവും സംരക്ഷിക്കുവാനുള്ള ഉറപ്പു നൽകുന്നത് എന്നാണ് ചരിത്രം പഠിപ്പിക്കുന്നത്. അപ്പോൾ സൈനികശേഷി വർധിപ്പിച്ചുകൊണ്ടേയിരിക്കേണ്ട അടിയന്തരആവശ്യകതയെന്താണ്? ഇതാണ് പ്രധാനചോദ്യം. ഇതിന് ഉത്തരം കണ്ടെത്തുക അത്ര ബുദ്ധിമുട്ടല്ലതാനും.

**ജനങ്ങളുടെ ഉത്കണ്ഠകളും താത്പര്യങ്ങളും അവഗണിക്കപ്പെടുന്നു**

മുതലാളിത്തത്തിന്റെ നിയമങ്ങളാൽത്തന്നെ സൃഷ്ടിക്കപ്പെട്ട അപരിഹാര്യമായ കമ്പോള പ്രതിസന്ധിയിൽ ആണ്ടുമുങ്ങിക്കിടക്കുകയാണ് ലോകമൊട്ടാകെ സാമ്രാജ്യത്വ-മുതലാളിത്തം. നിർദയമായ മുതലാളിത്ത ചൂഷണത്താൽ ജനങ്ങളുടെ ക്രയശേഷി കുത്തനെ ഇടിഞ്ഞപ്പോൾ, കമ്പോളവും ഉയർന്ന തോതിൽ ഞെരുക്കത്തിലായിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ എങ്ങനെയും പ്രതിസന്ധി ഒഴിവാക്കുന്നതിനായി സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളിലെ ഭരണമുതലാളിവർഗം, ഓഹരിക്കമ്പോളത്തിലെ ഊഹക്കച്ചവടത്തിൽ മുതലിറക്കുക, സമ്പദ്ഘടനയെ കൂടുതലായി സൈനികൽക്കരിക്കുക തുടങ്ങിയ മറ്റു മാർഗങ്ങൾ സ്വീകരിക്കുന്നു. പ്രതിസന്ധി നിറഞ്ഞ കമ്പോളത്തെ കൃത്രിമമായി ഉത്തേജിപ്പിച്ച് മുതലാളിത്ത സമ്പദ്വ്യവസ്ഥയെ എങ്ങനെയെങ്കിലും മുന്നോട്ടു കൊണ്ടുപോകുകയെന്ന അവരുടെ ആത്യ

(ശേഷം 7-ാം പേജിൽ)

# തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തിൽ അടിയുറച്ച ജനകീയ മുന്നേറ്റത്തിലൂടെ മാത്രമേ അഴിമതിക്ക് തടയിടാൻ കഴിയു

(6-ാം പേജിൽ നിന്ന്)

ന്തികലക്ഷ്യത്തിന്റെ സമ്മർദ്ദമാണിതിനുപിന്നിൽ. തങ്ങളുടെ അടിമസർക്കാരുകളിലൂടെ, ഇന്ത്യൻ മുതലാളിവർഗവും കൃത്യമായി ഇതേ പാത തന്നെയാണ് പിന്തുടരുന്നത്. ലോക മുതലാളിത്ത സാമ്പത്തികഘടനയുടെ തീവ്രമാന്ദ്യത്തിന്റെയും കമ്പോളപ്രതിസന്ധിയുടെയും ഈ ദിനങ്ങളിൽ എല്ലാ മുതലാളിത്തരാജ്യങ്ങളും പിന്തുടരുന്ന സമ്പദ്‌വ്യവസ്ഥയുടെ സൈനികവൽക്കരണം എന്ന കാര്യപരിപാടിയുടെ അവിഭാജ്യഘടകമാണ് പ്രതിരോധരംഗത്തെ നേരിട്ടുള്ള വിദേശനിക്ഷേപം. ആയുധനിർമാണത്തിലെ ഈ കുതിപ്പിന്റെ അടിസ്ഥാനത്തിൽ, ആയുധങ്ങളുടെ വിൽപ്പനക്ക് ഒരു അന്താരാഷ്ട്ര കമ്പോളം ഉണ്ടായിരിക്കുന്നു. സ്റ്റോക്ക്ഹോം ഇന്റർനാഷണൽ പീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (SIPRI) പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം, 2012 മുതൽ 17 വരെയുള്ള കാലയളവിൽ മൊത്തം ആഗോള ആയുധ ഇറക്കുമതിയുടെ 12% ഇന്ത്യയുടേതാണ്. ഇത് ലോകത്തുതന്നെ ഏറ്റവും കൂടുതലാണ്. അപ്പോൾ, സ്വദേശിയും വിദേശിയുമായ കുത്തകകളെല്ലാം ഇന്ത്യയിലെ ആയുധനിർമാണത്തിലും, മാറിമാറി വരുന്ന ബൂർഷ്വാ സർക്കാരുകളുമായി കൗശലപൂർവം ആവിഷ്കരിക്കുന്ന ആയുധ ഇടപാടുകളിലും അതീവ തത്പരരായിരിക്കും.

ദേശീയതയുടേയും ദേശസ്നേഹത്തിന്റെയും ഒരേയൊരു നേരവകാശികൾ എന്നു വീമ്പിളക്കുന്ന ബിജെപി സർക്കാർ, യുഎസ് സാമ്രാജ്യത്വമടക്കമുള്ള വമ്പൻ മുതലാളിത്തശക്തികൾക്കും അവരുടെ യുദ്ധവിൽപ്പനക്കാരായ കൂറ്റൻ ബഹുരാഷ്ട്രകമ്പനികൾക്കും എങ്ങനെയാണ് ഏറെ പ്രാധാന്യവും സൂക്ഷ്മതയും വേണ്ട പ്രതിരോധരംഗത്ത് തന്ത്രപധാനമായ സ്ഥാനം കരസ്ഥമാക്കുവാൻ അവസരമുണ്ടാക്കിക്കൊടുക്കുന്നത് എന്ന് നമുക്ക് കാണാവുന്നതാണ്. ഇത് രാജ്യത്തിന്റെ സുരക്ഷക്ക് കടുത്ത ഭീഷണിയാണ് സൃഷ്ടിക്കുന്നത്. ഇങ്ങനെ, മുഴുവൻ പ്രതിരോധരംഗവും അവർക്ക് തുറന്നിട്ടുകൊടുക്കുന്നതിലൂടെ രാജ്യത്തിന്റെ എല്ലാ സൈനികരഹസ്യങ്ങളും ആയുധശേഖരവും മറ്റ് പ്രധാനപ്പെട്ട സൈനികവിവരങ്ങളും അവരുടെ കൈക്കുമ്പിളിലേക്കാവും എത്തുക. വിദേശബന്ധം സ്ഥാപിക്കുന്ന ദേശീയ സ്ഥാപനങ്ങൾ, വിദേശശക്തികൾക്ക് ആവശ്യം വന്നാൽ ഇന്ത്യൻ ജനതക്കുമേൽ ചാരപ്രവർത്തനവും നുഴഞ്ഞുകയറ്റവും അട്ടിമറിയും നടത്താൻ സഹായിച്ചേക്കാം. ഇങ്ങനെ, വിദേശസഹായത്തോടെ ആധുനിക ആയുധങ്ങൾ നിർമിക്കാനോ വാങ്ങാനോ എന്ന പേരിൽ ദേശസുരക്ഷയുടെ കാര്യത്തിൽ ഗുരുതരമായ വിട്ടുവീഴ്ച ചെയ്യുമ്പോൾ, ആയുധവ്യാപാരികളുടേയും വമ്പൻ കോർപ്പറേറ്റുകളുടേയും പണസഞ്ചി നിറയ്ക്കുമ്പോൾ, അത് രാജ്യത്തെ ശത്രുക്കൾക്ക് വിൽക്കുന്നതിന് തുല്യമാകുന്നു.

സാമ്പത്തികാവശ്യത്തിനു പുറമേ ഇന്ത്യൻ ബൂർഷ്വാസിക്ക് ഒരു രാഷ്ട്രീയാവശ്യവുമുണ്ട്. ഇന്ത്യൻ മുതലാളിവർഗം സാമ്രാജ്യത്വസ്വഭാവം ആർജ്ജിച്ച് പ്രാദേശിക വൻശക്തിയായി ഉയർന്നുവരാൻ ആഗ്രഹിക്കുന്നു എന്ന് രാഷ്ട്രീയ സാമ്പത്തികശാസ്ത്രത്തിന്റെ എല്ലാ വിദ്യാർത്ഥികൾക്കും അറിയാം. അപ്പോൾ സാമ്പത്തികശക്തിക്കു പുറമേ അതിന് സൈനികശക്തി കൂടി ഉയർത്തിക്കാട്ടേണ്ടതുണ്ട്. അതേസമയം തന്നെ, അവർക്ക് യുഎസ് അടക്കമുള്ള സാമ്രാജ്യത്വ വൻശക്തികളുമായി സൗഹൃദം സ്ഥാപിക്കേണ്ടതുമുണ്ട്. ഇതിനായി സൈനികവൽക്കരിക്കപ്പെട്ട സമ്പദ്ഘടനയുടെ മേഖലയിൽ സഹകരിക്കുകയും അതുവഴി, തങ്ങളുടെ ഫിനാൻസ് മൂലധനം വിദേശകമ്പോളങ്ങളിൽ നിക്ഷേപിക്കാനുള്ള അവസരമുണ്ടാക്കുകയും, മറ്റു രാജ്യങ്ങളിൽ ആയുധങ്ങളടക്കമുള്ള ചരക്കുകൾ വിൽക്കുന്നതിനുള്ള ഇളവുകൾ നേടിയെടുക്കാൻ ശ്രമിക്കുകയും




ചെയ്യും. ഈ ഉദ്ദേശത്തോടെ, ഇന്ത്യൻ ബൂർഷ്വാ സർക്കാർ സാമ്രാജ്യത്വ വൻശക്തികളോടൊപ്പം സ്ഥിരമായി സംയുക്ത സൈനികാഭ്യാസങ്ങളിൽ പങ്കെടുക്കാറുമുണ്ട്. യുഎസ്, യുകെ, ഫ്രാൻസ്, ജർമനി തുടങ്ങിയ സാമ്രാജ്യത്വശക്തികളുമായി സാമ്പത്തികധാരണകൾ, ആണവകരാറുകൾ, സൈനിക ഉടമ്പടികൾ എന്നിവയൊക്കെ ഉണ്ടാക്കി അടുപ്പം വളർത്താൻ ഇന്ത്യയിലെ ഭരണകുത്തകകളെ നിർബന്ധിതരാക്കുന്ന സാമ്പത്തിക-രാഷ്ട്രീയസമ്മർദ്ദം ആണിത്. മഹാനായ ലെനിൻ ഒരിക്കൽ നിരീക്ഷിച്ചു:"...കുത്തകവൽക്കരണത്തിനു മുമ്പുള്ള മുതലാളിത്തം-1870 കളിലാണ് അത് അതിന്റെ മൂർദ്ധന്യദശയിലെത്തിയത്-അതിന്റെ അടിസ്ഥാനപരമായ സാമ്പത്തിക ധാരകളുടെ-ഇംഗ്ലണ്ടിലും അമേരിക്കയിലുമാണ് അതിന്റെ സവിശേഷമായ ആവിഷ്കരണം കണ്ടത്- സ്വാധീനം മൂലം സമാധാനത്തോടും സ്വാതന്ത്ര്യത്തോടും താരതമ്യേന പരമാവധി താത്പര്യം കാണിച്ചു എന്നത് അതിനെ വ്യത്യസ്തമാക്കുന്നു. മറുവശത്ത് ഇരുപതാം നൂറ്റാണ്ടോടുകൂടി മാത്രം പക്വമായ സാമ്രാജ്യത്വം, അതായത് കുത്തകമുതലാളിത്തം, സമാധാനത്തോടും സ്വാതന്ത്ര്യത്തോടും വളരെ കുറച്ച് താത്പര്യം മാത്രം കാണിക്കുകയും സൈനികവൽക്കരണത്തിന്റെ സർവ്വവ്യാപിയായ വികാസത്തോട് പരമാവധി താത്പര്യം പ്രകടിപ്പിക്കുകയും ചെയ്യുന്നു"(തൊഴിലാളിവർഗവിപ്ലവവും വർഗവഞ്ചകനായ കൗട്സ്കിയും) ഇന്ന് ചരിത്രത്തിന്റെ അനിവാര്യമായ പാതയിലൂടെ സഞ്ചരിച്ച് മുതലാളിത്തം അതിന്റെ മരണമുഖത്തെത്തുകയും, അസാന്മാർഗികവും അധാർമികവും സ്വേച്ഛാപരവുമായ എല്ലാ മാർഗ്ഗങ്ങളും അവലംബിച്ചും, അഴിമതി ചവിട്ടുപടിയാക്കിയും നിലനിൽപ്പിനായി ഉഴലുമ്പോൾ, മാർക്സിന്റെ വാക്കുകൾ പ്രവചനതുല്യം സ്ഥാപിക്കപ്പെടുകയാണ്.

### വർദ്ധിച്ചുവരുന്ന ആക്രമണങ്ങൾക്കെതിരെ ജനങ്ങൾ ഉണർന്നെഴുന്നേൽക്കണം

ഭരണത്തിന്റെയും അധികാരത്തിന്റെയും ഉയർന്ന തലങ്ങളിൽ ശമനമില്ലാതെ വർദ്ധിക്കുന്ന ഈ അഴിമതിയുടെ ഏറ്റവും വലിയ ദുരിതഫലം സാമ്പത്തികമായും സാമൂഹികമായും ധാർമികമായും സാംസ്കാരികമായും, അനുഭവിക്കേണ്ടി വരുന്നത് സാധാരണക്കാരായ, അധ്വാനിക്കുന്ന ജനങ്ങളാണെന്നത് എടുത്തുപറയേണ്ട കാര്യമില്ല. തങ്ങളുടെ വർദ്ധിക്കുന്ന ദുരിതങ്ങളും ദാരിദ്ര്യവും, അതുപോലെതന്നെ സ്ഥാപനവൽക്കരിക്കപ്പെട്ട അഴിമതിയുടെ ഭീഷണമായ വർദ്ധനവ്, മുതലാളിത്ത വർഗതാത്പര്യത്തിന്റെ സേവകരായ പാർട്ടികൾ ജനകീയാവശ്യങ്ങളോടു പുലർത്തുന്ന കൊടിയ വഞ്ചന, ഇതിന്റെയെല്ലാം പിന്നിലെ സത്യം കണ്ടെത്താൻ ജനങ്ങൾക്ക് കഴിയേണ്ടത് അടിയന്തരാവശ്യമായിരിക്കുന്നു. ഓരോ ദിവസം കഴിയുന്തോറും, വോട്ട് അധിഷ്ഠിത ബൂർഷ്വാ പാർട്ടികൾ, പ്രത്യേകിച്ചും കപടമാർക്സിസ്റ്റുകളായ സിപിഐ, സിപിഐ(എം) പാർട്ടികൾ മുൻപ് തെരഞ്ഞെടുപ്പു താത്പര്യാർത്ഥം നടത്തിയിരുന്ന ചെറിയ തോതിലെങ്കിലുമുള്ള പ്രതിഷേധമുന്നേറ്റങ്ങളിൽനിന്നുപോലും പിൻവാങ്ങുകയാണ്. പണത്തിന്റെയും അധികാരത്തിന്റെയും പ്രലോഭനം ചെറുക്കാനാവാത്തതു മൂലം, പാർലമെന്റിനുപുറത്തുള്ള സമരങ്ങൾ പോകട്ടെ, ഈ വമ്പൻ അഴിമതികൾക്കും സാമ്പത്തികവെട്ടിപ്പുകൾക്കുമെതിരെ പാർലമെന്റിനുള്ളിൽ ശബ്ദമുയർത്താൻ പോലും അവർ മുൻകൈ എടുക്കുന്നില്ല. ബോഫോഴ്സ് അഴിമതിയുടെ കാലത്തുപോലും ഒരുപാട് ഒച്ചപ്പാടും ബഹളവും ഉണ്ടായിരുന്നു. എന്നാൽ അതിന്റെ ഒരംശം പോലും റഫേൽ അഴിമതിയുമായി ബന്ധപ്പെട്ട് കാണാനാകുന്നില്ല. എല്ലാ എതിർപ്പും പ്രതിഷേധവും, സൗമ്യമായ പ്രസ്താവനകളിലോ, മുൻകൂട്ടി ആസൂത്രണം ചെയ്തതുപോലുള്ള പരസ്പരനിന്ദയിലോ അവസാനിക്കുന്നു. എന്നാൽ ഇത്തരം വ്യത്തികെട്ട കളികളുടെ നിശ്ശബ്ദപ്രേക്ഷകരായി ജനങ്ങൾ തുടർന്നാൽ, ആവർത്തിച്ചുകൊണ്ടേയിരിക്കുന്ന ഈ അഴിമതി വിധിഹിതമാണെന്നും അതുകൊണ്ടുതന്നെ പരിഹാരമില്ലെന്നും കരുതിയാൽ, അവസ്ഥ കൂടുതൽ വഷളാവുകയേ ഉള്ളു. മുതലാളിത്തം കൂടുതൽ പ്രതിസന്ധിഗ്രസ്തമാകും. അധ്വാനിക്കുന്ന ജനലക്ഷങ്ങൾ കൂടുതൽ ഞെരിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്യും. അതേസമയംതന്നെ, ഒരു സംഘം തട്ടിപ്പുകാർ, ഇത്തിൾക്കണ്ണികൾ, അഴിമതിക്കാർ, ചോരയൂറ്റിക്കുടിക്കുന്നവർ, യാതൊരു ശിക്ഷാഭീതിയുമില്ലാതെ വിജയഭേരി മുഴക്കി മുന്നോട്ടുപോകും. തീർച്ചയായും അത് അനുവദിക്കാൻ പാടില്ല. മുതലാളിത്തം നിലനിൽക്കുന്ന കാലത്തോളം ബോഫോഴ്സും റഫേലും പോലെയുള്ള കൂടുതൽ സംഭവങ്ങൾ, ചിലപ്പോൾ ഇതിലും കൂടിയ വ്യാപ്തിയിലും അളവിലും ഉണ്ടാകുമെന്നതാണ് സത്യം. ആവശ്യമായ എല്ലാ ഉപാധികളും നിറവേറ്റിക്കൊണ്ട്, ഉചിതമായ പ്രക്രിയ യുക്തിപൂർവം പൂർത്തീകരിച്ച്, മുതലാളിത്തത്തെ വിപ്ലവകരമായി പുറത്താക്കുന്നതിലൂടെ മാത്രമേ സ്ഥായിയായ പരിഹാരമുണ്ടാവുകയുള്ളു എന്നതും സത്യമാണ്. എന്നാൽ അനുയോജ്യമായ സമയത്ത് അത് സംഭവിക്കുന്നതുവരെ, ക്ലേശിക്കുന്ന പ്രക്ഷുബ്ധരായ പൗരന്മാർക്ക് പ്രതിരോധം തീർക്കാൻ സാധിക്കില്ല എന്നല്ല. ഇവിടെയാണ് ആവശ്യമായ പ്രബുദ്ധത നേടിയെടുക്കേണ്ടതും, ആ പ്രബുദ്ധത തെളിച്ച ശരിയായ പാതയിലൂടെ മുന്നോട്ടു പോകേണ്ടതും പ്രധാനമാവുന്നത്. ഈ പ്രബുദ്ധത ഒരിക്കൽ നേടിയെടുത്താൽ, അഴിമതിയുടേയും അന്യായപ്രവൃത്തികളുടേയും ഈ കുത്തൊഴുക്കിനെതിരേ ശക്തമായ പ്രതിരോധമായി പ്രവർത്തിക്കാൻ എങ്ങനെ സാധ്യമാവും എന്നതു വെളിവാകും. ഉയർന്ന, തൊഴിലാളിവർഗ മൂല്യബോധത്തിലും സംസ്കാരത്തിലും ധാർമികതയിലും ശരിയായ നേതൃത്വത്തിനുകീഴിലും അടിയുറച്ച്, ഐക്യ-സംഘടിതമുന്നേറ്റത്തിന്റെ രൂപത്തിൽ ദൃഢീകരിച്ച്, ജനകീയശക്തിയുടെ കരുത്താണത്. ഈ ബഹുജനമുന്നേറ്റത്തിന്റെ അന്തരീക്ഷമാണ്, ഈ മുന്നേറ്റത്തിന്റെ ജീവചൈതന്യം പരിപോഷിപ്പിക്കുന്ന ചിന്താമണ്ഡലമാണ്, അഴിമതികൾക്കും തട്ടിപ്പുകൾക്കുമെതിരെ കാര്യക്ഷമമായ പ്രതിരോധം തീർക്കുക. ഇതാണ് നമ്മുടെ പാർട്ടി നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. എല്ലാ വ്യത്യാസങ്ങളും മാറ്റിവെച്ച് യോജിച്ച് മുന്നോട്ടു വന്നുകൊണ്ട്, അനിവാര്യമായ ഈ മുന്നേറ്റത്തിന്റെ കുന്തമുനയാകാൻ ഒട്ടും വൈകരുതെന്ന് ഒരിക്കൽകൂടി ഞങ്ങൾ ജനങ്ങളോട് ആഹ്വാനം ചെയ്യുന്നു. ■




പുതിയ മദ്യനിർമ്മാണ ഫാക്ടറികൾ തുറക്കാനുള്ള തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെപ്തംബർ 28ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റിന് മുൻപിൽ നടന്ന പ്രതിഷേധ പരിപാടി

# ആധാർ പദ്ധതി: മുതലാളിത്ത വ്യവസ്ഥയുടെ സുരക്ഷയ്ക്കായുള്ള ഭീതിജനകമായ കാവൽ ?

**ഏറെ പ്രാധാന്യമുള്ള ഒരു വിഷയമെന്ന നിലയിൽ നമ്മൾ ജീവിക്കുന്ന സാഹചര്യം, ഈ പദ്ധതി വന്ന പശ്ചാത്തലം, ആരുടെ താല്പര്യാർത്ഥം എന്ത് ലക്ഷ്യത്തോടെ ഇത് ആവിഷ്ക്കരിക്കപ്പെട്ടു തുടങ്ങിയ കാര്യങ്ങളൊക്കെ പരിശോധിക്കേണ്ടതുണ്ട്.**



### ആക്രമണോത്സുകമായ മുതലാളിത്തം

നിർദ്ദയമായ മുതലാളിത്ത ചൂഷണത്താൽ ഞെരിഞ്ഞമരുകയാണ് രാജ്യം എന്നകാര്യം തർക്കമറ്റതാണ്. എക്സൈസ് തീരുവയിൽ നിസ്സാര കുറവുവരുത്തയതിനുപിന്നാലെ വീണ്ടും പെട്രോളിയം ഉല്പന്നങ്ങളുടെ വില കുതിച്ചുയരുകയാണ്. സാധനങ്ങളുടെ വിലയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ലോക്കൗട്ടും ലേഓഫുമെല്ലാം വ്യവസായ രംഗത്ത് തൊഴിലില്ലായ്മ പെരുക്കുന്നു. യുവാക്കളുടെ ഭാവി ഇരുൾമൂടുന്നു. ഒരുപിടി അതിസമ്പന്നരും ബഹുഭൂരിപക്ഷംവരുന്ന ദരിദ്രരും ഇടത്തരക്കാരുമെന്ന നിലയിലുള്ള അന്തരം വർദ്ധിക്കുകയാണ്. ട്രേഡ് യൂണിയൻ അവകാശങ്ങൾ നഷ്ടപ്പെടുന്നു. ആത്മഹത്യയിൽ അഭയം കണ്ടെത്തുകയാണ് കർഷകർ. അവരുടെ പ്രതിഷേധങ്ങൾ അടിച്ചമർത്തപ്പെടുന്നു. പെൺവാണിഭവും ബലാൽസംഗങ്ങളുമൊക്കെ പെരുകുന്നു. കുട്ടികൾക്കും രക്ഷയില്ലാതായിരിക്കുന്നു. ചരിത്രം വളച്ചൊടിച്ചും അന്ധവിശ്വാസങ്ങൾ പടർത്തിയും ജനമനസ്സുകളെ വിഷലിപ്തമാക്കുകയാണ്. ശാസ്ത്രീയ-മതേതര-ജനാധിപത്യ വിദ്യാഭ്യാസം ഇല്ലായ്മ ചെയ്യപ്പെടുന്നു. ജനങ്ങളിൽ വിഭാഗീയതയും സ്പർദ്ധയും വളർത്തുകയാണ്. ന്യൂനപക്ഷങ്ങൾക്കും ദലിതുകൾക്കുമെതിരെ വിദ്വേഷം വളർത്തുന്നു. വംശത്തിന്റെയും ഭാഷയുടെയും പേരിലും ശത്രുത പടർത്തുന്നു. ചൂഷണത്തിനും അനീതിക്കുമെതിരെ പൊരുതുക മാത്രമേ പോംവഴിയുള്ളു എന്നിരിക്കെ ഇതെല്ലാം അതിന് വിലങ്ങുതടിയായി മാറുകയാണ്.

### ആധാറിലെ സുപ്രീംകോടതി വിധി

ഈ പശ്ചാത്തലത്തിലാണ് ആധാർ വിഷയത്തിലുള്ള സുപ്രീം കോടതി വിധി വരുന്നത്. 27 റിട്ട് ഹർജികളിൽ മാസങ്ങൾ നീണ്ട വാദങ്ങൾക്കൊടുവിൽ 2018 സെപ്തംബർ 26ന് വന്ന വിധി പരുക്കുകളോടെയുള്ളതായിരുന്നു. ആധാർ(സാമ്പത്തികവും മറ്റുമായ സബ്സിഡികൾ, ആനുകൂല്യങ്ങൾ, സേവനങ്ങൾ) നിയമം 2016 ഭരണഘടനാപരമായി സാധുവാണെന്ന് സുപ്രീം കോടതി ബെഞ്ചിലെ അഞ്ചിൽ നാല് ജഡ്ജിമാരും വിധിച്ചപ്പോൾ ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് ഇത് ഭരണഘടനയുടെ 110-ാം വകുപ്പിന് വിരുദ്ധമായിട്ടുള്ളതും റദ്ദാക്കപ്പെടേണ്ടതുമാണെന്ന് അഭിപ്രായപ്പെട്ടു.

ക്ഷേമപദ്ധതികളിൽ ആനുകൂല്യങ്ങൾ കിട്ടാനും ആദായ നികുതി രേഖ സമർപ്പിക്കാനും ആധാർ നിർബന്ധമാണ്. പാൻ കാർഡുമായി ആധാർ ബന്ധിപ്പിക്കണം. ബാങ്ക് അക്കൗണ്ട്, മൊബൈൽ ഫോൺ കണക്ഷൻ, സ്വകാര്യസ്ഥാപനങ്ങളുടെ സേവനങ്ങൾ, നീറ്റ്, യുജിസി, സിബിഎസ്‌സി പരീക്ഷകൾ എന്നിവയ്ക്ക് നിർബന്ധമല്ല. ഒരു വെടിക്ക് രണ്ടു പക്ഷിയെ വീഴ്ത്തിയ വിദഗ്ദ്ധമായ വിധിയെന്ന് ഇതിനെ ഒരു വിഭാഗം മാദ്ധ്യമങ്ങൾ വാഴ്ത്തി. 'ഭരണത്തെ സംബന്ധിച്ച ആധുനിക കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കുമ്പോൾത്തന്നെ വിമർശകരുടെ വായടപ്പിക്കുകയും ബഹളക്കാർക്ക് അല്പം മധുരം പകർന്ന് തൃപ്തിപ്പെടുത്തുകയും ചെയ്യുന്ന വിധി'യെന്നാണ് അവർ വിശേഷിപ്പിച്ചത്. അതെല്ലാം ജനങ്ങൾ തീരുമാനിക്കട്ടെ!

### മുതലാളിത്തം സൃഷ്ടിക്കുന്ന ഏതെങ്കിലും പ്രശ്നങ്ങൾക്ക് ഇത് പരിഹാരമാകുമോ?

ഒരു തൊഴിൽരഹിതന് ഇതുകൊണ്ട് എന്ത് നേട്ടം? കടക്കെണിയിൽപ്പെട്ട കർഷകന് എന്തെങ്കിലും ആശ്വാസം? ചോദ്യങ്ങൾ നിരവധിയുണ്ട് എന്തെങ്കിലും പരിഹാരമുണ്ടാകുമോ എന്നതാണ് പ്രധാനം. അത് പരിശോധിക്കുന്നതിനുമുമ്പ് ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. 2013 ഏപ്രിൽ 1ന്റെ 'പ്രോലിറ്റേറിയൻ ഇറ'യിൽ ആധാറിന്റെ വിവധ വശങ്ങൾ ഞങ്ങൾ വിശകലനം ചെയ്തിരുന്നു. അതിനുശേഷവും പല വിഷയങ്ങളും ഉണ്ടായിട്ടുണ്ട്. അവകൂടി കണക്കിലെടുത്തുകൊണ്ടാണ് ഈ ലേഖനം തയ്യാറാക്കിയിട്ടുള്ളത്.

കോൺഗ്രസ് നയിച്ച മുൻഗവൺമെന്റിന്റെ സൃഷ്ടിയായ ആധാർ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് നേരിട്ടെത്തിക്കുന്ന സംവിധാനമെന്നാണ് ആസൂത്രണകമ്മീഷൻ വിശേഷിപ്പിച്ചത്. ആധാർ ഇല്ലാത്തതുകൊണ്ടാണോ അതോ ഭരണസംവിധാനത്തിലെ അഴിമതിമൂലം അപ്രത്യക്ഷമായിപ്പോയതുകൊണ്ടാണോ ആനുകൂല്യങ്ങൾ അർഹർക്ക് ലഭിക്കാതിരുന്നത്? ആധാർ വരുന്നതോടെ ഇതിനെല്ലാം കടിഞ്ഞാണിടാൻ കഴിയുമോ? ജനങ്ങൾക്ക് ചില്ലറ ആനുകൂല്യങ്ങൾ നൽകാനാണോ അതോ മാന്യമായ വരുമാനമാർഗം കണ്ടെത്തി അന്തസ്സായി ജീവിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുന്ന പദ്ധതികൾ തയ്യാറാക്കാനാണോ ആസൂത്രണ കമ്മീഷൻ എന്ന ചോദ്യവും പ്രസക്തമാണ്. അടിമുടി അഴിമതി നിറഞ്ഞ ഭരണസംവിധാനത്തിനുമുന്നിൽ ഒരു കാർഡുമായി തെണ്ടിത്തിരിയാനാണോ ആധാർ കൊണ്ടുവന്നിരിക്കുന്നത്? ആധാർ നടപ്പിലാക്കാനുള്ള അതോറിറ്റിയുടെ തലപ്പത്ത് യുപിഎ ഭരണം പ്രതിഷ്ഠിച്ചത് ഒരു കോർപ്പറേറ്റ് മേധാവിയും കോൺഗ്രസ്കാരനും മുതലാളിവർഗ്ഗത്തിന്റെ വക്കാലത്തുകാരനുമായ എൻ.നിലേകനിയെയാണ്. 2010ൽ അവർ നാഷണൽ ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ ബിൽ പാർലമെന്റിൽ അവതരിപ്പിച്ചെങ്കിലും പാർലമെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റി അത് അംഗീകരിച്ചില്ല. "ലക്ഷ്യം വ്യക്തമല്ല","ദിശാബോധമില്ല","ആശയക്കുഴപ്പം സൃഷ്ടിക്കുന്നത്" എന്നൊക്കെയാണ് സ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തിയത്. "അധാർമികവും പാർലമെന്റിന്റെ അധികാരങ്ങൾ ലംഘിക്കുന്നതുമാകയാൽ ഈ പദ്ധതി തുടരാനാവില്ലെ"ന്നും കമ്മിറ്റി അഭിപ്രായപ്പെട്ടു. പാർലമെന്റിന് പുറത്തും നിരവധി വിമർശനങ്ങളും പ്രതിഷേധങ്ങളും ഉയർന്നുവന്നിരുന്നു.

എന്തായാലും, യാതൊരു നിയമപ്രാബല്യവും പരിശോധനയുമില്ലാതെ കോൺഗ്രസ് ഭരണം ഇത് ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയായിരുന്നു. ഇന്ത്യൻ മുതലാളിവർഗ്ഗം മാത്രമല്ല അമേരിക്കൻ മുതലാളിവർഗവും ഈ പദ്ധതി നടപ്പിലാകുന്നുണ്ടോ എന്ന കാര്യത്തിൽ ഔത്സുക്യം കാണിച്ചിരുന്നു. കോൺഗ്രസ് മുതലാളിവർഗ താല്പര്യാർത്ഥം നടപ്പിലാക്കിയ പദ്ധതിയാണിത്. കോൺഗ്രസിനെ വിമർശിച്ചുകൊണ്ട് അധികാരത്തിൽവന്ന ബിജെപിയും ഒരു ബൂർഷ്വാ പാർട്ടി എന്ന നിലയിൽ ആ പാതതന്നെ പിന്തുടർന്നു. കോൺഗ്രസ് ഭരണത്തിലെ ക്രമക്കേടുകൾ പരിഹരിക്കുന്നുവെന്നും ഭരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നുവെന്നുമൊക്കെ വീമ്പിളക്കിക്കൊണ്ട് നരേന്ദ്ര മോദി ഗവൺമെന്റ് 2016ൽ ആധാർ ബിൽ ലോക്സഭയിൽ പാസ്സാക്കി. ഇത് ഒരു ധനകാര്യ ബില്ലായതിനാൽ രാജ്യസഭയിൽ അവതരിപ്പിക്കേണ്ടതില്ലെന്നായിരുന്നു അവരുടെ നിലപാട്. രാജ്യസഭയിൽ അവർ ന്യൂനപക്ഷമായതിനാലാണ് ഇങ്ങനെയൊരു കുറുക്കുവഴി സ്വീകരിച്ചത്. അതുവഴി അവർ രാജ്യസഭയുടെ അവകാശങ്ങൾ നിഷേധിക്കുകയും അതിനെ അപമാനിക്കുകയുമാണ് ചെയ്തത്.

ഈ നടപടി ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ജസ്റ്റിസ് ചന്ദ്രചൂഡ് വിയോജനക്കുറിപ്പെഴുതിയത്. 'ധനകാര്യ ബില്ല് അല്ലാത്ത ഒന്നിനെ അങ്ങനെ വിശേഷിപ്പിച്ചുകൊണ്ട് പാസ്സാക്കിയെടുക്കുന്നത് ഭരണഘടനയുടെ അടിസ്ഥാന പ്രമാണങ്ങളുടെതന്നെ ലംഘനമാണ്' എന്നും 'രാജ്യസഭയെ മറികടക്കരുത്' എന്നും അദ്ദേഹം ഓർമിപ്പിച്ചു.

### ആധാറിന്റെ മാർഗ്ഗം ദുഷ്കരമായിരുന്നു

ആധാറിന്റെ വഴി ഒട്ടും സുഗമമായിരുന്നില്ല. അതിന്റെ ഭരണഘടനാപരമായ സാധുത ചോദ്യംചെയ്ത് നിരവധി റിട്ട് ഹർജികൾ സുപ്രീംകോടതിയിൽ വന്നു. വൈകുന്ന നീതി നിഷേധിക്കപ്പെടുന്ന നീതിയാണെന്ന് ബൂർഷ്വാ നീതിന്യായം പോലും അംഗീകരിക്കുന്നുണ്ട്. എന്നാൽ രാജ്യത്തെ ബാധിക്കുന്ന ഒരു വിഷയത്തിൽ സുപ്രീം കോടതി ഇഴയുകയായിരുന്നു. സർക്കാരാകട്ടെ എല്ലാ അടവുകളും പയറ്റിക്കൊണ്ട് കൂടുതൽ മേഖലകളിൽ ആധാർ ബാധകമാക്കിക്കൊണ്ടിരുന്നു. അവസാന വിധി വരുന്നതുവരെ ആനുകൂല്യങ്ങൾക്ക് ആധാർ നിർബന്ധമാക്കരുതെന്ന് ഇടക്കാല വിധികൾ വന്നുകൊണ്ടിരുന്നു. ഗവൺമെന്റ് ഇത് വകവച്ചതേയില്ല. കോടതി ഇക്കാര്യത്തിൽ ഗവൺമെന്റിനെ കുറ്റപ്പെടുത്തിയുമില്ല. എന്നുമാത്രമല്ല അവസാന വിധിയിൽ സർക്കാരിനെ പ്രശംസിക്കുകയും ചെയ്തു. റിട്ട് ഹർജികളെ മറികടക്കാനായിരുന്നില്ലേ ഗവൺമെന്റ് ഈ ശ്രമങ്ങളെല്ലാം നടത്തിയത്? സമൂഹത്തിലെ അരികുവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് വ്യക്തിത്വം പ്രദാനം ചെയ്യാനും ദുരിതങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിൽ അവരെ ശക്തിപ്പെടുത്താനും ആധാർ ഉപകരിച്ചു എന്ന് അവസാനവിധിയിൽ സുപ്രീംകോടതി പറഞ്ഞു. ഇക്കാര്യം ഗൗരവപൂർവ്വം പരിശോധിക്കേണ്ടതുണ്ട്.

### കോർപ്പറേറ്റുകൾക്കുവേണ്ടി മെനഞ്ഞ ആധാർ

പാവപ്പെട്ടവരിലേയക്ക് ആനുകൂല്യങ്ങൾ എത്തിക്കുന്നതിൽ ആധാർ എപ്രകാരമാണ് ഉപയോഗപ്പെടുക എന്ന ചോദ്യത്തിന് അതിന്റെ ഉപജ്ഞാതാവായ നിലേകനി 2009ൽ പറഞ്ഞ മറുപടി(ദ ഹിന്ദു) "ഇവയെല്ലാം ന്യായമായ ആശങ്കകളാണ്, അവയ്ക്കൊക്കെ പൊതു സമൂഹത്തിലും നിയമങ്ങളിലും പരിഹാരം കണ്ടെത്തേണ്ടതുണ്ട്" എന്നത്രേ. അതായത് ആശങ്കകൾ അപ്പോഴും അവശേഷിക്കുന്നു, അത് അപരിഹാര്യമായി തുടരുന്നു എന്നർത്ഥം.

ആധാർ വിഷയത്തിൽ 'സ്വകാര്യത'യുടെ പ്രശ്നമുണ്ടെന്ന കാര്യം മൈക്രോസോഫ്റ്റ് സ്ഥാപകൻ ബിൽഗേറ്റ്സ് നിഷേധിക്കുന്നു. ഏതാണ്ട് ഒരു പതിറ്റാണ്ടിനുശേഷം ഒരു അഭിമുഖത്തിലാണ്(ന്യൂസ് 18, 2018 ആഗസ്റ്റ് 10) അദ്ദേഹം ഇത് നിഷേധിച്ചത്. മറ്റൊരു രാജ്യത്തെ, ഇവിടെ ഇന്ത്യയിലെ, സാഹചര്യങ്ങൾ ശരിയായി മനസ്സിലാക്കാതെയും യഥാർത്ഥ പ്രശ്നങ്ങൾ അറിയാതെയുമായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായപ്രകടനം. സ്വകാര്യ ഏജൻസികളിൽനിന്നു മാത്രമല്ല സർക്കാർ ഏജൻസികളിൽനിന്നും ആധാർ വിവരങ്ങൾ ചോരുന്നുണ്ട്. ഗേറ്റ്സ് ഇതെല്ലാം നടപ്പാക്കലിലെ പ്രശ്നങ്ങളായി മാത്രം കാണുന്നു. എന്നാൽ, ഫലപ്രദമായ വിവര സംരക്ഷണ നിയമം ഇല്ലെന്ന കാര്യം സുപ്രീംകോടതിയുടെ അന്തിമ വിധിയിലും സമ്മതിക്കുന്നുണ്ട്.

ആധാർ വരുന്നത് ഇന്ത്യയിലും പുറത്തുമുള്ള മുതലാളിവർഗ്ഗത്തിന്റെ ഇഷ്ടപദ്ധതി എന്ന നിലയിലാണ്. അവരുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ദാസ്യത്തിലുള്ള ഭരണകക്ഷികളുമൊക്കെ അതിൽ പങ്കാളികളാകുന്നു. മുതലാളിവർഗ്ഗ സേവയുടെ കാര്യത്തിലാണ് ഇവരുടെയെല്ലാം താല്പര്യം സമന്വയിക്കുന്നത്.

### സ്വകാര്യത: ജീവിതത്തിന്റെയും വ്യക്തി സ്വാതന്ത്ര്യത്തിന്റെയും സഹജാംശം

ആധാർ വിവരങ്ങൾ നിരന്തരം ചോരുന്നതിലൂടെ തെളിയിക്കപ്പെടുന്നത് സ്വകാര്യത അപകടത്തിലാണെന്നുതന്നെയാണ്. ഭരണഘടനതന്നെ, സ്വകാര്യതയ്ക്കുമേൽ ഭരണകൂടം നടത്തുന്ന ഏകപക്ഷീയവും നിയമവിരുദ്ധവുമായ കൈകടത്തലിൽ നിന്ന് വ്യക്തിക്ക് സംരക്ഷണം നൽകുന്നുണ്ട്. ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിൽ ഇ

*(ശേഷം 9-ാം പേജിൽ)*

# ആധാർ ജനങ്ങൾക്ക് മൂക്കുകയറിടുന്ന മാരകായുധം

**കോൺഗ്രസ് ഭരണത്തിലെ ക്രമക്കേടുകൾ പരിഹരിക്കുന്നുവെന്നും ഭരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നുവെന്നുമൊക്കെ വീമ്പിളക്കിക്കൊണ്ട് നരേന്ദ്ര മോദി ഗവൺമെന്റ് 2016ൽ ആധാർ ബിൽ ലോക്സഭയിൽ പാസ്സാക്കി. ഇത് ഒരു ധനകാര്യ ബില്ലായതിനാൽ രാജ്യസഭയിൽ അവതരിപ്പിക്കേണ്ടതില്ലെന്നായിരുന്നു അവരുടെ നിലപാട്. രാജ്യസഭയിൽ അവർ ന്യൂനപക്ഷമായതിനാലാണ് ഇങ്ങനെയൊരു കുറുക്കുവഴി സ്വീകരിച്ചത്. അതുവഴി അവർ രാജ്യസഭയുടെ അവകാശങ്ങൾ നിഷേധിക്കുകയും അതിനെ അപമാനിക്കുകയുമാണ് ചെയ്തത്.**

(8-ാം പേജിൽ നിന്ന്)

ത് വ്യക്തമായി പറഞ്ഞിട്ടുണ്ടെന്ന് സുപ്രീംകോടതി വ്യക്തമാക്കിയിട്ടുള്ളതാണ്.(രാജഗോപാൽ വെഴ്സസ് തമിഴ്നാട് ഗവൺമെന്റ്, 1994, പിയുസിഎൽ വെഴ്സസ് ഇന്ത്യൻ യൂണിയൻ, 1996) കഴിഞ്ഞവർഷം സുപ്രീംകോടതിയുടെ ഒമ്പതംഗ ബെഞ്ച് പുറപ്പെടുവിച്ച വിധിയിലും സ്വാകാര്യതയ്ക്കുള്ള അവകാശം മൗലികാവകാശമാണെന്ന് എടുത്തുപറയുന്നു.

ബാങ്ക് അക്കൗണ്ടും പാൻ കാർഡുമെല്ലാം ആധാറിന്റെ ബയോമെട്രിക് വിവരങ്ങളുമായി ബന്ധിപ്പിക്കുന്നതിലൂടെ വ്യക്തിയുടെ ഭൗതികവും സാമ്പത്തികവുമൊക്കെയായ മുഴുവൻ വിവരങ്ങളും ആധാറിൽ ശേഖരിക്കപ്പെടുകയാണ്. പഴുതില്ലാത്ത ഒരു വിവര സംരക്ഷണസംവിധാനം നിലവിലുണ്ടെങ്കിൽ മാത്രമേ വിവരങ്ങളുടെ ചോർച്ചയോ മോഷണമോ ഒക്കെ തടഞ്ഞ് സ്വകാര്യത സംരക്ഷിക്കാൻ കഴിയൂ. ഇത് സുരക്ഷിതമാണെന്ന് ഗവൺമെന്റ് ആവർത്തിച്ച് ആണയിടുന്നുണ്ടെങ്കിലും ആധാറിന് അങ്ങനെയൊരു 'ശക്തമായ' വിവര സംരക്ഷണ സംവിധാനമില്ല എന്നാണ് സുപ്രീം കോടതിതന്നെ സമ്മതിക്കുന്നത്. ബാങ്ക് അക്കൗണ്ടിനും ഓൺലൈൻ ബാങ്കിങ്ങിനുമൊക്കെ ഇത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. എന്നാൽ ഇതിനകം ശേഖരിച്ച വിവരങ്ങളുടെ സ്ഥിതി എന്താണ്? വിവരങ്ങൾ ഇതിനകം ചോർന്നിട്ടുണ്ടെങ്കിൽ ആര് സമാധാനം പറയും? ഇത് ദുരുപയോഗം ചെയ്യപ്പെട്ടിട്ടില്ല എന്ന് എന്താണുറപ്പ്? നിയമനിർമ്മാണത്തിലൂടെ സുപ്രീംകോടതിവിധി അസാധുവാക്കി ബാങ്ക് അക്കൗണ്ടിനും മൊബൈൽ ഫോൺ കണക്ഷനും ആധാർ വീണ്ടും നിർബന്ധമാക്കണമെന്ന അഭിപ്രായക്കാരനാണ് കേന്ദ്രധനകാര്യമന്ത്രി. സ്വകാര്യ ഏജൻസികൾക്ക് ആധാർ വിവരങ്ങൾ ലഭിക്കുന്നതോടെ വ്യക്തിയുടെ രാഷ്ട്രീയബന്ധം ഉൾപ്പെടെയുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുമെന്ന് ജസ്റ്റിസ് ഡിവൈ ചന്ദ്രചൂഡ് ചൂണ്ടിക്കാണിക്കുന്നു. ഇത് പരിഗണിച്ചുകൊണ്ടാണ് ആധാർ നിയമത്തിലെ, സ്വകാര്യ ഏജൻസികൾക്ക് ആധാർ വിവരങ്ങൾ ലഭ്യമാക്കുന്ന 57-ാം വകുപ്പ് സുപ്രീംകോടതി റദ്ദാക്കിയത്. ഇത് സ്വകാര്യ ഏജൻസികളുടെ കാര്യത്തിൽ മാത്രം മതിയോ? കേന്ദ്രഗവൺമെന്റ് അടുത്തിടെ മുതിർന്ന ചില മനുഷ്യാവകാശ പ്രവർത്തകരെ 'നഗര നക്സലുകൾ' എന്ന് മുദ്രകുത്തിക്കൊണ്ട് അറസ്റ്റു ചെയ്തതും യോഗി ആദിത്യനാഥ് ഭരിക്കുന്ന യുപിയിലെ ഏറ്റുമുട്ടൽ കൊലപാതകങ്ങളും അടുത്തിടെ ഒരു ബിസിനസ് മേധാവി കൊല്ലപ്പെട്ടതുമൊക്കെ വിരൽ ചൂണ്ടുന്നത് സർക്കാരും പോലീസുമൊക്കെ ആധാർ വിവരങ്ങൾ ദുരുപയോഗം ചെയ്ത് എതിരാളികളെ അമർച്ചചെയ്യുന്നുണ്ടെന്നും അവരെയും ആധാർ വിവരങ്ങൾ ശേഖരിക്കുന്നതിൽനിന്ന് വിലക്കണമെന്നുമാണ്. 2017ൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമൊക്കെയായി ബന്ധപ്പെട്ട 210 ഗവൺമെന്റ് വെബ്സൈറ്റുകൾ ആധാർ അടക്കമുള്ള വ്യക്തിഗത വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. ആധാർ അതോറിട്ടി ഇത് സമ്മതിക്കുകയും തങ്ങളല്ല അത് ചെയ്തതെന്ന് പറഞ്ഞ് കൈകഴുകുകയുമാണുണ്ടായത്. വിവരങ്ങൾ ചോർന്നവിവരം പുറത്തുവിടുന്നവർക്കെതിരെ ക്രിമിനൽ കേസെടുക്കുമെന്ന് തുടർന്ന് അവർ ഭീഷണിമുഴക്കി. സിം കാർഡ് നൽകുമ്പോൾ ലഭിക്കുന്ന അനുമതി ഉപയോഗപ്പെടുത്തി എയർടെൽ അവരുടെതന്നെ ഒരു പേമെന്റ് ബാങ്കിൽ ഉപഭോക്താക്കളുടെ പേരിൽ അക്കൗണ്ടുകൾ തുടങ്ങിയ കാര്യം 2017 ഡിസംബറിൽ പുറത്തുവന്നിരുന്നു. ഉപഭോക്താക്കൾക്ക് ലഭിക്കേണ്ടിയിരുന്ന സബ്സിഡികൾ ലഭിക്കാതെ വന്നപ്പോഴാണ് അതെല്ലാം ഈ എയർടെൽ അക്കൗണ്ടിലേയ്ക്ക് പോയതായി കണ്ടെത്തിയത്. അവരുടെ അറിവോ സമ്മതമോ ഇല്ലാതെയാണ് ഇത്തരമൊരു അക്കൗണ്ട് തുടങ്ങിയത്. ഇതും ഇതിലപ്പുറവും നടക്കും എന്നാണിതെല്ലാം കാണിക്കുന്നത്.

### ഇന്ത്യൻ യാഥാർത്ഥ്യം: 'പ്രയോഗവും' 'അപേക്ഷകരും'

ഇന്ത്യയെപ്പോലൊരു രാജ്യത്ത് ഒരുപാട് 'എങ്കിൽ'കളെ ആശ്രയിച്ചുകൊണ്ടേ ആധാർപോലൊരു പദ്ധതി നടപ്പിലാക്കാൻ കഴിയൂ. അപേക്ഷ നൽകാനുള്ള വ്യവസ്ഥകൾ പാലിക്കാൻ കഴിയുമെങ്കിൽ, വിരലടയാളവും കണ്ണിന്റെ സ്കാനും പതിഞ്ഞാൽ, എൻറോൾ ചെയ്യുന്നിടത്ത് വൈദ്യുതി ബന്ധം ഉണ്ടെങ്കിൽ, നിങ്ങളുടെ വിവരങ്ങൾ, പ്രത്യേകിച്ച് നിങ്ങൾ നിരക്ഷരനാണെങ്കിൽ, കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ, നിങ്ങളുടെ മേൽവിലാസം ശരിയാണെങ്കിൽ, പേരിലെ അക്ഷരങ്ങൾ ശരിയാണെങ്കിൽ അങ്ങനെ പോകുന്നു 'എങ്കിലുകൾ'. ഇതെല്ലാം ശരിയായാൽ നിങ്ങൾക്ക് ആധാർ കാർഡ് കിട്ടുന്നു. "ഗവൺമെന്റിന്റെ പണം വിതരണം ചെയ്യാനുള്ള ലിസ്റ്റിൽ ആരെങ്കിലും പകരക്കാരായി കടന്നുകൂടിയിട്ടുണ്ടെങ്കിൽ" ആധാർ തടയും എന്നുമാത്രമേ ബിൽഗേറ്റ്സ് പറയുന്നുള്ളൂ. കുടുംബാംഗങ്ങളെല്ലാം മറ്റെവിടെയെങ്കിലും ജോലിചെയ്യുന്ന, പെൻഷനെ ആശ്രയിച്ചു ജീവിക്കുന്ന ഒരു ഗ്രാമീണസ്ത്രീയുടെ കാര്യം, അല്ലെങ്കിൽ കുടുംബം പുലർത്താനായി അലയുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ കാര്യമൊക്കെ ബിൽഗേറ്റ്സ് മനസ്സിലാക്കിയിട്ടുണ്ടാകുമെന്ന് കരുതാം. അങ്ങനെയുള്ള ലക്ഷക്കണക്കിനാളുകളാണ് ഈ രാജ്യത്തുള്ളത്. മേൽപറഞ്ഞ സ്ത്രീ കിലോമീറ്ററുകൾ അകലെയുള്ള റേഷൻ കടയിൽ ചെല്ലുമ്പോൾ അവരുടെ വിരലടയാളം പൊരുത്തപ്പെടുന്നില്ലെന്നു പറഞ്ഞാൽ, മേല്പറഞ്ഞ തൊഴിലാളിക്ക് ഇതുപോലെ എന്തെങ്കിലും കാരണം പറഞ്ഞ് തൊഴിൽ നിഷേധിക്കപ്പെടുന്ന സ്ഥിതിയുണ്ടായാൽ, ഇവർ വ്യാജപ്പേരിൽ സബ്സിഡി തരപ്പെടുത്താൻ വന്നെന്നോ അല്ലെങ്കിൽ അയാൾ തൊഴിലാളി എന്ന നാട്യത്തിൽ വന്ന ഭീകരനാണെന്നോ ഒക്കെ പറയാൻ കഴിയുമോ?

12 വയസ്സു തികയുന്നതിനുമുമ്പോ അറുപത് വയസ്സ് കഴിഞ്ഞാലോ നിരന്തരമായ അദ്ധ്വാനംമൂലമോ വിരലടയാളം മാറാവുന്നതാണ്. ഇത് റേഷൻ നിഷേധത്തിന് ഇടയാക്കും. പാവപ്പെട്ട ദലിത് കുടുംബങ്ങളിലെയുംമറ്റും കുട്ടികളുടെ സ്കോളർഷിപ്പുംമറ്റും അധികൃതർ തട്ടിയെടുക്കുന്ന സ്ഥിതിയുമുണ്ടാകും. ഇതിന് രക്ഷാകർത്താക്കളുടെ ഒപ്പ് അവർ രസീതുകളിൽ വാങ്ങിക്കും. തൊഴിലുറപ്പുപദ്ധതിയിൽ വേതനം വിതരണം ചെയ്യുമ്പോഴും ഇത്തരം തട്ടിപ്പുകൾ നടക്കും. ഈ തട്ടിപ്പൊക്കെ ഇല്ലാതാക്കാൻ ആധാർ എങ്ങനെയാണ് ഉപകരിക്കുക? പ്രധാനമായും നിരക്ഷരർ നേരിടുന്ന പ്രശ്നങ്ങളാണ് ഇവിടെ സൂചിപ്പിച്ചത്. നിരക്ഷരരല്ലാത്തവരുടെ സ്ഥിതിയും സമാനമാണ്. സുപ്രീംകോടതി മുൻചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡിന്റെ അമ്മയും അൽഷൈമേഴ്സ് രോഗിയുമായ വയോധികയ്ക്കും പെൻഷൻ കിട്ടാൻ വിരലടയാളം നൽകേണ്ടി വരുന്നു. എല്ലാമാസവും ബാങ്ക് ഉദ്യോഗസ്ഥൻ വീട്ടിൽവന്ന് വിരലടയാളം രേഖപ്പെടുത്തിയ ശേഷമാണ് കുടുംബപെൻഷൻ കിട്ടുന്നത്. ഇത്ര ഉയർന്ന നിലയിലുള്ള ആളായതുകൊണ്ടുമാത്രമാണ് ബാങ്ക് ഉദ്യോഗസ്ഥൻ വീട്ടുപടിക്കലെത്തുന്നത്. എന്നാൽ ആയിരക്കണക്കിന് സാധാരണക്കാരായ പെൻഷൻകാരുടെ കാര്യത്തിൽ ഇതല്ല സ്ഥിതി. തൊഴിലില്ലാതെ ലക്ഷക്കണക്കിന് യുവാക്കൾ രാജ്യമെമ്പാടും അലയുന്നു. സ്വന്തമായി വീടില്ലാത്തവരും ലക്ഷക്കണക്കിനുണ്ട്. ഇവരൊക്കെ എന്ത് ആധികാരിക രേഖയാണ് നൽകുക? ആധാറിന് മേൽവിലസമില്ലാതെയും പ്രവർത്തിക്കാം. എന്നാൽ സേവനങ്ങൾ സുഗമമായി ലഭിക്കാൻ ജനങ്ങൾക്ക് അത് ആവശ്യമായിരിക്കുന്നു. ജനനം തെളിയിക്കുന്ന രേഖകൾ, പേരിലെ അക്ഷരങ്ങളിലുള്ള വ്യത്യാസം, ഒന്നിലേറെ പേരുകൾ തുടങ്ങിയവയൊക്കെ നമ്മുടെ രാജ്യത്ത് പ്രശ്നം തന്നെയാണ്. ഇതുകൂടാതെ ഗവൺമെന്റിന്റെ കണക്കിൽപ്പെടാതെ ജീവിക്കുന്ന പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുമുണ്ട്. നഗരങ്ങളിലെ ചേരികളിൽ താമസിക്കുന്നവർ ഇതിൽപ്പെടും. നിരന്തരം കുടിയിറക്ക് ഭീഷണി നേരിടുന്നവരാണ് ഇക്കൂട്ടർ. ഇതുകൂടാതെ സംരക്ഷിത വനപ്രദേശങ്ങളിലുംമറ്റും താമസിക്കുന്ന ആദിവാസികളുംമറ്റുമായ ദരിദ്രവിഭാഗങ്ങളുണ്ട്. ഇവരൊക്കെ ഇന്ത്യൻ പൗരന്മാർ തന്നെയാണ്. എന്നാൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടാതെ ജീവിക്കുന്നവരാണ്. സർക്കാർ എപ്പോൾവേണമെങ്കിലും ഇവർക്കെതിരെ തിരിയാം എന്നതുതന്നെ കാരണം. അതായത്, എല്ലാവരെയും ഉൾക്കാനുള്ളതെന്ന് പറഞ്ഞ് ആവിഷ്ക്കരിച്ച ഒരു പദ്ധതി ജനങ്ങളെ ഒന്നുകൂടി വിഭജിക്കാനാണ് ഉപയോഗിക്കുന്നത് എന്നർത്ഥം. ആധാർ കാർഡുള്ള, അവകാശങ്ങൾക്ക് അർഹതയുള്ളവരും മേൽവിലാസമില്ലാത്ത, അവരുടേതല്ലാത്ത കാരണങ്ങളാൽ ഒഴിവാക്കപ്പെട്ടവരും എന്നനിലയിൽ ഇത് രണ്ട് വിഭാഗങ്ങളെ സൃഷ്ടിച്ചിരിക്കുന്നു.

നിയമസാധുതയും യാഥാർത്ഥ്യവുമായി വലിയ അന്തരം നിലനിൽക്കുന്ന ഈ രാജ്യത്ത് ആധാർ നടപ്പിലാക്കി എല്ലാവർക്കും വിശിഷ്ട വ്യക്തിത്വം നൽകുമെന്നൊക്കെപ്പറയുന്നത് വെറും പാഴ്വാക്കുമാത്രമാണ്. ബിൽഗേറ്റ്സ് പറയുന്നത് സംവിധാനത്തിൽ പിശകില്ല നടപ്പിലാക്കുന്നതിലുള്ള പാളിച്ചയേയുള്ളൂ എന്നത്രെ! ഹൃദയശൂന്യരും അഴിമതിക്കാരുമായ ഉദ്യോഗസ്ഥർ, പോലീസ് സേന, വൻകിട ബിസിനസുകാർ, സ്വാർത്ഥരും കുറ്റവാളികളുമായ രാഷ്ട്രീയക്കാർ, നാട്ടുപ്രമാണിമാർ, മാഫിയകൾ എന്നിവരെല്ലാം ചേർന്ന ഒരു അവിശുദ്ധ കൂട്ടുകെട്ട് നിയമപ്രകാരമുള്ളതും യാഥാർത്ഥ്യവും തമ്മിലുള്ള അന്തരം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ് എന്ന യാഥാർത്ഥ്യം ഇദ്ദേഹം അറിയുന്നുണ്ടോ? ആധാറും അവർക്ക് ചൂഷണത്തിനുള്ള പുതിയ ഉപാധി മാത്രം. ഗ്രാമത്തിൽനിന്ന് പത്തുപതിനഞ്ച് കിലോമീറ്റർ അകലെയുള്ള ബാങ്കിന്റെ സേവനം വൃദ്ധരായ സാധുക്കൾക്ക് എങ്ങനെ ലഭിക്കാൻ. ഒരു ദിവസത്തെ ജോലികളഞ്ഞ് പാവപ്പെട്ടവരെങ്ങനെയാണ് ബാങ്കിൽ പോകുക. ഇപ്പോൾ ഇവർക്കും ബാങ്കിനുമിടയിൽ ബാങ്കിംഗ് കറസ്പോണ്ടന്റ്സ് എന്ന പേരിൽ ഇടനിക്കാരുണ്ട്. ഇവർ പലപ്പോഴും ഇത്തിക്കണ്ണികളാണ്. അഴിമതി നിറഞ്ഞ മുതലാളിത്ത വ്യവസ്ഥയിൽ അത് സ്വാഭാവികം മാത്രം. ഗുണഭോക്താക്കൾക്കുവേണ്ടി ബാങ്കിടപാടുകൾ നടത്തുന്നത് ഇവരാണ്. അപ്പോൾ ആനുകൂല്യങ്ങൾ നേരിട്ടെത്തിക്കുന്നു എന്നത് പാഴ്വാക്കായി അവശേഷിക്കുന്നു. മുക്കാൽ പങ്ക് ഇടനിലക്കാരും ഗ്രാമമുഖ്യൻമാരോ അവരുടെ മക്കളോ ഒക്കെത്തന്നെയെന്ന്(ഉദാ: എക്കണോമിക് ടൈംസ്) റിപ്പോർട്ട് വന്നിട്ടുണ്ട്. അതായത് നിയന്ത്രണം പഴയപടി അവരുടെ കൈകളിൽത്തന്നെ. നേരിട്ട് ആനുകൂല്യങ്ങളെത്തിക്കലൊക്കെ വെറും വാചകക്കസർത്തുമാത്രം.

ആധാർ രജിസ്ട്രേഷന് അനുമിതുയുള്ള ഗവൺമെന്റ് അറിയാതെ അത് സബ്കോൺട്രാക്ട് നൽകുന്നു. നിർബന്ധമായും നൽകേണ്ട വിവരങ്ങളേത് അല്ലാത്തതേത് എന്ന് പറയാതെ ഇവരിൽ പലരും അധിക വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. കമ്പ്യൂട്ടർ പരിജ്ഞാനമില്ലാത്തവർ ഇവിടെ കബളിപ്പിക്കപ്പെടുന്നുമുണ്ട്. ഈ വിവരങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നു. ഇത്തരക്കാർ വർഗീയ ശക്തികളുമായി ബന്ധമുള്ളവരാകാനും സാദ്ധ്യതയുണ്ട്.

### ആധാറും സാങ്കേതിക വിദ്യയും

പത്രസമ്മേളനങ്ങൾ ഒഴിവാ

(ശേഷം 10-ാം പേജിൽ)

# വിവരങ്ങളുടെ ചോർച്ച സ്വകാര്യത അപകടത്തിലാക്കുന്നു

(9–ാം പേജിൽ നിന്ന്)

ക്കി ടെലിവിഷനിൽമാത്രം പ്രത്യക്ഷപ്പെടുന്ന പ്രധാനമന്ത്രി സാങ്കേതിക പുരോഗതിയുടെ പ്രതീകമായാണ് ആധാറിനെ വിശേഷിപ്പിക്കുന്നത്. "സാങ്കേതിക പരിജ്ഞാനമില്ലാത്തവർ", "ഒന്നുകിൽ കാര്യങ്ങൾ മനസ്സിലാകുന്നില്ല, അല്ലെങ്കിൽ മന:പൂർവ്വം കള്ളം പറയുന്നു" എന്നൊക്കെയാണ് അദ്ദേഹം എതിരാളികളെ കുറ്റപ്പെടുത്തുന്നത്. നിലേകനിയും ബിൽഗേറ്റ്സും പോലെയുള്ള ഡിജിറ്റൽ പ്രമാണിമാർ തന്നെ പിന്തുണയ്ക്കുന്നതായി അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ് പറയുന്നത് "സാങ്കേതിക വിദ്യ സ്വാതന്ത്ര്യത്തിന്റെ ഭാവി തടസ്സപ്പെടുത്തുകയാണെ"ന്നത്രെ! നിരക്ഷരതയും കപട സാക്ഷരതയും നടമാടുന്ന രാജ്യമാണിതെന്നോർക്കണം. വിവരങ്ങൾ തന്ന മനുഷ്യന്റെ വ്യക്തിത്വം മുക്കിക്കളയുകയാണ് ഡിജിറ്റൽ ഇന്ത്യ. "അർഹരായ ഗുണഭോക്താക്കളെ പുറന്തള്ളുന്ന ഗുരുതരമായ പിശകുകൾ" വരുത്തിവച്ചുകൊണ്ട് അതിന്റെ രൂപരേഖയിലും സംവിധാനത്തിലുമുള്ള പാളിച്ചകൾ പരിഹരിക്കുന്നതിൽ ആധാർ സംവിധാനം പരാജയപ്പെട്ടിരിക്കുന്നുവെന്ന് ജസ്റ്റിസ് ചന്ദ്രചൂഡ് ചൂണ്ടിക്കാണിക്കുന്നു. "വ്യക്തികളുടെ അന്തസ്സും അവകാശവും കൂട്ടലിനും കിഴിക്കലിനും വിധേയമായിരിക്കാനാവില്ല" എന്നും അദ്ദേഹം വാദിക്കുന്നു. ഈ വാക്കുകൾ അറിവില്ലായ്മയെന്നോ കളവെന്നോ മോദിക്ക് പറയാൻ കഴിയുമോ? രൂപകൽപ്പനയിൽ സഹജമായുണ്ടാകേണ്ട നൈതികത കാത്തുപുലർത്താനുള്ള മതിയായ സംവിധാനങ്ങളോ ആത്യന്തികമായി നിയമപരിരക്ഷയോ ഇല്ലെങ്കിൽ സാങ്കേതിക വിദ്യകൾ വളരെ എളുപ്പത്തിൽ ചൂഷണത്തിനുള്ള ഉപാധികളാക്കിമാറ്റാൻ കഴിയുമെന്നത് ഡിജിറ്റൽ ലോകത്തെക്കുറിച്ച് ധാരണയുള്ള ഏതൊരാൾക്കുമറിയാവുന്ന കാര്യമാണ്. ആധാറിന്റെ കാര്യത്തിൽ, ഉയർന്ന നിലവാരത്തിലുള്ള പരിരക്ഷ പോയിട്ട് വിവരം സൂക്ഷിക്കാനുള്ള സംവിധാനം പോലുമില്ല എന്നതാണ് വസ്തുത.

**'ഭീകരത'യ്ക്കും സാമ്പത്തിക ക്രമക്കേടുകൾക്കുമെതിരെ ആധാറിന്റെ പോരാട്ടം**

ആധാർ ഓരോ വ്യക്തിക്കും ഒരു സവിശേഷ നമ്പർ നൽകുന്നുണ്ട്. പകരമായി വ്യക്തിയുടെ ബയോമെട്രിക് വിവരങ്ങളടക്കം ശേഖരിക്കുകയും ചെയ്യുന്നു. പേര്, മേൽവിലാസം, വയസ്സ്, ലിംഗം, വംശം, മതം, വിദ്യാഭ്യാസയോഗ്യത, ദാമ്പത്യസ്ഥിതി, ജോലി തുടങ്ങിയ സകല വിവരങ്ങളും ഇപ്രകാരം കരസ്ഥമാക്കുന്നു. ബയോമെട്രിക് വിവരങ്ങളായി പത്തുവിരലുകളുടെയും ഫോട്ടോ, കണ്ണിന്റെ സ്കാൻ, മുഖത്തിന്റെ ഫോട്ടോ എന്നിവയും ശേഖരിക്കുന്നു. ഏതൊരു മനുഷ്യനെയും തിരിച്ചറിയാൻ പാകത്തിലുള്ള വിവരങ്ങളാണിത്. ആരെങ്കിലും തെറ്റു ചെയ്താൽ, അത് ഭീകരപ്രവർത്തനമോ സാമ്പത്തിക ക്രമക്കേടോ എന്തുമാകട്ടെ, ഉടനടി കണ്ടുപിടിക്കാൻ ഇത് സഹായകമാകുമെന്നാണ് ഇതിന്റെ വക്താലത്തുകാർ പറയുന്നത്. ഇതൊക്കെ വെറും ബാലിശമായ വാദഗതികൾ മാത്രം. ഭീകരവാദിയെന്ന് വിളിക്കപ്പെടുന്നവനെയും അഴിമതിക്കാരെയുമൊക്കെ തുറുങ്കിലടയ്ക്കാൻ ഇപ്പോൾത്തന്നെ മതിയായ സംവിധാനങ്ങൾ ഭരണകൂടത്തിനുണ്ട്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, സിബിഐ, ഐബി, മിലിട്ടറി ഇന്റലിജൻസ് തുടങ്ങിയവയൊക്കെ ഇതിൽപ്പെടും. എന്നിട്ടും എല്ലാം നിർബ്ബാധം നടക്കുന്നു. നിയമവിധേയമായിട്ടോ അല്ലാതെയോ ഒരു പതിറ്റാണ്ടുകാലമായി ആധാർ പ്രാബല്യത്തിലുണ്ട്. കുഴപ്പക്കാരെ ആരെയെങ്കിലും പിടിച്ചതായി കാണുന്നുണ്ടോ? ആധാർ നിലവിൽ വന്നതിനുശേഷമല്ലേ വിജയ് മല്യയും നീരവ് മോദിയും മെഹുൽ ചോക്സിയുമൊക്കെ ബാങ്കുകളിൽനിന്ന് ജനങ്ങളുടെ പണം കോടിക്കണക്കിന് കൈയടക്കി രാജ്യം വിട്ടുപോയത്? ഇവരിൽ ചിലർ പാവനമെന്ന് കരുതപ്പെടുന്ന പാർലമെന്റ് പരിസരത്തുവച്ച് ധനകാര്യമന്ത്രിയുമായി കൂടിയാലോചനനടത്തിയിട്ടാണ് നാടുവിട്ടത്. ഇവരുടെ കേസുകൾ കൈകാര്യം ചെയ്യുന്നതും കേന്ദ്രമന്ത്രിമാരുടെ അടുത്ത ബന്ധുക്കളായ വക്കീലന്മാർതന്നെ. മുതലാളിത്ത വ്യവസ്ഥതന്നെ കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും താലോലിക്കുന്നു എന്നതാണ് കാര്യം. ഇവർക്ക് കടിഞ്ഞാണിടാൻ ഗവൺമെന്റ് മുതിരുകയുമില്ല. നിയമങ്ങൾ പലതുമുണ്ട്. ഇനിയും പുതിയ നിയമങ്ങൾ ഉണ്ടാക്കാം. എന്നാൽ അത് പ്രയോഗിക്കാൻ തയ്യാറല്ലെങ്കിൽപ്പിന്നെ എന്ത് പ്രയോജനം? അപ്പോൾ ആധാർ കൊണ്ട് എന്തുഗുണം?

**ആധാർ ഇന്ത്യൻ ജനതയ്ക്കെതിരായ തികഞ്ഞ ഗൂഢാലോചന**

വ്യക്തിയെ സംബന്ധിച്ച സമ്പൂർണ്ണവും സമഗ്രവുമായ ഒരു വിവരശേഖരം ആധാർ സൂക്ഷിക്കുന്നു. എന്നാൽ ഡിജിറ്റൽ സംബന്ധവും നിയമപരവുമായ സാക്ഷരത രാജ്യത്ത് ഇന്നും വളരെ താഴ്ന്നതാകയാൽ ഇതിലൂടെ പുതിയൊരു അഴിമതിക്കുള്ള സാഹചര്യം ഉയർന്നുവരുന്നു. സർക്കാർ, സ്വകാര്യ ഏജൻസികളുടെ പക്കലുള്ള, വ്യക്തിയെ സംബന്ധിച്ച ഈ വിവരങ്ങൾ വിറ്റ് കാശാക്കാനുള്ള സാദ്ധ്യതയാണ് ഉണ്ടായിരിക്കുന്നത്.

അടിമുടി അഴിമതിയിൽ മുങ്ങിയ, ജീർണ്ണമായ ഒരു മുതലാളിത്ത വ്യവസ്ഥയിലാണ് ജീവിക്കുന്നത് എന്ന വസ്തുത ജനങ്ങൾ വിസ്മരിക്കരുത്. അധികാരം കൈയാളുന്ന ചൂഷകരും ബഹുഭൂരിപക്ഷംവരുന്ന ചൂഷിതരുമായി സമൂഹം വിഭജിക്കപ്പെട്ടിരിക്കുന്നു. ജനങ്ങളെ അടിച്ചമർത്തി വ്യവസ്ഥയുടെ പ്രവർത്തനം സുഗമമാക്കുന്നത് ഭരണകൂടമാണ്. ഭരണവർഗത്തിന് പ്രിയപ്പെട്ടവരും ഫലപ്രദമായി സേവിക്കാൻ കഴിവുള്ളവരുമായ പാർട്ടികൾ കാലാകാലങ്ങളിൽ അധികാരത്തിൽ അവരോധിക്കപ്പെടുന്നു. മറുവശത്ത് മർദ്ദിതരും ചൂഷിതരുമായ ജനസാമാന്യം. അവർ പ്രതിഷേധിച്ചാൽ തോക്കും ലാത്തിയും കൊണ്ടാണ് നേരിടുക. ഉയർത്തപ്പെടുന്നത് ഏറ്റവും ന്യായമായ ജീവിതപ്രശ്നങ്ങളായിരിക്കാം. അതൊന്നും പരിഗണിക്കപ്പെടില്ല. അതുകൊണ്ടുതന്നെ അവരുടെ മുന്നിൽ ഒറ്റവഴിയേയുള്ളൂ. ചൂഷണത്തിനും അടിച്ചമർത്തലിനുമെതിരെ, അനീതിക്കും അഴിമതിക്കുമെതിരെ യോജിച്ചതും പ്രബുദ്ധവുമായ സമരം പടുത്തുയർത്തുക. ഇതിന് തടസ്സം സൃഷ്ടിക്കുന്നതിനെക്കുറിച്ചോ അത്തരം നീക്കങ്ങളെ പിന്തുണയ്ക്കുന്നതിനെക്കുറിച്ചോ നേരായി ചിന്തിക്കുന്ന ആരും വിചാരിക്കുകപോലും ചെയ്യരുത്. മുതലാളിത്ത വ്യവസ്ഥയുടെ സംരക്ഷണം ഏറ്റെടുത്തിരിക്കുന്ന ഒരു ഗവൺമെന്റിൽനിന്ന് ജനനന്മയെക്കരുതിയുള്ള പദ്ധതികൾ പ്രതീക്ഷിക്കുന്നത് വെറും മനക്കോട്ട കെട്ടലാണ്. സംഘടിത മുന്നേറ്റങ്ങളിലൂടെ ജനശക്തി പ്രകടിപ്പിച്ചുകൊണ്ടേ എന്തെങ്കിലും ആനുകൂല്യങ്ങൾ ജനങ്ങൾക്ക് നേടിയെടുക്കാൻ കഴിയൂ.

> **രൂപകൽപ്പനയിൽ സഹജമായുണ്ടാകേണ്ട നൈതികത കാത്തുപുലർത്താനുള്ള മതിയായ സംവിധാനങ്ങളോ ആത്യന്തികമായി നിയമപരിരക്ഷയോ ഇല്ലെങ്കിൽ സാങ്കേതിക വിദ്യകൾ വളരെ എളുപ്പത്തിൽ ചൂഷണത്തിനുള്ള ഉപാധികളാക്കിമാറ്റാൻ കഴിയുമെന്നത് ഡിജിറ്റൽ ലോകത്തെക്കുറിച്ച് ധാരണയുള്ള ഏതൊരാൾക്കുമറിയാവുന്ന കാര്യമാണ്. ആധാറിന്റെ കാര്യത്തിൽ, ഉയർന്ന നിലവാരത്തിലുള്ള പരിരക്ഷ പോയിട്ട് വിവരം സൂക്ഷിക്കാനുള്ള സംവിധാനം പോലുമില്ല എന്നതാണ് വസ്തുത.**

ഇന്ത്യയിലെ മുതലാളിത്ത വ്യവസ്ഥ പാർലമെന്ററി ജനാധിപത്യത്തിന്റെ മുഖം പ്രദർശിപ്പിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. കാലാകാലങ്ങളിൽ അവർ തൽപരകക്ഷികളെ അധികാരത്തിലെത്തിക്കുന്നു. ഇതിനായി ജനങ്ങളുടെ പണവും പ്രചാരണോപാധികളും ഭരണസംവിധാനവുമെല്ലാം ഉപയോഗപ്പെടുത്തുന്നു. ജനങ്ങളിൽ പാർലമെന്ററി വ്യാമോഹം സജീവമാക്കി നിലനിർത്താൻ തെരഞ്ഞെടുപ്പുകൾ ഉപകരിക്കുന്നു. ഗവൺമെന്റ് മാറുന്നതോടെ സാഹചര്യത്തിൽ മാറ്റമുണ്ടാകുമെന്ന് ഓരോ തെരഞ്ഞെടുപ്പ് വേളയിലും ജനങ്ങൾ വിശ്വസിക്കുന്നു. തെരഞ്ഞെടുപ്പ് കഴിയുന്നതോടെ പഴയതോ അതിനെക്കാൾ മോശമോ ആയ അവസ്ഥയാണ് നിലവിൽവന്നിരിക്കുന്നത് എന്ന് അവർ തിരിച്ചറിയുന്നു. ആധാറും ഇതുപോലൊരു വ്യാമോഹം മാത്രമാണ്. പ്രശ്നങ്ങൾ പരിഹരിക്കുമെന്ന്, രാജ്യത്തുനിന്ന് ഭീകരവാദം തുടച്ചുനീക്കുമെന്ന്, ജീവിതത്തിൽനിന്ന് അഴിമതി നിർമ്മാർജ്ജനം ചെയ്യുമെന്നുമൊക്കെയുള്ള വ്യാമോഹം. വെറും തട്ടിപ്പ്. ഈ ഭരണവർഗ പദ്ധതിക്ക് നിയമസാധുതകൂടി കൈവരുന്നതോടെ എന്താണ് സംഭവിക്കുക എന്ന് ആർക്കറിയാം. ജനങ്ങളുടെ പണം വൻതോതിൽ ചെലവഴിച്ചുകൊണ്ട് പുതിയ അഴിമതിക്ക് കളമൊരുക്കുകയാണ്. പുതിയ ഇടനിലക്കാരും രജിസ്ട്രേഷൻകാരുമൊക്കെ രംഗപ്രവേശം ചെയ്യുന്നു. വാഗ്ദാനങ്ങളൊക്കെ എത്രനാൾ നിലനിൽക്കും എന്ന് പറയാനാകില്ല. എല്ലാറ്റിനുമുപരി ഭീകരവാദവും അഴിമതിയും തടയാനെന്നപേരിൽ ജനങ്ങളെ നിരീക്ഷിക്കാനും അവർക്ക് മൂക്കുകയറിടാനുമുള്ള അപകടകരമായൊരു ആയുധമായിട്ടാണ് മുതലാളിവർഗം ആധാറിനെ ഉപയോഗപ്പെടുത്തുക. അവരെ എക്കാലവും ഭീതിയിൽ തളച്ചിടാനും കഴിയും. ജനാധിപത്യ പ്രക്ഷോഭങ്ങൾക്കുമുന്നിൽ ഇത് കടുത്ത പ്രതിബന്ധം സൃഷ്ടിക്കും. വ്യക്തിയെയോ സംഘത്തെയോ നിരീക്ഷിച്ചുകൊണ്ട് അവർക്കുമേൽ സർക്കാർ ആഗ്രഹിക്കുന്ന എന്ത് നടപടിയും കൈക്കൊള്ളാൻ ഇത് ഉപയോഗപ്പെടുത്താം. ജനങ്ങൾ ഈ ഗൂഢാലോചന തിരിച്ചറിയണം. ആധാർ സ്ഥിരമാക്കാനുള്ള നീക്കം പരാജയപ്പെടുത്തുന്നതിനായി നേരായി ചിന്തിക്കുന്നവരും ജനാധിപത്യവിശ്വാസികളുമായ മുഴുവനാളുകളെയും ഏകോപിപ്പിച്ചുകൊണ്ട് അടിയന്തരമായി ഒരു ബഹുജനമുന്നേറ്റം വളർത്തിയെടുക്കണം. ■

## എ.സി. കനാൽ തീരത്തെ തകർന്ന കടകൾ നിർമ്മിച്ചുനൽകുക



എ.സി. കനാൽ ഫുട്പാത്ത് മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് പ്രസാദ് ചെത്തിക്കാട് ധർണ്ണ ഉദ്ഘാടനം ചെയ്യുന്നു

ആലപ്പുഴ–ചങ്ങനാശ്ശേരി കനാൽ തീരത്തെ പ്രളയത്തിൽ തകർന്നുപോയ കടകൾ പുനർനിർമ്മിച്ചുനൽകുക, പലിശരഹിതവായ്പ നൽകുക, എ.സി. കനാൽ പള്ളാത്തുരുത്തിവരെ തുറക്കുക, അശാസ്ത്രീയ നിർമ്മാണങ്ങൾ ശാസ്ത്രീയമായി പുതുക്കിപ്പണിയുക, തകർന്ന റോഡുകൾ നന്നാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് എ.സി. കനാൽ ഫുട്പാത്ത് മർച്ചന്റ്സ് അസോസിയേഷൻ ഹർത്താൽ ആചരിച്ചുകൊണ്ട് ആലപ്പുഴ കളക്ട്രേറ്റിലേയ്ക്ക് മാർച്ചും ധർണ്ണയും നടത്തി. നൂറുകണക്കിന് കച്ചവടക്കാർ കുടുംബസമേതമാണ് സമരത്തിനെത്തിയത്. അസോസിയേഷൻ പ്രസിഡന്റ് പ്രസാദ് ചെത്തിക്കാട് ധർണ്ണ ഉദ്ഘാടനം ചെയ്തു. വൈസ്പ്രസിഡന്റ് പി.ആർ.സതീശൻ മുഖ്യപ്രസംഗം നടത്തി. സെക്രട്ടറി ഉത്തമൻ പനങ്ങോട് അദ്ധ്യക്ഷത വഹിച്ചു. വി.ആർ.അനിൽ, ബിജു സേവ്യർ എന്നിവർ പ്രസംഗിച്ചു. മുനിസിപ്പൽ സ്റ്റേഡിയത്തിൽ നിന്നും ആരംഭിച്ച മാർച്ചിന് ബാബു പനക്കളം, കുഞ്ഞുമോൻ മനയ്ക്കച്ചിറ, രാജേഷ് കിടങ്ങര, സന്തോഷ് പള്ളാത്തുരുത്തി എന്നിവർ നേതൃത്വംനൽകി. ■

# എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) മൂന്നാം പാർട്ടി കോൺഗ്രസ്സ് വിജയിപ്പിക്കുക

## ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷിന്റെ അഭ്യർത്ഥന

പ്രിയ സഖാക്കളെ,

നമ്മുടെ പാർട്ടിയുടെ മൂന്നാം കോൺഗ്രസിന് മുൻപിലുള്ള സുപ്രധാന വിഷയങ്ങൾ വളരെ സംക്ഷിപ്തമായി അവതരിപ്പിക്കട്ടെ.

1. കഴിഞ്ഞ പാർട്ടി കോൺഗ്രസ്സിനുശേഷം അന്തർദ്ദേശീയ, ദേശീയ സാഹചര്യങ്ങളിൽ അടിസ്ഥാനപരമായ മാറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല എന്നതിനാൽ കഴിഞ്ഞ കോൺഗ്രസ്സ് രൂപം കൊടുത്ത അടിസ്ഥാന ലൈൻ ഇന്നും സാധുവാണ്. എന്നാൽ, ഈ കാലയളവിൽ ചില സുപ്രധാന സംഭവവികാസങ്ങൾ ഉണ്ടായിട്ടുണ്ട്. അതുസംബന്ധിച്ച് പാർട്ടിതത്വങ്ങളുടെയും പാഠങ്ങളുടെയും അടിസ്ഥാനത്തിലുള്ള ഗൗരവാവഹമായ ചർച്ചകളും ആശയവിനിമയവുമൊക്കെ വിവിധ തലങ്ങളിൽ നടത്തേണ്ടതുണ്ട്. തുടർന്ന് പാർട്ടി കോൺഗ്രസ്സിൽ അവ സഗൗരവം പരിശോധിക്കുകയും ഏകമായ ധാരണയിലെത്തുകയും അതുവഴി ഏറ്റവും പുതിയ സാഹചര്യത്തെ അഭിമുഖീകരിക്കത്തക്കവണ്ണം പാർട്ടി തീസിസ് മെച്ചപ്പെടുത്തുകയും ചെയ്യണം.

2. ചൂഷണത്തിലും മർദ്ദനത്തിലും അധിഷ്ഠിതമായ മുതലാളിത്തവ്യവസ്ഥയും അതിന്റെ സേവകരായ പാർലമെന്ററി ഭരണകക്ഷികളും സൃഷ്ടിക്കുന്ന ഗുരുതരവും വർദ്ധമാനവുമായ സാമ്പത്തിക, രാഷ്ട്രീയ, ധാർമിക പ്രതിസന്ധികളുടെ പിടിയിലാണിന്ന് ഇന്ത്യ. ദശലക്ഷക്കണക്കിനാളുകൾ ഇതിനകം തന്നെ തൊഴിൽരഹിതരാണ്. അതിനുപുറമെ ആയിരക്കണക്കിന് തൊഴിലാളികളെ പിരിച്ചുവിടുന്നു. ആഹാരവും മരുന്നും കിട്ടാതെ മരിക്കുന്നതും ആത്മഹത്യ ചെയ്യുന്നതും ലക്ഷങ്ങളാണ്. കുട്ടികളടക്കം ആയിരക്കണക്കിന് സ്ത്രീകൾ അനുദിനം വാണിഭത്തിന് ഇരയാകുന്നു. വൃദ്ധകളും കുഞ്ഞുങ്ങളുമടക്കം ആയിരക്കണക്കിന് സ്ത്രീകളാണ് അനുനിമിഷം കൂട്ടബലാത്സംഗത്തിനും കൊലപാതകത്തിനും വിധേയമാകുന്നത്. വിലകളും നികുതികളും അഴിമതിയും പൊതുമുതൽ കൊള്ളയടിക്കലുമൊക്കെ വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെയും ആരോഗ്യ പരിപാലനത്തിന്റെയും ചെലവിലാണ് പട്ടാള ബജറ്റ് വർദ്ധിപ്പിക്കുന്നത്. ഹിന്ദുമത മൗലികവാദം, വിജ്ഞാന വിരോധം, ദേശീയഭ്രാന്ത്, വർഗീയത, പ്രാദേശികവാദം, ജാതീയത എന്നവയൊക്കെ ഊതിപ്പെരുപ്പിക്കുന്നു. വർഗീയവും ജാതീയവുമായ വിദ്വേഷവും കലാപങ്ങളും വളർത്തിയെടുക്കുന്നു. വിദ്യാഭ്യാസത്തെ കാവിവൽക്കരിച്ചുകൊണ്ട് ജനങ്ങളെ മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഭിന്നിപ്പിക്കുകയും വോട്ടുബാങ്കുകൾ സൃഷ്ടിക്കുകയും രാജ്യത്തെ ഫാസിസവൽക്കരിക്കുന്ന പ്രക്രിയയ്ക്ക് ആക്കം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ജനാധിപത്യ സ്ഥാപനങ്ങളുടെ അവശേഷിപ്പുകൾപോലും തകർക്കുന്നു. പണവും കയ്യൂക്കും മാധ്യമങ്ങളും അധികാരശക്തിയും നിയന്ത്രിക്കുന്ന തെരഞ്ഞെടുപ്പുകൾ ജനങ്ങളെ തീർത്തും വഞ്ചിക്കുന്നു. എല്ലാറ്റിനുമുപരിയായി നവോത്ഥാനത്തിന്റെയും സ്വാതന്ത്ര്യസമരത്തിന്റെയും പൈതൃകവും ധാർമിക മൂല്യങ്ങളുമൊക്കെ നശിപ്പിച്ചുകൊണ്ട് യുവാക്കളെയും വിദ്യാർത്ഥികളെയും അപമാനവീകരിക്കുന്നു. ഇതെല്ലാംചേർന്ന് രാജ്യത്തെ തകർച്ചയിലേയ്ക്ക് തള്ളിനീക്കുകയാണ്. ഭരണ മുതലാളിവർഗ്ഗത്തിന്റെ പ്രീതി സമ്പാദിക്കാനും മന്ത്രിസ്ഥാനം നേടി അവരുടെ രാഷ്ട്രീയ കാര്യസ്ഥൻമാരാകാനും ദേശീയ ബൂർഷ്വാ പാർട്ടികളായ ബിജെപിയും കോൺഗ്രസ്സും പരസ്പരം മത്സരിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. അധികാരത്തിലായാലും പ്രതിപക്ഷത്തായാലും അവർക്ക് ഈ ഒരൊറ്റ ലക്ഷ്യമേയുള്ളു. അധികാരത്തിലിരിക്കുമ്പോൾ എതിർശബ്ദങ്ങളെയെല്ലാം അമർച്ചചെയ്തും ജനകീയ സമരങ്ങളെ ക്രൂരമായി അടിച്ചമർത്തിയും യജമാനൻമാരെ തൃപ്തിപ്പെടുത്താനും മുതലാളിത്ത ചൂഷണം ശാശ്വതമായി നിലനിർത്താനും അവർ നേരിട്ട് ഒത്താശചെയ്യുന്നു. പ്രതിപക്ഷത്തായിരിക്കുമ്പോൾ ജനങ്ങളുടെ ദുരിതങ്ങളെപ്രതി അവർ മുതലക്കണ്ണീരൊഴുക്കുന്നു. ജനങ്ങളെ കബളിപ്പിച്ച് അടുത്ത തെരഞ്ഞെടുപ്പിൽ വിജയംകൊയ്യാനുള്ള കളമൊരുക്കൽ മാത്രമാണിത്. ഇങ്ങനെയൊക്കെയാണെങ്കിലും ജനങ്ങളെ നിശബ്ദരാക്കാനാകില്ല. നീറുന്ന, ഭാരിച്ച ജീവിതപ്രശ്നങ്ങൾ അവരെ പ്രതിഷേധിക്കാൻ നിർബ്ബന്ധിതരാക്കുന്നു. അസംതൃപ്തിയും രോഷവും പ്രതിഷേധത്തിന്റെ രൂപമെടുക്കുമ്പോൾ പലയിടത്തും ആയിരക്കണക്കിന് കർഷകരും തൊഴിലാളികളും വിദ്യാർത്ഥികളും മറ്റ് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളും സ്വാഭാവികമായിത്തന്നെ പ്രക്ഷോഭവുമായി തെരുവിലണയുന്നു. അസംഘടിതവും വലിയ രാഷ്ട്രീയ ധാരണയൊന്നുമില്ലാത്തവയുമെങ്കിലും ഈ സഹജമായ പൊട്ടിത്തെറികൾ ലാത്തിച്ചാർജിനെയും വെടിവയ്പിനെയുമൊക്കെ നേരിടാൻ തയ്യാറാകുന്നുണ്ട്. ഒരു യഥാർത്ഥ രാഷ്ട്രീയ നേതൃത്വത്തിന്റെ അഭാവത്തിൽ ഈ സമരങ്ങൾ കാലാകാലങ്ങളിൽ ഉയർന്നുവരികയും പിൻവാങ്ങുകയും ചെയ്യുന്നു. പ്രബല ഇടതുപക്ഷ പാർട്ടികളായ സിപിഐ(എം), സിപിഐ എന്നിവ സമരക്കാരായി ഭാവിക്കുന്നുണ്ടെങ്കിലും അവരുടെ സോഷ്യൽ ഡെമോക്രാറ്റിക് സ്വഭാവംമൂലം അവർ വീറുറ്റ സമരത്തിന്റെ പാത ഉപേക്ഷിച്ചുകഴിഞ്ഞിരിക്കുന്നു എന്നത് വ്യക്തമാണ്. എന്നാൽ 'മതേതര' കോൺഗ്രസ്സ് നയിക്കുന്ന സഖ്യത്തിൽ ചേർന്ന് തെരഞ്ഞെടുപ്പ് നേട്ടമുണ്ടാക്കാനുള്ള ശ്രമങ്ങളിൽ വ്യാപൃതരാണവർ. എങ്കിലും അവരെ അതിൽനിന്ന് പിന്തിരിപ്പിച്ച് സംയുക്ത സമരങ്ങളിൽ സാധ്യമാകുന്നത്ര പങ്കാളികളാക്കുന്നതിനുള്ള ശ്രമങ്ങൾ നമ്മൾ തുടരുകതന്നെ ചെയ്യും. ഐക്യം, സമരം, ഐക്യം എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന ഇത്തരം സമരങ്ങളിലൂടെ അവരെ തുറന്നുകാണിക്കാനും അതേ സമയം തന്നെ അവരുടെ സാധ്യതകൾ ഉപയോഗപ്പെടുത്താനും കഴിയും. എന്നാൽ, മഹാനായ മാർക്സിസ്റ്റ് ചിന്തകനായ സഖാവ് ശിബ്ദാസ് ഘോഷ് സ്ഥാപിച്ച, ഈ രാജ്യത്തെ ഒരേയൊരു വിപ്ലവ തൊഴിലാളിവർഗ്ഗ പാർട്ടിയായ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയെ കൂടുതൽ ശക്തിപ്പെടുത്തുകയും വ്യാപിപ്പിക്കുകയും ദൃഢീകരിക്കുകയും ചെയ്യുക എന്നതാണ് അടിയന്തരാവശ്യകത. അതുവഴി ഈ സമരങ്ങളെ അതിന്റെ യുക്തിസഹമായ പരിണതിയിലേയ്ക്ക് നയിക്കുന്നതിനുള്ള പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവും സംഘടനാപരവും സാംസ്കാരികവുമായ ശരിയായ നേതൃത്വം പ്രദാനം ചെയ്യാൻ പാർട്ടിക്ക് പ്രാപ്തി കൈവരും. ഈ നിലവാരം ആർജ്ജിക്കണമെങ്കിൽ സഖാവ് ശിബ്ദാസ്ഘോഷിന്റെ വിപ്ലവ പാഠങ്ങൾ പിന്തുടർന്നുകൊണ്ട് തീവ്രമായൊരു സമരം അടിയന്തരമായി പാർട്ടിക്കുള്ളിൽ നടത്തേണ്ടതുണ്ട്. മുഴുവൻ സഖാക്കളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അത്തരമൊരു ആന്തരിക സമരത്തിനുള്ള തയ്യാറെടുപ്പ് എന്ന നിലയിലാണ് പാർട്ടി കോൺഗ്രസ്സ് നടത്തുന്നത്.

3. അഭൂതപൂർവ്വവും നിരന്തരം ആഴംവയ്ക്കുന്നതുമായ പ്രതിസന്ധിയുടെ പിടിയിൽപ്പെട്ട് ഉഴലുകയാണ് ലോക സാമ്രാജ്യത്വ-മുതലാളിത്തം എന്നോർക്കണം. സമാന്തരമായൊരു സോഷ്യലിസ്റ്റ് ലോക കമ്പോളം നിലവിലില്ലെങ്കിലും നിരന്തരം ചുരുങ്ങുന്ന കമ്പോളം എന്ന പ്രതിസന്ധിയെ ലോക മുതലാളിത്തം അഭിമുഖീകരിക്കുകയാണ്. സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചയെത്തുടർന്ന് ഉളവായ ഏകധ്രുവ ലോകത്തിന്റെ 'അധിപൻ' എന്ന് ഒരിക്കൽ വീമ്പിളക്കിയ അമേരിക്ക ഇന്ന്, മുതലാളിത്ത രാജ്യങ്ങളായി മാറിയ റഷ്യ, ചൈന, കൂടാതെ യൂറോപ്യൻ യൂണിയൻ, ജപ്പാൻ എന്നീ രാജ്യങ്ങളിൽനിന്ന് കടുത്ത വെല്ലുവിളി നേരിടുകയാണ്. ഓരോരുത്തരും മറ്റുള്ളവരുടെ കമ്പോളം പിടിച്ചെടുക്കാനുള്ള കഴുത്തറപ്പൻ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്നു. ലോക മുതലാളിത്ത സമ്പദ്ഘടനയുടെ തീവണ്ടി എൻജിൻ എന്ന് കരുതിയിരുന്ന യുഎസ്എ ഇന്ന് ഒരു മുങ്ങുന്ന കപ്പലാണ്. ആഗോളീകരണ പദ്ധതി ആവിഷ്കരിക്കുന്നതിൽ മുൻപന്തിയിൽ നിന്നുകൊണ്ട് മറ്റ് രാജ്യങ്ങളുടെ കമ്പോളത്തിലേയ്ക്ക് കടന്നുകയറാൻ അവർ ശ്രമിച്ചിരുന്നെങ്കിൽ ഇന്ന് അതേ പദ്ധതിപ്രകാരം മത്സരക്കാരായ മറ്റ് വൻ ശക്തികൾ അവരുടെ ആഭ്യന്തര കമ്പോളം പിടിച്ചടക്കാൻ ശ്രമിക്കുകയാണ്. ഇതുമൂലം ആഗോളീകരണത്തെ തള്ളിപ്പറഞ്ഞ് 'ആദ്യം അമേരിക്ക' എന്ന മുദ്രാവാക്യമുയർത്താനും ചൈനയിൽ നിന്നും മറ്റും തിരിച്ചടി നേരിട്ട സാഹചര്യത്തിൽ കൂടുതൽ കർക്കശമായ താരിഫ് മതിലുകളുയർത്താനും അവർ നിർബ്ബന്ധിതരായിരിക്കുന്നു. അങ്ങനെ ലോകമാകെ ഒരു വ്യാപാരയുദ്ധത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. ഈ വ്യാപാരയുദ്ധം എങ്ങോട്ടാണ് നയിക്കുക എന്ന വലിയ ചോദ്യത്തിന് ഭാവിയാണ് ഉത്തരം നൽകേണ്ടത്. മറുവശത്ത്, ഈ സാമ്രാജ്യത്വ രാജ്യങ്ങളെല്ലാം ജനജീവിതം ദുരിതമയമാക്കുംവിധം നിരന്തര മാന്ദ്യം, വ്യവസായ മുരടിപ്പ്, പിരിച്ചുവിടൽ, തൊഴിലില്ലായ്മ തുടങ്ങിയ രൂക്ഷമായ പ്രശ്നങ്ങളിൽപ്പെട്ട് ഉഴലുകയാണ്. മുമ്പൊരിക്കലും ഉണ്ടാകാത്ത തരത്തിലുള്ള ജനകീയ പ്രതിഷേധത്തിന് ജന്മം നൽകുന്നതിലേയ്ക്കാണ് ഇതെല്ലാം എത്തിച്ചേരുന്നത്. തൊഴിലാളി പണിമുടക്കുകളും വിദ്യാർത്ഥി സമരങ്ങളും ജനകീയ പ്രക്ഷോഭങ്ങളുമൊക്കെ അലയടിച്ചുയരുന്നു. 'വാൾസ്ട്രീറ്റ് പിടിച്ചടക്കൽ', 'അറബ് വസന്തം' പോലുള്ള പ്രസ്ഥാനങ്ങൾ വീണ്ടും വീണ്ടും ഉയർന്നുവരും. എന്നാൽ ഒരു വിപ്ലവ തൊഴിലാളിവർഗ്ഗ നേതൃത്വത്തിന്റെ അഭാവംമൂലം ഇതൊക്കെ കെട്ടടങ്ങുകയും ചെയ്യും. സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്പിലും ചൈനയിലുമൊക്കെ നടന്ന പ്രതിവിപ്ലവങ്ങളിലൂടെ ആ രാജ്യങ്ങളിലെ സോഷ്യലിസം തകർക്കപ്പെടുക മാത്രമല്ല, അന്ന് പ്രബലമായിരുന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുതന്നെ വമ്പിച്ച തിരിച്ചടി നേരിടേണ്ടിവരികയും ചെയ്തകാര്യം സഖാക്കൾക്കറിയാമല്ലോ. പ്രത്യയശാസ്ത്രപരവും സാംസ്കാരികവുമായ പിന്നാക്കാവസ്ഥയും സോവിയറ്റ്, ചൈനീസ് നേതൃത്വങ്ങളോടുള്ള യാന്ത്രികവും അന്ധവുമായ വിധേയത്വവുംമൂലം കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് ആധുനിക തിരുത്തൽവാദത്തിന്റെ അപകടം തിരിച്ചറിയാനോ പ്രതിവിപ്ലവത്തിന്റെ കാരണങ്ങൾ കണ്ടെത്താനോ കഴിയാതെപോയ കാര്യം വളരെമുമ്പുതന്നെ സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുകൊണ്ടാണ്, സോവിയറ്റ് സോഷ്യലിസം തകർക്കപ്പെട്ടപ്പോൾ ഈ കമ്മ്യൂണിസ്റ്റ് പാർട്ടികൾ അന്ധാളിച്ചുപോകുകയും പ്രത്യയശാസ്ത്രപരമായ പാപ്പരത്തംമൂലം നിരാശയിലേയ്ക്കും തളർച്ചയിലേയ്ക്കും തകർച്ചയിലേയ്ക്കും കൂപ്പുകുത്തുകയും ചെയ്തത്. ഇന്ന് പല രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ് എന്നവകാശപ്പെടുന്ന ചെറിയ പാർട്ടികളും ഗ്രൂപ്പുകളും ഉണ്ടെങ്കിലും മാർക്സിസം-ലെനിനിസത്തെക്കുറിച്ച് ഇന്നത്തെ സാഹചര്യത്തിന് നിരക്കുന്ന മൂർത്തമായ ധാരണയുടെ അഭാവംമൂലം പ്രത്യയശാസ്ത്രപരമായ പാപ്പരത്തം നേരിടുന്ന സംഘടനകളാണ് അവയെല്ലാം. സഖാവ് ശിബ്ദാസ് ഘോഷ് ആവിഷ്കരിച്ച മാർക്സിസത്തിന്റെ സമ്പുഷ്ടമായ ധാരണയുടെയും കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരണത്തിനുള്ള ലെനിനിസ്റ്റ് രീതിയുടെ വികസിത പ്രയോഗത്തിന്റെയും അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട നമ്മുടെ പാർട്ടിക്ക്, എസ്‌യു

(ശേഷം 12-ാം പേജിൽ)

## അഭ്യർത്ഥന...

(11-ാം പേജിൽ നിന്ന്)

സിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിക്ക് മാത്രമാണ് ഈ പ്രതിസന്ധിയെ ശരിയായും ധീരമായും മറികടക്കാനായത്. സോഷ്യലിസ്റ്റ് വ്യവസ്ഥയിലും അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലും വളർന്നുവരുന്ന വിപത്തിനെക്കുറിച്ച് അദ്ദേഹം മുന്നറിയിപ്പ് നൽകുകയും ആ സാഹചര്യത്തെ നേരിടുന്നതിനുള്ള ശക്തമായ പ്രത്യയശാസ്ത്രായുധം പ്രദാനം ചെയ്യുകയുമുണ്ടായി. അദ്ദേഹത്തിന്റെ അമൂല്യമായ പാഠങ്ങൾ പിന്തുടർന്ന നമ്മുടെ പാർട്ടിയെ ഈ പ്രതിസന്ധി ഒട്ടും ബാധിച്ചില്ല എന്നു മാത്രമല്ല, മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തയുടെയും തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയുടെയും പതാകയേന്തിക്കൊണ്ട് നമ്മുടെ പാർട്ടി രാജ്യമെമ്പാടും വളർന്നുകൊണ്ടിരിക്കുകയുമാണ്.

മഹാന്മാരായ മാർക്സും ഏംഗൽസും ചേർന്ന് രൂപംനൽകിയ രണ്ടാം ഇന്റർ നാഷണൽ, ഒന്നാം ലോകയുദ്ധ സമയത്ത് അധഃപതിക്കുകയും മാർക്സിസത്തിന്റെ അന്തഃസത്ത കൈവെടിഞ്ഞ് തിരുത്തൽ വാദികളുടെ താവളമായിത്തീരുകയും ചെയ്തകാര്യം ഓർമിക്കുമല്ലോ. ആ നിർണായക സന്ദർഭത്തിൽ മഹാനായ ലെനിൻ 2-ാം ഇന്റർനാഷണലിലെ തിരുത്തൽവാദി നേതാക്കളെ പ്രത്യയശാസ്ത്രപരമായി പരാജയപ്പെടുത്തുകയും മാർക്സിസത്തിന്റെ വിപ്ലവസത്ത കാത്തുപുലർത്തുകയും ചെയ്തു. ആ പ്രക്രിയയിലൂടെ മാർക്സിസത്തെ കൂടുതൽ സമ്പുഷ്ടവും വികസിതവുമാക്കുകയും മുതലാളിത്തത്തിന്റെ പുതിയ ഘട്ടമായ സാമ്രാജ്യത്വ കാലഘട്ടത്തിന് നിരക്കുംപടി മാർക്സിസത്തിന്റെ ധാരണയെ പുതിയൊരു തലത്തിലേയ്ക്ക് ഉയർത്തുകയും ചെയ്തു. ഇതിനെയാണ് മഹാനായ സ്റ്റാലിൻ, 'സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെയും കാലഘട്ടത്തിലെ മാർക്സിസം' അഥവാ ലെനിനിസം എന്ന് വിളിച്ചത്. ഇത് വിജയകരമായി പ്രയോഗത്തിൽ വരുത്തിക്കൊണ്ട് റഷ്യയിൽ സോഷ്യലിസ്റ്റ് വിപ്ലവം പൂർത്തീകരിക്കുകയും സോവിയറ്റ് യൂണിയൻ നിലവിൽ വരികയുമുണ്ടായി. തുടർന്ന് ചൈനയിലും വിയറ്റ്നാമിലും ഉത്തര കൊറിയയിലും പൂർവ്വ യൂറോപ്പിലും വിപ്ലവം വിജയം വരിച്ചു. സോഷ്യലിസത്തിന്റെ ഉജ്ജ്വലവും ഗംഭീരവുമായ ഈ മുന്നേറ്റത്തിനിടയിൽ തിരുത്തൽവാദം തലപൊക്കുകയും ആത്യന്തികമായി ബൂർഷ്വാ പ്രതിവിപ്ലവം സോഷ്യലിസത്തെ തകർക്കുകയും ചെയ്തു.

ഇന്ന് വിവിധ രാജ്യങ്ങളിൽ നടക്കുന്ന വർഗ-ബഹുജന പ്രക്ഷോഭങ്ങളെ നയിക്കാനും അവയ്ക്ക് ശരിയായ മാർഗനിർദ്ദേശം നൽകാനും ആ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടികൾ രൂപീകരിക്കുകയും അവയെ ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് അടിയന്തരാവശ്യകത. മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്ത ശരിയായി ഗ്രഹിക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്തുകൊണ്ടുമാത്രമേ ഇന്നത്തെ നിർണായക സാഹചര്യത്തിൽ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടികൾ രൂപീകരിക്കാനും അവയെ ശക്തിപ്പെടുത്താനും സാധിക്കൂ എന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. മാർക്സിസത്തിന്റെ ഈ ഉയർന്ന ധാരണ പകർന്ന് നൽകിക്കൊണ്ടും പ്രചരിപ്പിച്ചുകൊണ്ടും മറ്റു രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗത്തെ ഈ വിഷയത്തിൽ സഹായിക്കുക എന്നത് നമ്മുടെ അന്തർദ്ദേശീയ കടമയാണ്. ചരിത്രപരമായ ഈ കടമ പൂർത്തീകരിക്കുന്നതിനായി നമ്മുടെ പാർട്ടിയെ പ്രത്യയശാസ്ത്രപരമായും രാഷ്ട്രീയമായും സംഘടനാപരമായും ധാർമികമായും കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഈ കർത്തവ്യ നിർവ്വഹണത്തിന്റെ നാന്ദികൂടിയാണ് പാർട്ടി കോൺഗ്രസ്സ്.

4. മുമ്പ്, വിശേഷിച്ച് രൂപീകരണ ഘട്ടത്തിലും തുടർന്ന് ഏതാനും ദശാബ്ദങ്ങളിലും, നമ്മുടെ പാർട്ടിയുടെ വളർച്ചയിൽ നിരവധി പ്രതിബന്ധങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയും തുടർന്ന് സിപിഐ(എം)ഉം ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് എന്നാണ് ജനങ്ങൾ ധരിച്ചിരുന്നത്. അവർക്ക് സമരോത്സുകമായ സ്വഭാവവും അന്നത്തെ അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിന്റെ പിന്തുണയുമുണ്ടായിരുന്നു. ആ നിർണായക ഘട്ടം മറികടക്കാൻ സഖാവ് ശിബ്ദാസ് ഘോഷിന് മാതൃകാപരമായൊരു പോരാട്ടംതന്നെ നയിക്കേണ്ടി വന്നു. ഇന്ന് സാഹചര്യം തികച്ചും വ്യത്യസ്തമാണ്. സിപിഐ(എം) ഇന്ന് ഏതാണ്ട് പൂർണമായിത്തന്നെ തുറന്നുകാട്ടപ്പെട്ടിരിക്കുന്നു. പഴയ സമരോത്സുകതയൊക്കെ അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ഭരണവർഗ്ഗത്തിന്റെ ആശീർവാദത്തോടെ തെരഞ്ഞെടുപ്പ് നേട്ടങ്ങൾ കൊയ്യാൻ അവർ ബൂർഷ്വാ പാർട്ടികളുമായി ചങ്ങാത്തം സ്ഥാപിക്കുകയാണ്. അവർ പ്രത്യയശാസ്ത്രപരമായി പാപ്പരാണ്. ജനങ്ങൾക്കുമുമ്പിൽ അവർ സ്വയം വിലയിടിക്കുകയാണ്. സിപിഐ(എം)ന്റെ അതേ പാത പിന്തുടരുന്ന സിപിഐ ആകട്ടെ വൃദ്ധരുടെ പാർട്ടിയായിത്തീർന്നിരിക്കുന്നു. ഇരുപാർട്ടികളും ജീർണതയുടെ പാതയിലാണ്. നമ്മുടെ പാർട്ടിയുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് പറ്റിയ സമയമാണിത്. നമ്മുടെ പാർട്ടിയുടെയും സഖാവ് ശിബ്ദാസ്ഘോഷിന്റെയും പേരുപോലും കേട്ടിട്ടില്ലാത്ത സംസ്ഥാനങ്ങളിലും സ്ഥലങ്ങളിലും, വലിയ പക്വതയൊന്നുമില്ലാത്ത സഖാക്കൾ പോലും സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളുമായി ജനങ്ങളെ സമീപിക്കുമ്പോൾ, സത്യസന്ധരായ ഇടതുപക്ഷ ചിന്താഗതിക്കാരിൽനിന്നും ബുദ്ധിജീവികൾ, വിദ്യാർത്ഥികൾ, യുവാക്കൾ, തൊഴിലാളികൾ, കർഷകർ എന്നിവരിൽനിന്നുമൊക്കെ വളരെ ആവേശകരമായ പ്രതികരണമാണ് ലഭിക്കുന്നത്. ഈ സാഹചര്യം പ്രയോജനപ്പെടുത്തണമെങ്കിൽ, പുതിയ മേഖലകളിൽ പ്രവർത്തനം ആരംഭിക്കുന്നതിനായി, വിദ്യാർത്ഥികളും ചെറുപ്പക്കാരുമായ നിരവധി സഖാക്കളെ വിവിധ സംസ്ഥാനങ്ങളിൽ തെരഞ്ഞെടുത്ത്, അവർക്ക് ആവശ്യമായ പരിശീലനം നൽകി വികസിപ്പിച്ചെടുക്കണം. മൂന്നാം പാർട്ടി കോൺഗ്രസ്സിന്റെ തയ്യാറെടുപ്പ് പ്രവർത്തനങ്ങളിൽ അടിയന്തരവും സുപ്രധാനവുമായ ഈ കടമകൂടി ഉൾച്ചേർന്നിരിക്കുന്നു.

5. നമ്മുടേതുപോലെ ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഇന്നത്തെ അന്തർദ്ദേശീയ, ദേശീയ സാഹചര്യങ്ങൾ വളരെ നിർണായകമാണ്. ഒരു കാലത്ത് ശക്തമായിരുന്ന ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും സോഷ്യലിസ്റ്റ് ചേരിയും തകർക്കപ്പെട്ടിരിക്കുന്നു. എങ്ങും നിരാശ പടർന്നിരിക്കുന്നു. മാർക്സിസം-ലെനിനിസവും കമ്മ്യൂണിസ്റ്റ് ആശയങ്ങളും നിരന്തരമായ ആക്രമണത്തിനും വളച്ചൊടിക്കലുകൾക്കും വിധേയമായിക്കൊണ്ടിരിക്കുന്നു. ആദരണീയരായ മാർക്സിസ്റ്റ് ആചാര്യന്മാർ നിരന്തരം അപവാദ പ്രചാരണങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്നു. യുക്തിബോധവും ധാർമിക മൂല്യങ്ങളുമൊക്കെ തകർക്കപ്പെടുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ മാർക്സിസം-ലെനിനിസത്തിന്റെ, കമ്മ്യൂണിസത്തിന്റെ മഹനീയത കാത്തുപുലർത്തുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുക എന്നത് അടിയന്തര പ്രാധാന്യമുള്ളതും എന്നാൽ ഏറെ കഠിനതരവുമായ ഒരു കർത്തവ്യമാണ്. സുപ്രധാനമായ ഈ കടമ ചരിത്രം നമ്മുടെ ചുമലിലാണ് അർപ്പിച്ചിരിക്കുന്നത്. അതിന് വളരെ ഗൗരവാവഹവും അടിപതറാത്തതും നിശ്ചയ ദാർഢ്യത്തോടെയുള്ളതുമായ ഒരു സമരം ആവശ്യമുണ്ട്. സഖാക്കളുടെ പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവും സംഘടനാപരവും സദാചാരപരവും ധാർമികവുമായ നിലവാരമുയർത്തുന്നതിനുവേണ്ടി പാർട്ടിക്കുള്ളിൽ നടത്തേണ്ട ജീവന്മരണ പോരാട്ടമാണത്. ജീർണിച്ച മുതലാളിത്ത വ്യവസ്ഥയുടെ അടയാളങ്ങളുമായാണ് എല്ലാ സഖാക്കളും പാർട്ടിയിലേയ്ക്ക് വരുന്നത്. എന്നുമാത്രമല്ല, ജീർണമായ മുതലാളിത്ത സാഹചര്യമാണ് നമ്മുടെ ചുറ്റുമുള്ളത്. അത് അനുദിനം, അനുനിമിഷം നമ്മെ അധഃപതിപ്പിക്കുന്നു. വ്യക്തിവാദം, അഹന്ത, ആത്മപ്രശംസ, വിമർശകരോട് വിരോധം, സ്ഥാനമോഹം, ഉദ്യോഗസ്ഥ മനോഭാവം, കർത്തവ്യത്തോടും അച്ചടക്കത്തോടുമുള്ള അലംഭാവം, കേന്ദ്രീയതയെയും ആധികാരികതയെയും അംഗീകരിക്കാനുള്ള വൈമുഖ്യം, ആഡംബര പ്രേമം, ഉപഭോക്തൃ തൃഷ്ണ, പ്രണയത്തിലും രതിയിലും സദാചാരം കൈവെടിയൽ, കുടുംബത്തോടുള്ള ദൗർബല്യം തുടങ്ങിയവയിലേയ്ക്കെല്ലാം വഴുതിവീഴാൻ അത് ഇടയാക്കുന്നു. സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങൾ പിന്തുടരുന്നതിൽ നിരന്തര ജാഗ്രത പുലർത്തിയില്ലെങ്കിൽ ഈ ബൂർഷ്വാ തിന്മകൾക്കൊക്കെ നമ്മൾ ഇരയായിത്തീരാം. മരണത്തോടടുക്കുന്ന മുതലാളിത്ത വ്യവസ്ഥയുടെ സർവ്വാംഗീണമായ ജീർണതയുടെ ഈ കാലയളവിൽ, ഒളിഞ്ഞും തെളിഞ്ഞുമുള്ള ബൂർഷ്വാ ആക്രമണങ്ങളെ ചെറുക്കാനും കമ്മ്യൂണിസ്റ്റ് സ്വഭാവം ആർജിക്കാനും അത് സംരക്ഷിക്കാനുമൊക്കെ കഠിനതരമായ സമരം ആവശ്യമാണെന്ന കാര്യം ഒരിക്കലും മറക്കരുത്. ഒരു നിമിഷനേരത്തെ ജാഗ്രതക്കുറവും അലംഭാവം അല്ലെങ്കിൽ വിട്ടുവീഴ്ചയും മതി, ആർജിച്ച ഉന്നത നിലവാരത്തിൽനിന്ന് താഴേയ്ക്ക് പതിക്കാൻ. അതുകൊണ്ടുതന്നെ, ലൈംഗികതയടക്കം ജീവിതത്തിന്റെ സമസ്ത മേഖലകളിലും സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങൾ പിന്തുടർന്നുകൊണ്ടുള്ള നിരന്തര സമരം അനിവാര്യതയാണ്. പാർട്ടി സംഘടന അടിമുടി അഴിച്ചുപണിത് പുതുജീവൻ നൽകേണ്ടത് ഈ പോരാട്ടത്തിന് അത്യന്താപേക്ഷിതമാണ്. രക്തസാക്ഷിത്വം, പ്രായാധിക്യം, രോഗം എന്നിവയൊക്കെ മൂലം പല തലങ്ങളിലുള്ള, പ്രായംചെന്നവരും ചെറുപ്പക്കാരുമായ നിരവധി വിലപ്പെട്ട നേതാക്കളെയും സംഘാടകരെയും ഇതിനകംതന്നെ പാർട്ടിക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. ചിലർ വൃദ്ധരായി, ചിലർ ശാരീരികമായി അവശരായി, ചിലർ മുൻകൈയെടുക്കുന്നതിൽ വിട്ടുവീഴ്ചയും അലംഭാവവും കാണിച്ചു. ഇതുമൂലം എല്ലാ തലങ്ങളിലുമുള്ള പാർട്ടി ഘടകങ്ങൾ പുനസംഘടിപ്പിക്കുകയും ചുറുചുറുക്കും പ്രാപ്തിയുമുള്ള പുതിയ സഖാക്കൾക്ക് ഉയർന്ന ഉത്തരവാദിത്വങ്ങൾ നൽകുകയും ചെയ്യേണ്ടത് ആവശ്യമായി വന്നു. ഈ കർത്തവ്യംകൂടി ലക്ഷ്യംവച്ചുകൊണ്ടാണ് മൂന്നാം പാർട്ടി കോൺഗ്രസ്സ് ചേരുന്നത്.

ഈ പശ്ചാത്തലവും മുന്നിലുള്ള കടമകളും ശരിയാംവണ്ണം മനസ്സിലാക്കിക്കൊണ്ട് മൂന്നാംപാർട്ടി കോൺഗ്രസ്സ് വിജയിപ്പിക്കുന്നതിനായി എല്ലാ തലങ്ങളിലുമുള്ള സഖാക്കൾ മുന്നിട്ടിറങ്ങുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ■

## കോഴിക്കോട് ബഹുജന കൂട്ടായ്മ



**പെട്രോളിയം വിലവർദ്ധനവിനെതിരെ ജനകീയവേദിയുടെ നേതൃത്വത്തിൽ കോഴിക്കോട് നടന്ന ബഹുജനകൂട്ടായ്മ പ്രൊഫ.സി.വികുമാരൻ ഉദ്ഘാടനം ചെയ്യുന്നു.**

## തിരുവാർപ്പിൽ ദുരിതാശ്വാസ പ്രവർത്തകരുടെ സംഗമം




'മനുഷ്യത്വം കൊണ്ട് പ്രളയത്തെ തോൽപ്പിച്ചവർ' തിരുവാർപ്പിൽ നടന്ന ദുരിതാശ്വാസ പ്രവർത്തകരുടെ സംഗമം നവജീവൻ ട്രസ്റ്റി പി.യു.തോമസ് ഉദ്ഘാടനം ചെയ്യുന്നു. അഡ്വ.വി.കെ.സത്യവാൻ നായർ, സിപിഐ(എം) ജില്ലാക്കമ്മിറ്റിയംഗം അഡ്വ.കെ.അനിൽകുമാർ, ബിജെപി മണ്ഡലം പ്രസിഡന്റ് രാജ്മോഹൻ കൈമൾ, എ.കെ.രവീന്ദ്രൻ, എസ്എൻഡിപി ശാഖാ പ്രസിഡന്റ് എ.ജി.ചന്ദ്രൻ, എസ്‌യുസിഐ(സി) ജില്ലാക്കമ്മിറ്റിയംഗം ഇ.വി.പ്രകാശ്, വാർഡ് മെമ്പർ കെ.ബി.ശിവദാസ് എന്നിവർ വേദിയിൽ. ■

# നിർമ്മിത ബുദ്ധിയും റോബോട്ടിക്സും

**Artificial Intelligence And Robotics**

**നിർമ്മിത ബുദ്ധിയിലും(Artificial Intelligence) റോബോട്ടിക്സിലു(Robotics)മുണ്ടായ അത്ഭുതകരമായ പുരോഗതിയും ശാസ്ത്രത്തിന്റെ എല്ലാ മേഖലകളിലുളള അവയുടെ പ്രയോഗവും തികച്ചും വിസ്മയിപ്പിക്കുന്നതാണ്. ഏതാനും ദശാബ്ദങ്ങൾക്കുമുമ്പുവരെ നമുക്ക് സ്വപ്നം കാണാൻപോലും കഴിയാതിരുന്ന നേട്ടങ്ങളാണ് ഇതുവഴി ഉണ്ടായിട്ടുളളത്.**



**സ്മാ**ർട്ട് ഫോണുകളെക്കുറിച്ചോ, ഇൻറർനെറ്റിലെ വിപുലമായ വിജ്ഞാന ശേഖരത്തിൽ നിന്നും അനായാസേന വിവരങ്ങൾ ലഭ്യമാക്കുന്ന സെർച്ച് എൻജിനുകളെക്കുറിച്ചോ ഡ്രൈവറില്ലാതെ നിരത്തിലോടുന്ന കാറുകൾ സാധ്യമാകുന്നതിനെക്കുറിച്ചോ മുമ്പ് ആരെങ്കിലും ചിന്തിച്ചിട്ടുപോലും ഉണ്ടായിരുന്നോ? അല്ലെങ്കിൽ, ലണ്ടനിലുള്ള ഡോക്ടർ കൽക്കത്തയിലിരിക്കുന്ന റോബോട്ടുകളുടെ സഹായത്തോടെ അതിസൂക്ഷ്മമായ ശസ്ത്രക്രിയകൾ നടത്തുന്ന രീതിയെക്കുറിച്ച് പണ്ട് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടായിരുന്നോ? കൃഷിയിടങ്ങൾക്ക് മുകളിൽ പറന്നുകൊണ്ട് വിളകളെക്കുറിച്ചും മണ്ണിനെക്കുറിച്ചും കാലാവസ്ഥയെക്കുറിച്ചും മറ്റും കൃത്യമായ വിവരങ്ങൾ നൽകുന്ന ഡ്രോണുകളെപ്പറ്റിയോ കൃത്യമായ അളവിൽ വളവും കീടനാശിനിയും പ്രയോഗിച്ചുകൊണ്ട് അവയുടെ ഉപയോഗം ഗണ്യമായി കുറയ്ക്കുന്ന അഗ്രിബോട്ടുകളെ(Agribots-Agricultural Robots)ക്കുറിച്ചോ പണ്ട് ആർക്കും ചിന്തിക്കാൻ പോലും പറ്റുമായിരുന്നില്ല. ഉല്പാദനത്തിന്റെയും സാമൂഹ്യജീവിതത്തിന്റെയും എല്ലാ മേഖലകളിലും ഇന്ന് ഇത്തരത്തിൽ നിരവധി ഉദാഹരണങ്ങൾ കാണാൻ കഴിയും. നിർമ്മിത ബുദ്ധിയിലും റോബോട്ടിക്സിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന നിരന്തരമായ വികാസത്തിലൂടെ ഇതിലും എത്രയോ വലിയ കാര്യങ്ങൾ വരാനിരിക്കുന്നതേയുള്ളൂ. ശാസ്ത്ര-സാങ്കേതിക മേഖലകളിലെ ഇത്തരം വിസ്മയിപ്പിക്കുന്ന പുരോഗതി നിരന്തരം നടക്കുന്നത് ശാസ്ത്ര പുരോഗതിയെ പ്രോത്സാഹിപ്പിക്കുന്നില്ലെന്നതോ പോകട്ടെ ശാസ്ത്രീയ വീക്ഷണം ഉയർന്നുവരുന്നതിനെ പലരീതിയിലും തടസ്സപ്പെടുത്തുകയും, മരണാസന്ന മുതലാളിത്ത വ്യവസ്ഥിതിയെ മുന്നോട്ടു കൊണ്ടുപോകാൻ ശാസ്ത്രത്തിന്റെ സാങ്കേതിക വിദ്യയെ മാത്രം ഉപയോഗിക്കുകയും ചെയ്യുന്ന മുതലാളിത്ത വ്യവസ്ഥിതിയിലാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

**കമ്പ്യൂട്ടർ സയൻസിൽ ഉണ്ടായ വികാസം**

ഈ വിഷയം ചർച്ച ചെയ്യുന്നതിനുമുമ്പ് നിർമ്മിത ബുദ്ധിയും റോബോട്ടിക്സും എന്താണെന്ന് ചുരുക്കത്തിൽ പ്രതിപാദിക്കേണ്ടിയിരിക്കുന്നു. നിർമ്മിത ബുദ്ധി ഒരു പഠന വിഷയമെന്ന നിലയിൽ 1956ൽ തന്നെ ആരംഭിച്ചിരുന്നുവെങ്കിലും ഈ രംഗത്ത് ഇപ്പോൾ കാണുന്ന രീതിയിലുളള പുരോഗതിക്ക് ഇരുപത്തൊന്നാം നൂറ്റാണ്ടിൽ കമ്പ്യൂട്ടർ സയൻസിലുണ്ടായ മുന്നേറ്റവുമായി അടുത്ത ബന്ധമുണ്ട്. പ്രത്യക്ഷത്തിൽ മനുഷ്യനെപ്പോലെ ചിന്തിച്ച് പ്രവർത്തിക്കുന്നുവെന്ന് തോന്നുന്ന യന്ത്രങ്ങൾ രൂപകൽപ്പന ചെയ്യുവാനായി മനുഷ്യന്റെ ബുദ്ധിശക്തിയെക്കുറിച്ച് സമഗ്രമായി പഠിക്കുക എന്നതാണ് നിർമ്മിത ബുദ്ധി എന്ന ശാസ്ത്രശാഖയുടെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്ന്. പ്രയോഗിക്കുന്ന മേഖലയുടെ ആവശ്യകതയ്ക്കനുസരിച്ച് ഭാഷാശാസ്ത്രം(Linguistics), യുക്തിശാസ്ത്രം(Logic), നാഡീശാസ്ത്രം(Neuro science), മെഷീൻ ലേണിംഗ് (Mechine learning), സ്റ്റാറ്റിസ്റ്റിക്കൽ അനാലിസിസ്(Statistic-al Analysis) തുടങ്ങിയ വിവിധ ശാസ്ത്ര വിഷയങ്ങളെ ഉപയോഗിച്ച് സവിശേഷവും അത്യന്തം സാങ്കേതികവുമായ ഗവേഷണ പ്രവർത്തനങ്ങളാണ് നിർമ്മിത ബുദ്ധി എന്ന മേഖലയിൽ നടക്കുന്നത്. ഉദാഹരണമായി ഈ രംഗത്തെ ഗവേഷകർ വൻതോതിലുള്ള വിവരങ്ങൾ അതിവേഗം വിശകലനം ചെയ്ത് അനുഭവങ്ങളിൽ നിന്നും പഠിച്ചുകൊണ്ട് കൂടുതൽ ഉയർന്ന രീതിയിൽ പ്രവർത്തിക്കാനുള്ള, അത്യന്തം സങ്കീർണ്ണമായ ഗണിത ശാസ്ത്ര രീതി(Mathematical Algorithm)കളുപയോഗിക്കുന്ന കമ്പ്യൂട്ടർ പ്രോഗ്രാമുകൾ ഉണ്ടാക്കാൻ നിർമ്മിത ബുദ്ധി ഉപയോഗിക്കുന്നു. മുൻകൂട്ടി പ്രോഗ്രാം ചെയ്ത നിർദ്ദേശങ്ങൾ (Instructions) അനുസരിച്ച് യന്ത്രങ്ങൾ മനുഷ്യനുമായി മത്സരിക്കുന്ന കളികളെ (Games) ഉദാഹരണമായി എടുക്കാം. ഗണിതശാസ്ത്ര രീതികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന മെഷീൻ ലേണിംഗ് വിദ്യ(Mechine Learning Techniques)ഉപയോഗിച്ച് നിയന്ത്രിക്കപ്പെടുന്ന യന്ത്രങ്ങൾക്ക് ഓരോ കളിയിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ സൂക്ഷിച്ചുവച്ചും വിശകലനം ചെയ്തും 'അനുഭവങ്ങളി'ൽനിന്നും 'പഠിക്കാൻ' കഴിയും. ഇത്തരത്തിൽ 'നിർമ്മിത ബുദ്ധി' ഉപയോഗിക്കുന്ന റോബോട്ടുകൾ മനുഷ്യനുമായി വിജയകരമായി കളിക്കാൻ പഠിച്ചുവെന്നുമാത്രമല്ല ചെസ്സ് പോലുള്ള തന്ത്രപ്രധാനമായ മത്സരക്കളികളിൽ ലോകചാമ്പ്യൻമാരെപ്പോലും തോൽപ്പിച്ചിട്ടുമുണ്ട്.

നിർമ്മിത ബുദ്ധിയും റോബോട്ടിക്സും തമ്മിൽ വളരെയടുത്ത ബന്ധമാണുള്ളത്. യന്ത്രമനുഷ്യന്റെ (Robots) രൂപകൽപ്പനയും നിർമ്മാണവും പ്രവർത്തനവും അതുമായി ബന്ധപ്പെട്ട ആശയരൂപീകരണവുമാണ് റോബോട്ടിക്സിന്റെ പ്രതിപാദന വിഷയങ്ങൾ. നിർമ്മിത ബുദ്ധിയാകട്ടെ യന്ത്രമനുഷ്യരെ പ്രത്യേക പ്രവൃത്തികൾ 'ബുദ്ധിപരമായി' ചെയ്യാൻ സ്വയം പ്രാപ്തരാക്കുന്ന കമ്പ്യൂട്ടർ പ്രോഗ്രാമുകൾ സൃഷ്ടിക്കാനാണ് ഉപയോഗിക്കുന്നത്. ഇതുവരെ ഉപയോഗിച്ചുവന്ന, മനുഷ്യൻ നിയന്ത്രിക്കുന്ന യന്ത്രങ്ങളിൽനിന്നും വ്യത്യസ്തമായി മനുഷ്യരുടെ നിയന്ത്രണമില്ലാതെ സ്വതന്ത്രമായി പ്രത്യേക പ്രവൃത്തികൾ ചെയ്യാൻ പ്രാപ്തരാക്കപ്പെട്ട യന്ത്രങ്ങളാണ് റോബോട്ടുകൾ. (പുറത്തുനിന്നും ലഭിക്കുന്ന സന്ദേശങ്ങൾ തിരിച്ചറിയാൻ പ്രാപ്തിയുള്ള ഉപകരണങ്ങളടങ്ങിയ ഈ യന്ത്രമനുഷ്യൻ പ്രവർത്തനം ആരംഭിക്കുന്നതുതന്നെ ഇത്തരം സന്ദേശങ്ങളോട് പ്രതികരിച്ചുകൊണ്ടാണ്.) സൈബർനെറ്റിക്സും(Cybernetics) കമ്പ്യൂട്ടർ സയൻസും ഉൾപ്പെടെ വിവിധ ശാസ്ത്രശാഖകൾ ചേർന്ന ഒരു പഠനവിഷയമാണ് റോബോട്ടിക്സ്. നിർമ്മിത ബുദ്ധി ഉദയം ചെയ്യുന്നതിന് ഏതാണ്ട് ഒരു ദശാബ്ദം മുമ്പുവന്ന സൈബർനെറ്റിക്സ്, ഗണിതശാസ്ത്രം, ജീവശാസ്ത്രം, ശരീരശാസ്ത്രം ,നാഡീശാസ്ത്രം തുടങ്ങിയ ശാസ്ത്രവിഷയങ്ങളുടെ ഒരു സംയോജനമാണ്. ജീവനുള്ള വസ്തുക്കളിലും യന്ത്രങ്ങളിലുമുള്ള വാർത്താവിനിമയ നിയന്ത്രണ സംവിധാനങ്ങളാണ് സൈബർനെറ്റിക്സിന്റെ പ്രതിപാദനവിഷയം. ചില പ്രത്യേക നടപടികൾ എടുക്കാൻ പ്രേരിപ്പിക്കുന്ന ഫീഡ്ബാക്ക് ലൂപ്പുകളടങ്ങിയതാണ് വാർത്താവിനിമയ നിയന്ത്രണ സംവിധാനം. യന്ത്രമനുഷ്യന്റെ ഉല്പാദനം മാത്രമല്ല, കമ്പ്യൂട്ടർ സംവിധാനവും റോബോട്ടിക്സിൽ ഉൾപ്പെടുന്നു എന്നതാണ് മനസ്സിലാക്കേണ്ട മറ്റൊരു കാര്യം. യന്ത്രമനുഷ്യന്റെ സൃഷ്ടി എങ്ങിനെ വിവിധ മേഖലകളിൽ ഓട്ടോമേഷൻ (Automation) കൊണ്ടുവരുന്നു എന്നതുപോലെ തന്നെ കമ്പ്യൂട്ടർവൽകൃത സംവിധാനങ്ങളിലെ പ്രക്രിയകളിൽ റോബോട്ടിക്സ് ഓട്ടോമേഷൻ കൊണ്ടുവരുന്നു. ഇതിന്റെ ഫലമായി മനുഷ്യൻ കമ്പ്യൂട്ടറിൽ ചെയ്തുവന്ന ആവർത്തനസ്വഭാവമുള്ള പ്രവൃത്തികൾ ഇനി യാന്ത്രികമാക്കാം. അതായത് ഇനിമുതൽ ഇത്തരം പ്രവൃത്തികൾ ഒരിക്കലും വിശ്രമിക്കാത്ത സോഫ്റ്റ് വെയർ റോബോട്ടുകൾ അഥവാ വെർചൽ അസിസ്റ്റന്റ് (Virtual Assistant) ചെയ്യും. കമ്പ്യൂട്ടർ അഥവാ റോബോട്ടിക് പ്രോസസ് ഓട്ടോമേഷൻ(Robotic Process Automation) എന്നറിയപ്പെടുന്ന ഈ സംവിധാനം ബാങ്കിംഗ്, വിവരസാങ്കേതിക വിദ്യ, സേവന മേഖല, വ്യാപാരമേഖല തുടങ്ങിയവയിൽ വിവിധ പ്രവൃത്തികൾ ചെയ്യാൻ ഉപയോഗിക്കാം. ഇന്ന് റോബോട്ടിക് പ്രോസസ് ഓട്ടോമേഷൻ പൂർണ്ണതോതിൽ സ്ഥാപിക്കപ്പെട്ടിട്ടില്ലെങ്കിൽപോലും പല രംഗങ്ങളിലും അവയുടെ ഉപയോഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

വെർചൽ അസിസ്റ്റന്റിനെ (Virtual Assistant) ചിലപ്പോൾ ഇടപാടുകാരുമായി സംസാരിക്കാനും ഉപയോഗിക്കാറുണ്ട്. അനുഭവങ്ങളിൽ നിന്നും പഠിക്കാനുള്ള ഇവയുടെ കഴിവ് കാരണം കൂടുതൽ നല്ല രീതിയിൽ സംസാരിച്ചുകൊണ്ട് ഇടപാടുകാരിൽ ഉയർന്ന തലത്തിലുളള സംതൃപ്തി സൃഷ്ടിക്കുന്നുണ്ടെന്ന് പറയപ്പെടുന്നു. Nuance എന്ന കമ്പനിയുടെ ഡിജിറ്റൽ കസ്റ്റമർ എൻഗേജ്മെന്റ് സൊല്യൂഷൻ വിഭാഗത്തിന്റെ ജനറൽ മാനേജരായ ബെർനാർഡ് ലോവാതിന്റെ അഭിപ്രായപ്രകാരം 'ഒരു വെർചൽ അസിസ്റ്റന്റിന് മനുഷ്യന്റെ ഇടപെടലില്ലാതെതന്നെ മൊത്തം ഇടപാടുകാരുമായുള്ള സംഭാഷണങ്ങളുടെ 60-70 ശതമാനം വരെ ഇപ്പോൾ കൈകാര്യം ചെയ്യാനാവുന്നുണ്ട്- അഞ്ചുവർഷം മുമ്പ് ഇത് 25-30 ശതമാനം മാത്രമായിരുന്നു'. മുൻകൂട്ടി പ്രോഗ്രാം ചെയ്ത വോയ്സ് കമാന്റുകളും അൾഗോരിതങ്ങളും ഉൾപ്പെടുന്ന, ശബ്ദങ്ങളെ തിരിച്ചറിയാനുള്ള സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ നിർമ്മിത ബുദ്ധി ഉപയോഗിച്ച് മനുഷ്യശബ്ദം മനസ്സിലാക്കാനുള്ള ശ്രമവും നടക്കുന്നുണ്ട്. ഇതിനാകട്ടെ, ശബ്ദത്തിന്റെ അർത്ഥവും സന്ദർഭവും ഉൾക്കൊണ്ടുകൊണ്ടുമാത്രമേ കഴിയൂ എന്നതിനാൽ തികച്ചും വ്യത്യസ്തമായ തലത്തിലുള്ളതുമാണ്. യന്ത്രമനുഷ്യനെ ചോദ്യം ചോദിക്കാൻ പഠിപ്പിച്ചുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് ചില ചെറിയ കാൽവെയ്പുകൾ നടത്തിയിട്ടുണ്ട്. ജോലി സ്ഥലങ്ങളിലെ ഓട്ടോമേഷൻ കൂടുതൽ സ്വീകാര്യമാക്കാനായി വിവിധ ഉദ്ദേശങ്ങൾക്കായുള്ള, കാണാൻ മനുഷ്യനെപ്പോലുള്ള റോബോട്ടുകളെ (Humanoid Robot) കൂടുതലായി നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. പ്രസിദ്ധമായ 'സോഫിയ' എന്ന സോഷ്യൽ റോബോട്ടിന് സംസാരിക്കുമ്പോൾ വിവിധ മുഖഭാവങ്ങൾ പ്രകടിപ്പിക്കാൻ കഴിയുമെന്ന വസ്തുത ഈ രംഗത്തുണ്ടായ മുന്നേറ്റം എത്രത്തോളമായെന്ന് വ്യക്തമാക്കുന്നു. (വ്യാപാര സ്ഥാപനങ്ങൾ, ബാങ്കുകൾ,കടകൾ തുടങ്ങിയവയിൽ ഉപയോഗിക്കാവുന്ന റോബോട്ടുകളുടെ ആദ്യമാതൃകയായിരുന്നു ഇത്) ജനങ്ങളുമായി സംസാരിക്കാനും വികാരങ്ങളും സഹാനുഭൂതിയും പ്രകടിപ്പിക്കാനും കഴിവുണ്ടെന്ന് പറയപ്പെടുന്ന പേഴ്സണൽ റോബോട്ടുകളെയും നിർമ്മിച്ചിട്ടുണ്ട്. ജപ്പാനിലെ SoftBank Robotics Corporation എന്ന സ്ഥാപനം നിർമ്മിച്ച, വികാരങ്ങളും സഹാനുഭൂതിയും പ്രകടിപ്പിക്കാൻ പറ്റുമെന്ന് പറയുന്ന ആദ്യത്തെ പേഴ്സണൽ റോബോട്ടായ പെപ്പർ(Pepper) വിൽപ്പനയ്ക്ക് വെച്ചപ്പോൾ ആയിരം എണ്ണം ഒരുമിനിറ്റുകൊണ്ട് വിറ്റുപോയതായി പറയപ്പെടുന്നു. അതിനുശേഷം ഈ റോബോട്ടുകളെ വാങ്ങാനുള്ള പുതിയ ഓർഡറുകളുടെ ഒരു പ്രളയംതന്നെ ഉണ്ടാവുകയും അത് കാരണം ആ കമ്പനി ഇനിമുതൽ പുതിയ റോബോട്ടുകൾക്കുള്ള ഓർഡറുകൾ സ്വീകരിക്കില്ല എന്ന തീരുമാനമെടുക്കാൻ നിർബന്ധിതമാവുകയും ചെയ്തു. ഈ മേഖലയിലുണ്ടായ വമ്പിച്ച പുരോഗതിയുടെ വെളിച്ചത്തിൽ മനുഷ്യസ്വഭാവം റോബോട്ടുകളുടെ മേൽ ആരോപിക്കുന്ന അതിവിചിത്രമായ അവകാശവാദങ്ങളും പലപ്പോഴും ഉണ്ടായി. പക്ഷേ നമ്മൾ മനസ്സിലാക്കേണ്ടത് ഈ നേട്ടങ്ങൾ എല്ലാം എത്രതന്നെ സങ്കീർണ്ണവും ഉയർന്നതുമാണെങ്കിലും അവയെല്ലാം മെഷീൻ ലേണിംഗിന്റെയും കമ്പ്യൂട്ടർ സയൻസിന്റെയും അടിസ്ഥാനത്തിലുള്ളതാണ്. ഉദാഹരണമായി, മനുഷ്യന്റെ സംസാരം യഥാർത്ഥത്തിൽ മനസ്സിലാക്കണമെങ്കിൽ ചിന്തിക്കാനുള്ള കഴിവ്, ആശയസംഹിത, യഥാർത്ഥ വികാരങ്ങൾ തുടങ്ങി

(ശേഷം 14-ാം പേജിൽ)

**Artificial Intelligence And Robotics**

# വിസ്മയിപ്പിക്കുന്ന ശാസ്ത്രപുരോഗതിയും സാമൂഹ്യ പ്രത്യാഘാതങ്ങളും

(13-ാം പേജിൽ നിന്ന്)

യ മനുഷ്യ സഹജമായ ശേഷികളും സ്വഭാവ ഗുണങ്ങളും വേണം. ഇത് സാധ്യമാകുന്നത് മനുഷ്യന്റെ സെക്കന്റ് സിഗ്നൽ സിസ്റ്റത്തിലൂടെയാണെന്നത് ബ്രെയിൻ ഫിസിയോളജി സമർത്ഥിച്ചതാണ്. അതുകൊണ്ട് നിർമ്മിത ബുദ്ധിയും മെഷീൻ ലേണിംഗും എത്രതന്നെ വികസിച്ചാലും ഇതുപയോഗിച്ചുള്ള റോബോട്ടുകൾ ഭാവിയിൽ എത്രതന്നെ സാമർത്ഥ്യ മുള്ളവയായാലും യഥാർത്ഥത്തിലുള്ള ബുദ്ധിയും യുക്തിചിന്തയും എന്നും മനുഷ്യസഹജം മാത്രമായിരിക്കും. അതുകൊണ്ട് നമ്മൾ എപ്പോഴും മനസ്സിൽ സൂക്ഷിക്കേണ്ടതെന്തെന്നാൽ നിർമ്മിത ബുദ്ധിയുടെ നേട്ടങ്ങൾ എത്രതന്നെ കണ്ണഞ്ചിപ്പിക്കുന്നതാണെങ്കിലും അത് മനുഷ്യന്റെ ബുദ്ധിശക്തിയാൽ നിർമ്മിക്കപ്പെട്ടതാണെന്നും അതിന് അതിന്റെ നിർമ്മാതാവായ മനുഷ്യനെ ഒരിക്കലും മറികടക്കാനാവില്ലെന്നതുമാണ്.

### നാഗരികതയുടെ മുന്നേറ്റത്തിന് അപാരമായ സാധ്യതകൾ തുറക്കുന്നു

നിർമ്മിത ബുദ്ധിയിലും റോബോട്ടിക്സിലും അതിവേഗമുണ്ടായ വികാസവും ശാസ്ത്രത്തിന്റെ എല്ലാ ശാഖകളിലുമുള്ള അവയുടെ പ്രയോഗവും 'സാമർത്ഥ്യ'മുള്ള യന്ത്രങ്ങളുടെയും റോബോട്ടുകളുടെയും കമ്പ്യൂട്ടർ പ്രോഗ്രാമുകളുടെയും നിർമ്മിതിയിൽ വിപ്ലവകരമായ മുന്നേറ്റം സൃഷ്ടിച്ചിരിക്കുകയാണ്. ഇത് മനുഷ്യ സംസ്കാരത്തിനും നാഗരികതയ്ക്കുംമുന്നിൽ അപാരമായ സാധ്യതകൾ തുറക്കുകയാണ്. ജോലിയിലെ വിരസത മാറ്റിക്കൊണ്ട്, നടുവൊടിക്കുന്ന അദ്ധ്വാനത്തിന് അവധി നൽകിക്കൊണ്ട്, ആവർത്തന സ്വഭാവമുള്ളതും ശ്രമകരവുമായ ജോലികളിൽനിന്ന് മോചിതനായി, താൽപര്യമുണർത്തുന്നതും അർത്ഥവത്തായതും ക്രിയാത്മകവുമായ ജോലികളിൽ ഏർപ്പെടാൻ മനുഷ്യന് ഇത് അവസരം നൽകുന്നു. മാത്രവുമല്ല മുതലാളിത്ത വ്യവസ്ഥിതിയിൽ തൊഴിലാളികൾ ചെയ്യാൻ നിർബന്ധിതമാകുന്ന പല അപകട സാധ്യതകളുള്ള ജോലികളിൽനിന്നും അവരെ മോചിപ്പിക്കാനും റോബോട്ടുകളുടെ ഉപയോഗം കൊണ്ട് സാധ്യമാകും. റോബോട്ടിക്സിലും റോബോട്ടുകളിലും ഉണ്ടാകുന്ന പുരോഗതിയും അവ നമ്മുടെ സമൂഹത്തിൽ വ്യാപിക്കുന്നതിനുമനുസരിച്ച് ജനങ്ങൾക്ക് കുറച്ച് സമയം ജോലിചെയ്തുകൊണ്ട് കൂടുതൽ ഉല്പാദിപ്പിക്കാനുള്ള സാഹചര്യം സംജാതമാവുന്നു. അങ്ങിനെ ഓരോ മനുഷ്യനും, അവന്റെ ജോലി എന്തുതന്നെയായാലും, വിദ്യാഭ്യാസ-സാംസ്കാരിക ഉദ്യമങ്ങൾക്കായി കൂടുതൽ ഒഴിവു സമയം കണ്ടെത്തിക്കൊണ്ട് തന്റെ വ്യക്തിജീവിതവും സാമൂഹ്യജീവിതവും കൂടുതൽ അർത്ഥവത്തായതും സുന്ദരമായതുമാക്കിത്തീർക്കാൻ കഴിയുക എന്നത് ഇനി മുതൽ വെറുമൊരു ഭാവനയല്ലാതായിരിക്കുന്നു- ഈ ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ മനുഷ്യ സമൂഹത്തിന്റെ നന്മയ്ക്കായി ഉപയോഗിക്കുകയാണെങ്കിൽ മാത്രം. ഇന്ന് നിർമ്മിത ബുദ്ധിയും റോബോട്ടിക്സും എന്തെങ്കിലും നേട്ടം കൊണ്ടുവരാത്ത മേഖലകൾ വിരളമാണ്. ആരോഗ്യ പരിപാലന രംഗത്ത് മാത്രം നിരവധി നേട്ടങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്. റോബോട്ടുകൾ ഉപയാഗിച്ചുള്ള ശസ്ത്രക്രിയകൾ കുറഞ്ഞ വേദനയും മുറിവും മാത്രം ഉണ്ടാക്കുന്നതും രോഗിക്ക് അതിവേഗം സുഖം പ്രാപിക്കാൻ കഴിയുന്നവയുമാണ്. ഇനി രോഗനിർണ്ണയത്തിന്റെ കാര്യമെടുക്കാം. അർബുദ രോഗ നിർണ്ണയം നടത്താൻ സഹായിക്കുന്ന നിർമ്മിത ബുദ്ധി, ഗൂഗിൾ എന്ന കമ്പനിയുടെ മാതൃ സ്ഥാപനം വികസിപ്പിച്ചെടുത്തിരിക്കുന്നു. നിർമ്മിത ബുദ്ധി ഉപയോഗിച്ച് പല രോഗങ്ങൾക്കുമുള്ള മരുന്നുകൾ എളുപ്പത്തിലും കുറഞ്ഞ സമയത്തിനുള്ളിലും വികസിപ്പിച്ചെടുക്കാൻ കഴിയുന്നു. നേഴ്സിംഗ് രംഗത്തും നിർമ്മിത ബുദ്ധി ഉപയോഗപ്പെടുത്തുന്നുണ്ട്. അപകടംപിടിച്ച രക്ഷാപ്രവർത്തനങ്ങൾക്കുംമറ്റും റോബോട്ടുകളുടെ സഹായം അമൂല്യമാണ്. മനുഷ്യന് കടന്നുചെല്ലാൻ പറ്റാത്ത പല മേഖലകളിലുമുള്ള പര്യവേഷണത്തിന് റോബോട്ടുകൾ കൂടിയേ തീരൂ. ഉദാഹരണത്തിന്, അടുത്തകാലത്തായി ഫുക്കുഷിമയിൽ ഒരു പൈപ്പിൽക്കൂടി കടത്താൻ മാത്രം വലുപ്പമുള്ള ഒരു റോബോട്ടിനെ ഉപയോഗിച്ച് ഉരുകിയ ഒരു ന്യൂക്ലിയർ റിയാക്ടറിന്റെ ആന്തരികഭാഗം പരിശോധിക്കുകയുണ്ടായി. അതിനാൽ നിർമ്മിത ബുദ്ധിയിലും റോബോട്ടിക്സിലും നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന വികാസത്തിന് ജീവിതത്തിന്റെ എല്ലാ മേഖലകളിലും അതുപോലെ തന്നെ ഉല്പാദന രംഗത്തും വിപ്ലവകരമായ പുരോഗതി ഉണ്ടാക്കാൻ കഴിയുമെന്നതിനും അതേപോലെതന്നെ കാലാവസ്ഥാ വ്യതിയാനമുൾപ്പെടെ മനുഷ്യസമൂഹം അഭിമുഖീകരിക്കുന്ന പല അടിയന്തര പ്രാധാന്യമുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുമെന്നതിലും തർക്കമില്ല. പക്ഷേ ഇന്നത്തെ മുതലാളിത്ത വ്യവസ്ഥിതിയിൽ ഈ ഉജ്ജ്വലമായ നേട്ടങ്ങൾ എന്തിന് വേണ്ടിയാണ് ഉപയോഗിക്കാൻ പോകുന്നത് എന്നതാണ് പ്രസക്തമായ ചോദ്യം. ഫ്യൂഡലിസത്തിലെ ഇരുണ്ട കാലഘട്ടത്തിനുപുറത്തേയ്ക്ക് സമൂഹത്തെ നയിച്ച ശാസ്ത്രീയ ചിന്താഗതിയെ പരിപോഷിപ്പിക്കുന്നതിനും സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിനുംവേണ്ടി വാദിച്ച മുതലാളിത്തമല്ല ഇന്ന് നിലനിൽക്കുന്നത്. പണ്ട് അന്നത്തെ സാമൂഹിക ആവശ്യകതയെ പൂർത്തീകരിക്കാനായി, ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും സഹായത്തോടെ ഉല്പാദനത്തിൽ വിപ്ലവകരമായ മുന്നേറ്റം സൃഷ്ടിച്ചുകൊണ്ട് മുതലാളിത്തം സമൂഹത്തെ പുരോഗതിയിലേയ്ക്ക് നയിച്ചു. പക്ഷേ ഇന്ന് മുതലാളിത്തം പ്രതിലോമകരമായി മാറിയിരിക്കുന്ന ഘട്ടത്തിൽ അത് ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും മുന്നേറ്റത്തിന് പലരീതിയിലും വിഘാതം സൃഷ്ടിക്കുകയാണ്. അതുപോലെതന്നെ പണ്ട് ഹിരോഷിമയിലും നാഗസാക്കിയിലും ആറ്റം ബോംബുകൊണ്ടുള്ള ആക്രമണത്തിലൂടെ ഭീകരത സൃഷ്ടിച്ചതുപോലെ ഇന്ന് മുതലാളിത്തം ഈ ശാസ്ത്രത്തിന്റെ നേട്ടങ്ങളെ സമൂഹത്തിനെതിരെ വീണ്ടും ഉപയോഗിക്കാനുള്ള സാധ്യതയും നിലനിൽക്കുന്നുണ്ട്.

### നിർമ്മിതബുദ്ധി ദുരുപയോഗം ചെയ്യുന്ന മുതലാളിത്തം

നിർമ്മിത ബുദ്ധിയിലും റോബോട്ടിക്സിലുമുള്ള ഗവേഷണത്തിനായി പ്രതിരോധ വകുപ്പുകൾ പണം ചെലവാക്കുന്നു എന്നത് ഉൽക്കണ്ഠ ഉളവാക്കുന്ന ഒരു വസ്തുതയാണ്. ഉദാഹരണമായി, അമേരിക്കയിൽ യൂണിവേഴ്സിറ്റികളിലും കമ്പനികളിലും നിർമ്മിത ബുദ്ധിയിലും റോബോട്ടിക്സിലുമുള്ള ഗവേഷണങ്ങൾ സ്പോൺസർ ചെയ്തുകൊണ്ടിരിക്കുന്നത് Defence Advanced Research Projects Agency(DARPA) ആണ്. കൂടാതെ DARPA വിവിധങ്ങളായ കഴിവുകളുള്ള റോബോട്ടുകൾ വികസിപ്പിക്കാൻ ഉയർന്ന സംഖ്യ പാരിതോഷികം നൽകിക്കൊണ്ട് നിരവധി മത്സരങ്ങൾ ആവർത്തിച്ച് സംഘടിപ്പിക്കുന്നുണ്ട്. വർഷങ്ങളായി നടക്കുന്ന ഇത്തരം മത്സരങ്ങൾ നിർമ്മിത ബുദ്ധിയുടെയും റോബോട്ടിക്സിന്റെയും മേഖലകളിൽ വൻതോതിലുള്ള പുരോഗതിയുണ്ടാക്കിയിട്ടുണ്ട്. ഇപ്പോൾ മൃഗങ്ങളുടെയോ പ്രാണികളുടെയോ യന്ത്രങ്ങളുടെയോ എന്തിന് മനുഷ്യന്റെതന്നെ രൂപത്തിലും വലുപ്പത്തിലുമുള്ളതും പലരീതിയിലുള്ള കഴിവുകളുള്ളതും വിവിധ ആവശ്യകതകൾ നിറവേറ്റാൻ ഉതകുന്നതുമായ നിരവധി റോബോട്ടുകളെ സൃഷ്ടിച്ചിട്ടുണ്ട്. 180 കിലോഗ്രാം ഭാരം എടുത്തുകൊണ്ട് ഏതുതരം പ്രതലത്തിലും സഞ്ചരിക്കാവുന്ന, സെൻസറുകൾ ഉപയോഗിച്ച് ആരെയെങ്കിലും പിന്തുടരാൻ കഴിയുന്ന, അല്ലെങ്കിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം ഉപയോഗിച്ച് ഒരു പ്രത്യേക സ്ഥലത്ത് എത്തിച്ചേരാൻ കഴിയുന്ന നായയുടെ രൂപത്തിലുള്ള റോബോട്ട്(Robotic Dog) ഒരുദാഹരണമാണ്. ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റവും വീഡിയോ ക്യാമറയും ഉപയോഗിച്ച് പ്രത്യേക സ്ഥലത്തു പോയി വീഡിയോ ദൃശ്യങ്ങൾ എടുക്കാൻ കഴിവുള്ളതും പരസ്പരം കൂട്ടിമുട്ടാതെ പറക്കാൻ കഴിവുള്ളതുമായ റോബോട്ട്-ശലഭങ്ങൾ (Robot Dragon Flies )മറ്റൊരുദാഹരണമാണ്. രക്ഷാപ്രവർത്തനങ്ങൾക്കും മറ്റ് ജനോപകാരപ്രദമായ ആവശ്യങ്ങൾക്കും ഇതൊരു വിലപ്പെട്ട സംഭാവനയാണ്. അതുപോലെതന്നെ ഇത്തരം റോബോട്ടുകളെ സൈനിക ആവശ്യങ്ങൾക്കും ഉപയോഗിക്കാനാവുന്നവയാണെന്നത് വ്യക്തമാണ്. അമേരിക്കൻ സൈന്യം ഇറാക്കിലും അഫ്ഗാനിസ്ഥാനിലും ആയിരക്കണക്കിന് റോബോട്ടുകളെ ഉപയോഗിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇവയിലൊന്നുംതന്നെ ആയുധങ്ങൾ ഘടിപ്പിച്ചിട്ടുണ്ടായിരുന്നില്ല. 'സാമൂഹ്യ പ്രവർത്തനങ്ങൾ'ക്കും 'സംഘാടന'ത്തിനും പേരുകേട്ട ഉറുമ്പുകളുടെ 'സാമൂഹ്യ സ്വഭാവം' പ്രകടിപ്പിക്കുന്ന 'Bionic ants' നെ സൃഷ്ടിക്കാനുള്ള ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. വളരെ ചെറിയവയായതിനാൽ ഇവയെ എഞ്ചിനീയറിംഗ് ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയില്ല. പകരം ത്രീഡി പ്രിന്റിംഗിലൂടെയാണ് ഇവയെ സൃഷ്ടിക്കുന്നത്.

ശാസ്ത്രീയമായി വളരെയധികം സാധ്യതകളുള്ളതാണെങ്കിൽപ്പോലും അവസാനം പറഞ്ഞ രണ്ടുതരം റോബോട്ടുകളെ ദുരുപയോഗം ചെയ്യാനുള്ള സാധ്യതയും കൂടുതലാണ്. കാരണം ആയുധ വ്യവസായ സ്ഥാപനങ്ങൾ യുദ്ധരംഗത്തേയ്ക്കായി റോബോട്ട് സൈനികരെയും(Robot Soldier) കൊലയാളി റോബോട്ടുകളെയും (Killer Robot) സൃഷ്ടിക്കാനുള്ള ശ്രമത്തിലാണ്. ഈ വിഷയത്തിൽ അതീവ ഉൽക്കണ്ഠ രേഖപ്പെടുത്തിക്കൊണ്ട് നിർമ്മിത ബുദ്ധി-റോബോട്ടിക്സ് മേഖലകളിലെ വിദഗ്ദ്ധർ ഇതിന്റെ അപകടത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. സ്വയം നിയന്ത്രിത ആയുധ(Autonomous Weapon) രംഗത്തെ വിദഗ്ദ്ധൻ പോൾ സ്കാർ റോബോട്ടുകളുടെ കൂട്ടത്തിന് യുദ്ധരംഗത്ത് കൂടുതൽ വിനാശകാരിയായ മാറ്റം വരുത്താനുള്ള കഴിവുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ട്. ഇതൊന്നും വെറും ഊഹാപോഹങ്ങളല്ല. വർദ്ധിച്ചുവരുന്ന കമ്പോള പ്രതിസന്ധി കാരണം മുതലാളിത്ത വ്യവസ്ഥിതിയുടെ നിലനിൽപ്പ് തന്നെ അപകടത്തിലായിരിക്കുമ്പോൾ സമ്പദ്ഘടനയുടെ സൈനിക വൽക്കരണം, അതായത് ആയുധ നിർമ്മാണത്തിലൂടെ സമ്പദ്ഘടനയ്ക്ക് കൃത്രിമമായ ഉത്തേജനം നൽകേണ്ടതും പ്രാദേശികമായ സംഘർഷങ്ങളും യുദ്ധങ്ങളും ഉണ്ടാക്കിക്കൊണ്ട് ഈ ആയുധങ്ങൾക്ക് വിപണി കണ്ടെത്തേണ്ടതും ആവശ്യകതയായിരിക്കുകയാണ്. തദ്ഫലമായി സൈനിക മേധാവിത്വത്തിനും ആയുധക്കമ്പോളത്തിലെ മേധാവിത്വത്തിനും സ്വയം നിയന്ത്രിത ആയുധങ്ങൾ ഉൾപ്പെടെയുള്ള ആയുധവിപണിയിൽ അമേരിക്ക, ചൈന, റഷ്യ, ബ്രിട്ടൺ, തുടങ്ങിയ മുതലാളിത്ത-സാമ്രാജ്യത്വ രാജ്യങ്ങൾ ആയുധപ്പന്തയത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. പെന്റഗൺ പ്രഖ്യാപിച്ച Third Offset Stra-tegy, റോബോട്ടിക്സ്, ഓട്ടോണമസ് സിസ്റ്റംസ്, ബിഗ്ഡാറ്റാ തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്നുവെന്നത് ഇതിന്റെ വ്യക്തമായ സൂചനയാണ്. ഇതിനെത്തുടർന്ന് 2017 ജൂലൈയിൽ ചൈന അവതരിപ്പിച്ച അതിന്റെ Next Generation Artificial Intelligence Development Planൽ നിർമ്മിത ബുദ്ധിക്ക് നിർണ്ണായകമായ സ്ഥാനമാണ് നൽകിയിരിക്കുന്നത്.

ബിബിസി ന്യൂസും ന്യൂയോർക്ക് ടൈംസും റിപ്പോർട്ട് ചെയ്തതനുസരിച്ച് ഗൂഗിളിന്റെ മാതൃസ്ഥാപനം വൻലാഭം ലഭിക്കുന്ന പെന്റഗണിന്റെ 'Maven' പ്രോജക്ട് എടുത്തപ്പോൾ അത് കമ്പനിക്കുള്ളിൽ വൻതോതിലുള്ള പ്രതിഷേധത്തിന് ഇടയാക്കി. ഈ പ്രോജക്ട് അമേരിക്കയുടെ ഡ്രോണുകൾ എടുത്ത വീഡിയോ ഇമേജുകളെ നിർമ്മിത ബുദ്ധി ഉപയോഗിച്ച് വ്യാഖ്യാനിക്കാനും നഗരങ്ങളെ മുഴുവൻ നിരീക്ഷിച്ചുകൊണ്ട് കൂടുതൽ സൂക്ഷ്മമായി ഉന്നം വയ്ക്കാനും ഉദ്ദേശിച്ചുള്ളതാണ്. നിർമ്മിത ബുദ്ധി ഉപയോഗിച്ച് മാരകായുധങ്ങൾ നിർമ്മിക്കാനുള്ള ഗൂഗിളിന്റെ ഈ ആദ്യ പദ്ധതിയിൽ ഉത്കണ്ഠാകുലരായ ആയിരക്കണക്കിന് ഗവേഷകരും ഈ രംഗത്തെ വിദഗ്ദ്ധരും ഇതിൽ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് കമ്പനിക്ക് കത്തയയ്ക്കുകയും നിരവധി ഗവേഷകർ ജോലി രാജിവയ്ക്കുകയും ചെയ്തു. ഈ പ്രോജക്

(ശേഷം 15-ാം പേജിൽ)

Artificial Intelligence And Robotics

# ശാസ്ത്രനേട്ടങ്ങളുടെ മുതലാളിത്ത ദുരുപയോഗത്തിനെതിരെ ജാഗ്രത പാലിക്കുക

*(14-ാം പേജിൽ നിന്ന്)*

ട് തുടരുന്നത് ഗൂഗിളിന്റെ അടിസ്ഥാന മൂല്യങ്ങളുടെയും, Don't be Evil എന്ന മോട്ടോയുടെയും ലംഘനവും നൈതിക-ധാർമ്മിക ഉത്തരവാദിത്തത്തിൽനിന്നുള്ള ഒഴിഞ്ഞുമാറലുമാണെന്ന് അവർ വാദിച്ചു. ഇതിന്റെയൊക്കെ ഫലമായി പ്രതിരോധ രംഗത്ത് ഏറ്റെടുക്കാൻ പോകുന്ന കരാറുകൾക്ക് മാർഗ്ഗദർശകമായി ഒരു തത്വസംഹിത ഉണ്ടാക്കാമെന്ന് ഗൂഗിൾ കമ്പനി വാഗ്ദാനം ചെയ്തു.

മുതലാളിത്ത വ്യവസ്ഥിതി എങ്ങിനെയാണ് അതിന്റെ ലാഭക്കൊതി ശാസ്ത്ര-സാങ്കേതിക രംഗത്തേക്ക് വ്യാപിപ്പിക്കുന്നത് എന്നതിന് ഇതിലും പ്രകടമായ മറ്റെന്ത് ഉദാഹരണമാണുള്ളത്? സൈനികവൽക്കരിക്കപ്പെട്ട ഒരു സമ്പദ്ഘടന അതിലെ വിദഗ്ദ്ധൻമാർക്കും ശാസ്ത്രജ്ഞൻമാർക്കും സൃഷ്ടിക്കുന്ന ധാർമ്മിക-നൈതിക ദുരവസ്ഥയ്ക്ക് ഇതിലും നല്ല എന്തുദാഹരണമാണുള്ളത്? പക്ഷേ വലിയൊരു വിഭാഗം ശാസ്ത്രജ്ഞരും ഈ രംഗത്തെ വിദഗ്ദ്ധരും തങ്ങളുടെ ധാർമ്മിക-നൈതിക ഉത്തരവാദിത്തം നിറവേറ്റുമെന്ന് ഉറപ്പിച്ചു പറഞ്ഞുകൊണ്ട് മുന്നോട്ട് വരുന്നുണ്ടെന്നത് ഒരു പ്രത്യാശാകിരണമാണ്. നിർമ്മിത ബുദ്ധി-റോബോട്ടിക്സ് രംഗങ്ങളിലെ ആയിരക്കണക്കിന് വിദഗ്ദ്ധർ വിവിധ രാജ്യങ്ങളിൽ സ്വയം നിയന്ത്രിത ആയുധങ്ങൾക്കെതിരെ, അവ മനുഷ്യരാശിയ്ക്കുണ്ടാക്കാൻ പോകുന്ന വൻവിപത്തിനെതിരെ മുന്നറിയിപ്പ് നൽകിക്കൊണ്ട് നടത്തിയ പ്രചാരണത്തിന്റെ ഫലമായാണ് മേൽപ്പറഞ്ഞ പ്രതിഷേധ പരിപാടികൾ നടന്നത്. വെടിമരുന്നിനും അണ്വായുധത്തിനും ശേഷം യുദ്ധരംഗത്തുണ്ടായ മൂന്നാം വിപ്ലവം എന്നു വിശേഷിപ്പിക്കപ്പെടുന്ന സ്വയം നിയന്ത്രിത ആയുധങ്ങൾ വികസിപ്പിക്കുന്നത് നിരോധിക്കാൻ ഒരു അന്താരാഷ്ട്ര ഉടമ്പടി വേണമെന്ന് നിർമ്മിത ബുദ്ധി-റോബോട്ടിക്സ് രംഗങ്ങളിലെ 3,978 ഗവേഷകരും മറ്റ് രംഗങ്ങളിലുള്ള ശാസ്ത്രജ്ഞൻമാർ, പ്രൊഫസർമാർ, ബുദ്ധിജീവികൾ എന്നിവരുൾപ്പെടെ 22,541 പേരും ഒപ്പിട്ട ഒരു തുറന്ന കത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി. നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന ആയുധങ്ങൾ ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ വിന്യസിക്കാൻ നിയമപരമായിട്ടല്ലെങ്കിലും പ്രായോഗികമായി സാധ്യമാണെന്ന കാര്യം ഊന്നിപ്പറഞ്ഞുകൊണ്ട് അവർ ഇപ്രകാരം ഒരു സുപ്രധാന വസ്തുത ഉയർത്തിക്കാട്ടി: 'അണ്വായുധങ്ങളിൽനിന്നും വ്യത്യസ്തമായി 'സ്വയം നിയന്ത്രിത ആയുധങ്ങൾ' നിർമ്മിക്കാൻ വിലകൂടിയതോ ലഭിക്കാൻ ബുദ്ധിമുട്ടുള്ളതോ ആയ വസ്തുക്കൾ ആവശ്യമില്ലാത്തതിനാൽ അവ സർവ്വവ്യാപിയും കുറഞ്ഞ ചിലവിൽ എല്ലാ സൈനിക ശക്തികൾക്കും വൻതോതിൽ ഉല്പാദിപ്പിക്കാൻ കഴിയുംവിധവും ആകും'. അവർ ഇപ്രകാരം മുന്നറിയിപ്പ് നൽകി: 'ഇത്തരം ആയുധങ്ങൾ കരിഞ്ചന്തയിലും ഭീകരരുടെ കൈകളിലും എത്തിച്ചേരാൻ അധികം താമസമില്ല'. അവർ വീണ്ടും ഊന്നിപ്പറഞ്ഞു:'മനുഷ്യസമൂഹത്തിന് വളരെയധികം പ്രയോജനം ചെയ്യാൻ നിർമ്മിത ബുദ്ധിക്ക് അപാരമായ സാധ്യതകളുണ്ട്, അത് ചെയ്യുക എന്നതു തന്നെയാകണം ഈ മേഖലയുടെ ലക്ഷ്യവും. നിർമ്മിത ബുദ്ധി ഉപയോഗിച്ചുള്ള ആയുധപ്പന്തയം എന്നത് നികൃഷ്ടമായ ആശയമാണ്. ആക്രമണത്തിനായുള്ള സ്വയം നിയന്ത്രിത ആയുധങ്ങൾ നിരോധിച്ചുകൊണ്ട് അതിനെ തടയണം'.

സ്വയം നിയന്ത്രിത ആയുധങ്ങൾക്കെതിരെയുള്ള ഇവരുടെ പ്രചാരണ പ്രവർത്തനങ്ങളെ ജനാധിപത്യ വിശ്വാസികളും സമാധാന കാംക്ഷികളുമായ എല്ലാ ജനങ്ങളും തീർച്ചയായും സർവ്വാത്മനാ സ്വാഗതം ചെയ്യും. പക്ഷേ അതിലുപരിയായി എല്ലാ രാജ്യങ്ങളിലും സാമ്രാജ്യത്വ വിരുദ്ധ മുന്നേറ്റങ്ങളിലൂടെ സ്വയം നിയന്ത്രിത ആയുധങ്ങളുടെ ഉല്പാദനത്തിനെതിരെ പൊതുജനാഭിപ്രായം രൂപീകരിച്ചെടുക്കേണ്ടതിന്റെ അടിയന്തിരാവശ്യകതയുണ്ട്.

പക്ഷേ, സ്വയം നിയന്ത്രിത ആയുധങ്ങളുടെ ആസന്നമായ ഈ അപകടത്തോടൊപ്പം മറ്റൊരു അപകട ഭീഷണിയും മുതലാളിത്ത വ്യവസ്ഥിതിയിൽ ഉയർന്നുവരുന്നുണ്ട്. ലോകമെമ്പാടും ജോലി സ്ഥിരതയും സ്ഥിരജോലിയും ഒരു പഴങ്കഥയാക്കി മാറ്റിക്കൊണ്ട് കുറഞ്ഞ ശമ്പളത്തിൽ കൂടുതൽ ജോലി ചെയ്യേണ്ടി വരുന്ന താൽക്കാലികാടിസ്ഥാനത്തിലുള്ള കരാർ തൊഴിലുകൾ നിലവിൽ വന്നുകൊണ്ടിരിക്കുമ്പോൾ എങ്ങിനെയാണ് ഈ ഓട്ടോമേഷൻ ജനങ്ങളെ ബാധിക്കാൻ പോകുന്നത്? നിർദ്ദാക്ഷിണ്യമുള്ള ചൂഷണം നിലനിൽക്കുന്ന തൊഴിൽ രംഗം ഇപ്പോൾതന്നെ ജനങ്ങളെ വീർപ്പുമുട്ടിച്ചുകൊണ്ടിരിക്കുകയാണ്. മുതലാളിത്ത വ്യവസ്ഥയിൽ വളർന്നുകൊണ്ടിരിക്കുന്ന ഓട്ടോമേഷൻകൊണ്ട് എന്തുപയോഗമാണ് സാധാരണ ജനങ്ങൾക്കുണ്ടായത്? ലാഭം പരമാവധി വർദ്ധിപ്പിക്കാനായി വളരെയധികം ജനങ്ങളെ തൊഴിലിൽ നിന്നും നീക്കം ചെയ്യുവാൻ മാത്രമാണ് മുതലാളിത്തം യന്ത്രവൽക്കരണത്തെ ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണമായി ആപ്പിൾ, ഗൂഗിൾ, ആമസോൺ എന്നീ കമ്പനികൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുന്ന സാങ്കേതിക രംഗത്തെ ഭീമൻ കമ്പനിയായ Foxconn, 2016-ൽ 60,000 ഫാക്ടറി തൊഴിലാളികൾക്ക് പകരം റോബോട്ടുകളെ ഉപയോഗിച്ചു. നിർമ്മിത ബുദ്ധി ഉപയോഗിച്ചുള്ള യന്ത്രവൽക്കരണം കാരണം വിവര സാങ്കേതികവിദ്യ രംഗത്തെ കുറഞ്ഞ വൈദഗ്ധ്യം ആവശ്യമുള്ള 30-40 ശതമാനം ജോലികൾ ഇല്ലാതാവുമെന്ന് പല കമ്പനി മേധാവികളും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. വിവര സാങ്കേതികവിദ്യ രംഗത്തെ നമ്മുടെ രാജ്യത്തെ സംഘടനയായ NASS-COM (The National Association of Software and Services Comp-anies) ഈ മേഖലയിൽ ജോലി ചെയ്യുന്ന 40 ശതമാനം പേരെങ്കിലും അടുത്ത അഞ്ച് വർഷങ്ങൾക്കുള്ളിൽ പുതിയ സാങ്കേതിക വിദ്യകൾ പഠിക്കുകയും പുതിയ വൈദഗ്ധ്യങ്ങൾ ആർജ്ജിക്കുകയും ചെയ്താലേ തൊഴിൽ നഷ്ടം നിയന്ത്രിച്ചുനിർത്താൻ പറ്റുകയുള്ളൂ എന്ന് അഭിപ്രായപ്പെട്ടു (The Times of India 09-05-2017). Business Process Out-sourcing (BPO) മേഖലകളിൽ 2020 ആകുമ്പോഴേക്കുതന്നെ തൊഴിൽ നഷ്ടപ്പെടാൻ തുടങ്ങുമെന്നത് ഇപ്പോൾതന്നെ അംഗീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു വസ്തുതയാണ്. പക്ഷേ ജനങ്ങളെ മാനസികമായി പരുവപ്പെടുത്തിയെടുക്കാൻ, നഷ്ടപ്പെടുന്ന തൊഴിലുകൾക്ക് പകരമായി പുതിയ തരം തൊഴിലുകൾ സൃഷ്ടിക്കപ്പെടുമെന്നും ആ സാഹചര്യം ഉപയോഗപ്പെടുത്താനായി പുതിയ വൈദഗ്ധ്യങ്ങൾ ആർജ്ജിക്കേണ്ടതുമുണ്ടെന്നുമുള്ള നുണ പ്രചാരണം മുതലാളി വർഗ്ഗം ബോധപൂർവ്വം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനുപുറമേ, വൈവിധ്യങ്ങളായ വൈദഗ്ധ്യങ്ങൾ ആർജ്ജിച്ചുകൊണ്ട് ആകർഷകമായ ഉയർന്ന ശമ്പളമുള്ള ജോലി സ്വായത്തമാക്കാൻ ധാരാളം ഉപദേശങ്ങളും ഇവർ ജനങ്ങൾക്ക് വിളമ്പിക്കൊണ്ടിരിക്കുന്നുണ്ട്. ശോഭനമായ ഭാവിയെക്കുറിച്ച് പറയുകയും അതോടൊപ്പംതന്നെ തൊഴിൽ മേഖലയിൽനിന്നും പുറത്താവുന്നത് മാറിയ സാഹചര്യത്തിനനുസരിച്ച് പുതിയ വൈദഗ്ധ്യങ്ങൾ നേടാൻ ശ്രമിക്കാത്തവരാണെന്നുമുള്ള സന്ദേശം വ്യംഗ്യമായി കൊടുക്കാനും ശ്രമിക്കുന്ന ഒരു ദ്വിമുഖ തന്ത്രമാണ് ഇപ്പോൾ കണ്ടുവരുന്നത്. ഈ രീതിയിൽ ഇപ്പോൾ നിലനിൽക്കുന്ന തൊഴിലുകൾപോലും വെട്ടിച്ചുരുക്കാൻ വഴിതെളിക്കാനുള്ള ശ്രമം മുതലാളിത്ത വ്യവസ്ഥിതി ആരംഭിച്ചുകഴിഞ്ഞു.

ബിസിനസ്സ് പ്രോസസ്സ് ഔട്ട്സോഴ്സിംഗ് രംഗത്തും വിവര സാങ്കേതികവിദ്യ രംഗത്തും ഉണ്ടാകുമെന്ന് പ്രവചിച്ച തൊഴിൽ നഷ്ടം ഒരു തുടക്കം മാത്രമാണ്. ബാങ്കിംഗ്, നിർമ്മാണ മേഖല, ഖനനം, സാമൂഹ്യമേഖല, സേവന മേഖല തുടങ്ങിയ ഉല്പാദനത്തിന്റെയും തൊഴിലിന്റെയും എല്ലാ രംഗങ്ങളിലും ഓട്ടോമേഷൻ (Automa-tion) നിശ്ചയമായും വരാൻ പോകുകയാണ്. McKinsey Global Institute ന്റെ അടുത്തകാലത്തെ റിപ്പോർട്ട് പ്രകാരം 2030 ആകുമ്പോഴേയ്ക്കും ഇപ്പോഴുള്ള ആകെ തൊഴിലുകളുടെ മൂന്നിൽരണ്ട് ഭാഗത്ത് ചുരുങ്ങിയത് 30 ശതമാനം പ്രവർത്തനങ്ങളിലെങ്കിലും ഓട്ടോമേഷനുണ്ടാവുകയും അത് 800 മില്യൺ തൊഴിലുകളെ ബാധിക്കുകയും ചെയ്യും.

ഇന്ന് നിർമ്മിത ബുദ്ധി-റോബോട്ടിക്സ് മേഖലയിലുണ്ടായ അത്ഭുതകരമായ നേട്ടങ്ങളും ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും മേഖലകളിലുണ്ടായ അതിശയിപ്പിക്കുന്ന മുന്നേറ്റവും മനുഷ്യ ജീവിതത്തെ സമ്പുഷ്ടമാക്കിക്കൊണ്ട് വമ്പിച്ച സാമൂഹിക പുരോഗതി കൈവരിക്കാനുള്ള അനന്ത സാധ്യതകൾ സൃഷ്ടിക്കുമ്പോൾ മുതലാളിത്ത വ്യവസ്ഥിതി ഈ മുന്നേറ്റം ഉപയോഗപ്പെടുത്തുന്നത് ലാഭത്തിനു വേണ്ടി ജനങ്ങളെ ബലിയാടാക്കാനും എല്ലാ തരത്തിലുമുള്ള യാതനകളും പീഡനങ്ങളും ജനങ്ങൾക്ക് നൽകിക്കൊണ്ട് സാമൂഹ്യപുരോഗതിയെ തടസ്സപ്പെടുത്താനുമാണെന്നത് തികച്ചും വിരോധാഭാസമാണ്. എന്നാൽ ഈ വിഷയത്തിൽ ചിന്താക്കുഴപ്പം ഉണ്ടാകേണ്ടതില്ല. നിർമ്മിത ബുദ്ധിയിലും റോബോട്ടിക്സിലുമുണ്ടായ വമ്പിച്ച വികാസമല്ല മറിച്ച് കാലഹരണപ്പെട്ട മുതലാളിത്തമാണ് പ്രശ്നങ്ങളുണ്ടാക്കുന്നത്. ശാസ്ത്ര-സാങ്കേതിക രംഗത്തുണ്ടാകുന്ന വളർച്ചയിലൂടെ നിർബാധം വളർന്നു വികസിക്കുന്ന ഉല്പാദന ശക്തികളും മാറ്റമില്ലാതെ സ്ഥായിയായി നിൽക്കുന്ന മുതലാളിത്ത ഉല്പാദന ബന്ധവും തമ്മിലുള്ള അപരിഹാര്യമായ വൈരുദ്ധ്യം എങ്ങിനെ സാമൂഹ്യ പുരോഗതിയെ തടസ്സപ്പെടുത്തുന്നുവെന്നതാണ് ഇതിലൂടെ വ്യക്തമാകുന്നത്. അതുകൊണ്ട് നിർമ്മിത ബുദ്ധിയിലും റോബോട്ടിക്സിലും ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലുമുണ്ടായ അതിശയിപ്പിക്കുന്ന വികാസത്തിന്റെ അപകടകരമായ ദുരുപയോഗം ഉണ്ടാക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഒരേയൊരു മാർഗ്ഗം കാലഹരണപ്പെട്ട മുതലാളിത്ത വ്യവസ്ഥിതി ഇല്ലാതാക്കി സോഷ്യലിസ്റ്റ് വ്യവസ്ഥിതി സ്ഥാപിച്ചെടുക്കുക എന്നത് മാത്രമാണ്. ഇതിനു മാത്രമേ ശാസ്ത്രത്തെയും സാങ്കേതിക വിദ്യയെയും മുതലാളിത്തത്തിന്റെ ലാഭാർത്തിയുടെ പിടിയിൽനിന്നും മോചിപ്പിച്ചുകൊണ്ട് സമൂഹത്തിന്റെ നിർബാധമായ മുന്നേറ്റത്തിനും പുരോഗതിക്കുമായി പൂർണ്ണമായി ഉപയോഗിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാനാവൂ. ഇത് വെറുമൊരു സിദ്ധാന്തമല്ല. മറിച്ച്, മൊത്തം സമൂഹത്തിന്റെ ബൗദ്ധികവും സാംസ്കാരികവുമായ ആവശ്യകതയെ പരമാവധി തൃപ്തിപ്പെടുത്താനായി ഉല്പാദനം നടത്തിയ സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ജനജീവിതത്തിന്റെ എല്ലാ മേഖലകളിലുമുണ്ടായ ഉയർച്ചയും വികാസവും തെളിയിച്ച വസ്തുതയുമാണ്. ഉയർന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉല്പാദന പ്രക്രിയയെ നിരന്തരം വികസിപ്പിച്ചുകൊണ്ട് മുന്നോട്ട് പോയ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ സമ്പദ്ഘടനയ്ക്കും ശാസ്ത്രത്തിനും സാങ്കേതിക വിദ്യയ്ക്കും ഉണ്ടായ പുരോഗതിയുടെ ഫലമായി സ്റ്റാലിൻ അദ്ദേഹത്തിന്റെ നിര്യാണത്തിന് തൊട്ടുമുൻപ് സോവിയറ്റ് യൂണിയനിൽ തൊഴിൽ സമയം ആറോ അല്ലെങ്കിൽ അഞ്ചോ മണിക്കൂറായി കുറയ്ക്കുന്നതിനെക്കുറിച്ചും ശമ്പളം ഇരട്ടിയാക്കുന്നതിനെക്കുറിച്ചും എല്ലാവർക്കും ഉയർന്ന സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിനെക്കുറിച്ചും ആലോചിക്കുകയുണ്ടായി. ഇത് നടന്നത് നിർമ്മിത ബുദ്ധിയെക്കുറിച്ച് കേട്ടിട്ടുപോലുമില്ലാത്ത കാലത്താണെന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്.

സാമൂഹ്യ വികാസത്തിന്റെ നിയമങ്ങൾക്കനുസരിച്ച് സമ്പദ്ഘടനയിലെ ഉല്പാദന ബന്ധത്തിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയിൽ ആണ് ഇന്ന് നാം എത്തിനിൽക്കുന്നത്. അതിനായി, നിർമ്മിത ബുദ്ധിയിലും റോബോട്ടിക്സിലുമുണ്ടായ വമ്പിച്ച മുന്നേറ്റത്തെ ദുരുപയോഗം ചെയ്യുന്നതിനെതിരെ ലോകമെമ്പാടുമുള്ള ജനാധിപത്യ വിശ്വാസികളെയും സമാധാന കാംക്ഷികളെയും ഒരുമിപ്പിച്ചുകൊണ്ട് ശക്തമായ സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭം വളർത്തിയെടുക്കുക എന്നതാണ് നമ്മുടെ അടിയന്തര കർത്തവ്യം. ■

Date of publishing 01/11/2018
REGISTERED
R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY
MALAYALAM MONTHLY

Vol.45 No.7
Price : Rs 5.00
November 2018

‘ശാസ്ത്രത്തെ സമൂഹവുമായി ഉദ്ഗ്രഥിക്കുക’

## ബ്രേക്ത്രൂ സയൻസ് സൊസൈറ്റി സംഘടിപ്പിക്കുന്ന

# ദേശീയ ശാസ്ത്ര സമ്മേളനം

### 2018 ഡിസംബർ 15,16 ● കൊൽക്കത്ത

ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധശാസ്ത്ര സംഘടനയായ ബ്രേക്ത്രൂ സയൻസ് സൊസൈറ്റി ‘ശാസ്ത്രവും സമൂഹവുമായുള്ള ഉദ്ഗ്രഥനം’ (Integrating Science with Society) എന്ന വിഷയത്തിൽ ഒരു ദേശീയ ശാസ്ത്ര സമ്മേളനം നടത്തുന്നു എന്നറിയുന്നത് ആശാവഹമായ ഒന്നാണ്. 2018 ഡിസംബർ 15,16 തീയതികളിൽ കൊൽക്കത്തയിലെ ജാദവ്പൂർ സർവ്വകലാശാലയിലെ ഗാന്ധി ഭവനിലാണ് സമ്മേളനം നടക്കുന്നത് എന്നാണ് ബ്രേക് ത്രൂ സയൻസ് സൊസൈറ്റിയുടെ ഔദ്യോഗിക ഭാരവാഹികൾ അറിയിച്ചിരിക്കുന്നത്.

ഇന്ത്യയിലിന്ന് വൈജ്ഞാനികരംഗത്ത് ദൃശ്യമാകുന്ന ഉത്കണ്ഠാജനകമായ പല പ്രശ്നങ്ങളുടെയും പശ്ചാത്തലത്തിൽ പ്രതീക്ഷയുടെ കിരണങ്ങൾ ചൊരിയുന്നതാണ് ഈ സമ്മേളനമെന്ന് പ്രതീക്ഷിക്കാം. വിശ്വപ്രസിദ്ധ ഭാരതീയ ശാസ്ത്രജ്ഞൻ ജയന്ത് വി.നർലിക്കർ ഈ സമ്മേളന പ്രമേയത്തോട് സർവ്വാത്മനാ യോജിച്ചുകൊണ്ട് പങ്കെടുക്കുമെന്നത് ശുഭോദർക്കമാണ്.

അന്തർദ്ദേശീയ തലത്തിൽ ശാസ്ത്രത്തിന്റെ വിവിധ മേഖലകളിൽ ഗണ്യമായ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന നിരവധി ശാസ്ത്രജ്ഞർ ഇന്ന് ഇന്ത്യയിലുണ്ട്. ഹിഗ്സ് ബോസോണിന്റെ അസ്തിത്വം സ്ഥാപിച്ച വിഖ്യാതമായ എൽഎച്ച്സി(Large Hydron Collider) പരീക്ഷണത്തിലും ഗുരുത്വാകർഷണ തരംഗങ്ങളുടെ ഉണ്മ സ്ഥാപിച്ച പരീക്ഷണങ്ങളിലുമെല്ലാം ഇന്ത്യൻ ശാസ്ത്രജ്ഞർക്ക് നിർണ്ണായകമായ പങ്കാളിത്തമുണ്ടായിരുന്നു. പക്ഷേ, കേന്ദ്രത്തിലെയും വിവിധ സംസ്ഥാനങ്ങളിലെയും രാഷ്ട്രീയാധികാരം കയ്യാളുന്ന പലരുടെയും പല ഔദ്യോഗിക സംഘടനകളുടെ ദേശീയ മേധാവികളുടെയും തികച്ചും അശാസ്ത്രീയവും അബദ്ധജടിലവുമായ ജല്പനങ്ങൾമൂലം ഇന്ത്യൻ ശാസ്ത്ര സമൂഹം ലോകത്തിനുമുന്നിൽ ലജ്ജാഭാരം നിമിത്തം ചൂളി നിൽക്കേണ്ടുന്ന അവസ്ഥയും ഈയിടെ സംജാതമായിട്ടുണ്ട്. പൗരാണിക ഭാരതീയ ശാസ്ത്ര നേട്ടങ്ങളെക്കുറിച്ചുള്ള അതിരുകടന്ന അവകാശ വാദങ്ങളും പരിണാമസിദ്ധാന്തത്തെ അടച്ചാക്ഷേപിക്കുന്ന, മന്ത്രിമാരുൾപ്പടെയുള്ളവരുടെ പരിഹാസങ്ങളും പശുവിനെച്ചുറ്റിപ്പറ്റിയുള്ള മഹത്വവത്ക്കരണ ശ്രമങ്ങളുമെല്ലാം ആവർത്തിച്ചുകൊണ്ടേയിരിക്കുകയാണല്ലോ. ചില വ്യക്തികളുടെ അമിതാവേശം കൊണ്ടുണ്ടാകുന്ന അപഭ്രംശങ്ങളെന്ന നിലയിൽമാത്രം കാണാൻ കഴിയുന്നതല്ല ഇത്; മറിച്ച് ഇന്ത്യൻ വൈജ്ഞാനിക രംഗത്തെ ആഴത്തിൽ ബാധിച്ചിട്ടുള്ള ചില ഗുരുതരങ്ങളായ പ്രശ്നങ്ങളുടെ പ്രതിഫലനങ്ങളായാണ് ഇവയെ മനസ്സിലാക്കേണ്ടത്.

എണ്ണമറ്റ വിവിധങ്ങളായ മാർഗ്ഗങ്ങളിലൂടെ ശാസ്ത്രം, ആധുനിക മനുഷ്യജീവിതത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. ശാസ്ത്രത്തിന്റെ നേട്ടങ്ങളും അതുനൽകുന്ന സൗകര്യങ്ങളും വളരെ സ്വാഭാവികമെന്ന നിലയിൽ നമ്മുടെ ജീവിതത്തിന്റെ ഭാഗമാണിന്ന്. ഒരു സ്വിച്ചിടുമ്പോൾ പ്രകാശം ചൊരിയുന്ന വൈദ്യുതിയെക്കുറിച്ച് നാം അത്ഭുതപ്പെടാറില്ല. സമാനമായ ശാസ്ത്രനേട്ടങ്ങൾ പലതും അത്രമേൽ നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. പക്ഷേ ശാസ്ത്രമെന്നത് കേവലം സാങ്കേതികവികാസവുമായി മാത്രം ബന്ധപ്പെട്ടതാണ് എന്ന ധാരണയും ഇതൊടൊപ്പമുണ്ടാകുന്നുണ്ട്. ശാസ്ത്രം ഒരു ലോകവീക്ഷണരീതിയാണ്; വസ്തുപ്രപഞ്ചത്തെ നിരീക്ഷിക്കാനും മനസ്സിലാക്കാനുമുള്ള വ്യതിരിക്തമായ മാർഗ്ഗമാണത്. പ്രകൃതിയെ വസ്തുനിഷ്ഠമായി മനസ്സിലാക്കാനുള്ള സവിശേഷമായ ഒരു രീതിശാസ്ത്രം മനസ്സിലുറപ്പിക്കുന്ന ശാസ്ത്രത്തിന് സാമൂഹിക പ്രതിബദ്ധതയുമുണ്ട്. ശാസ്ത്രത്തിന്റെ ദർശനമാകട്ടെ, പ്രാചീനമോ ആധുനികമോ ആയ മറ്റുപല ദാർശനിക പദ്ധതികളിൽനിന്നും തുലോം വ്യത്യസ്തവുമാണ്. എന്നാൽ ഖേദകരമാണ്, നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ സമ്പ്രദായം ശാസ്ത്രത്തിന്റെ സാങ്കേതിക വശങ്ങളിലാണ് കൂടുതലായൂന്നുന്നത്. സയൻസിന്റെ രീതിശാസ്ത്രത്തിനും അതിന്റെ ദർശനത്തിനും വീക്ഷണരീതിക്കും അപ്രസക്തമായ പരിചരണം മാത്രമേ ലഭിക്കുന്നുള്ളു. നമ്മുടെ വിദ്യാഭ്യാസം, പ്രത്യേകിച്ച് സ്കൂൾ തലത്തിലെ വിദ്യാഭ്യാസം വിവേകത്തോടെ ചിന്തിക്കാനും യുക്തിപരമായി പ്രവർത്തിക്കാനും കുട്ടികളെ പരിശീലിപ്പിക്കുന്ന ഒന്നല്ല. ശാസ്ത്രീയ മനോഘടന സ്വാംശീകരിക്കാനും പ്രോത്സാഹിപ്പിക്കാനും പൗരന്മാരെ ഉദ്ബോധിപ്പിക്കുന്ന ഒരു ഭരണഘടന നമുക്കുണ്ടെങ്കിലും കാര്യകാരണബദ്ധമായ ചിന്ത, വസ്തുനിഷ്ഠത, ദൃഢമായ ചോദ്യംചെയ്യൽ മനോഭാവം തുടങ്ങിയ ഗുണവിശേഷങ്ങളൊന്നുംതന്നെ ഇന്ത്യൻ സമൂഹത്തിന്റെ മനോഘടനയിൽ വേരോടിയിട്ടുള്ളതായി നാം കാണുന്നില്ല. നമ്മുടെ സമൂഹത്തിനും ശാസ്ത്രത്തിനുംതന്നെ കോട്ടം വരുത്തുന്ന തരത്തിൽ സമൂഹവും ശാസ്ത്രവുംതമ്മിൽ ഒരു വിടവ് രൂപംകൊണ്ടിരിക്കുന്നു. ദയനീയമായ ജീവിത സാഹചര്യങ്ങളിൽനിന്ന് ഉയർന്ന് മനുഷ്യോചിതമായി ജീവിക്കുവാൻ വലിയൊരു വിഭാഗം ജനങ്ങൾക്കും സാധിക്കാതെ വരുന്ന ഇന്ന് സാമൂഹിക പിന്തുണയുടെ അഭാവത്തിൽ നമ്മുടെ ശാസ്ത്രരംഗവും ക്ഷീണിതമായിക്കൊണ്ടിരിക്കുകയാണ്.

ഈ സന്ദിഗ്ദ്ധാവസ്ഥയിൽ നടക്കുന്ന ശാസ്ത്രസമ്മേളനം അതിൽ ചർച്ചചെയ്യാൻ പോകുന്ന വിഷയങ്ങളുടെ പ്രാധാന്യം കൊണ്ട് നമ്മുടെ ശാസ്ത്രരംഗത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം നിർണ്ണായകമാണ്.

ശാസ്ത്രത്തിന്റെ ദർശനം, ശാസ്ത്രീയ മനോഭാവത്തിന്റെ രൂപീകരണം, ശാസ്ത്ര പ്രയോഗത്തിലെ നൈതികത, ശാസ്ത്ര വിദ്യാഭ്യാസത്തിന്റെ നവീകരണം എന്നിങ്ങനെ നാല് സുപ്രധാന മേഖലകളെ അധികരിച്ചുനടക്കുന്ന സമ്മേളന സെഷനുകളിൽ ഭാരതത്തിലെ ഇന്നത്തെ ശാസ്ത്രരംഗത്തെ തലയെടുപ്പുള്ള നിരവധി ഉന്നതരായ ശാസ്ത്രജ്ഞർ പങ്കെടുക്കുന്നുണ്ട്.

നാമുൾപ്പെടെയുള്ള വസ്തുപ്രപഞ്ചത്തിന്റെ പൊരുളറിയാനുള്ള ശരിയായ രീതിശാസ്ത്രമേത് എന്നത് കഴിഞ്ഞ രണ്ട് നൂറ്റാണ്ടായുള്ള തർക്ക വിഷയമാണ്. ഒന്നിനു പകരം മറ്റൊന്ന് എന്ന തരത്തിൽ അവതരിപ്പിക്കപ്പെടുന്ന ഭൗതികവാദം, ആശയവാദം, പോസിറ്റിവിസം, ഉത്തരാധുനികത, അത്മീയവാദം തുടങ്ങിയ പല പദ്ധതികളും ബൗദ്ധിക മേഖലയിലെ ആധിപത്യത്തിനായി പോരാടിക്കൊണ്ടിരിക്കുന്നുണ്ട്. ഇവിടെ പ്രധാനപ്പെട്ട ഒരു കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ വസ്തുനിഷ്ഠമായ പ്രപഞ്ചത്തിലെ പ്രതിഭാസങ്ങളെക്കുറിച്ച് പഠിക്കുമ്പോൾ ശാസ്ത്രജ്ഞർ, അവരവരുടെ വിശേഷാവഗാഹ മേഖലകളിൽ വസ്തുനിഷ്ഠമായൊരു സമീപനംകൈക്കൊണ്ടു മാത്രമേ സത്യത്തിലെത്താൻ കഴിയൂ എന്നതിനാൽ, അറിഞ്ഞോ അറിയാതെയോ വസ്തുനിഷ്ഠവും ഭൗതികവാദപരവുമായ രീതിശാസ്ത്രം സ്വീകരിക്കുന്നുണ്ട്. പക്ഷേ സ്വന്തം സവിശേഷ മേഖലയിൽ നിന്ന് പുറത്തുകടക്കുമ്പോൾ പലരും മേൽപ്പറഞ്ഞ വിവിധങ്ങളായ ദാർശനിക പദ്ധതികളുടെ സ്വാധീനത്തിൽപ്പെട്ടുപോകുന്നതായി കാണാം. ശാസ്ത്രജ്ഞർ ബോധപൂർവ്വം സ്വീകരിക്കേണ്ടുന്ന ദർശനത്തെക്കുറിച്ചുള്ള ആഴത്തിലുള്ള ഉൾക്കാഴ്ച ഈ മേഖലയിലെ ചർച്ച പ്രദാനം ചെയ്യുമെന്ന് പ്രതീക്ഷിക്കാം.

സാധാരണ ജനങ്ങളുടെ മനസ്സിൽ ശാസ്ത്രീയ മനോഘടന സ്ഥാപിച്ചെടുക്കാനുള്ള വഴികളെക്കുറിച്ചും അശാസ്ത്രീയ ധാരണകളും അന്ധവിശ്വാസങ്ങളും രൂഢമൂലമായ സമൂഹ മനസ്സിനെ ശാസ്ത്രത്തിന്റെ സഹായത്തോടെ പ്രഭാപൂരിതമാക്കാനുള്ള ശ്രമങ്ങളെക്കുറിച്ചുമുള്ള അന്വേഷണങ്ങൾ സ്വാഭാവികമായും സമ്മേളനത്തിലുണ്ടാകും. ശാസ്ത്രഗവേഷണ രംഗത്തെ അനാരോഗ്യ പ്രവണതകളെ ദൂരീകരിച്ച് നമ്മുടെ ശാസ്ത്രരംഗത്തെ ശുദ്ധീകരിക്കുന്നതിനെയും ശാസ്ത്രവിജ്ഞാനവും മനോഘടനയും പ്രദാനം ചെയ്യുന്ന കാര്യത്തിൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വരുത്തേണ്ട നവീകരണ പ്രക്രിയകളെയും കുറിച്ച് വിദഗ്ദ്ധാഭിപ്രായം രൂപീകരിക്കാനും സമ്മേളനം ഉദ്ദേശിക്കുന്നു.

ശാസ്ത്രീയേതരവും പലപ്പോഴും ശാസ്ത്രവിരുദ്ധവുമായ ചിന്താഗതികൾക്ക് നമ്മുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾവരെ വേദിയാകുന്ന ഇക്കാലത്ത് അത്യന്തം മഹത്തരമെങ്കിലും ഇടക്കാലത്ത് കാളിമയാർന്നുപോയ നമ്മുടെ ശാസ്ത്രരംഗത്തെ ഗുണപരമായി മാറ്റിയെടുക്കുവാനുള്ള ഒരു കാൽവയ്പ്പെന്ന നിലയിൽ ശാസ്ത്രകുതുകികളുടെ സവിശേഷ ശ്രദ്ധയും സഹകരണവും ഈ സമ്മേളനം ആവശ്യപ്പെടുന്നുണ്ട്. ■




Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.